


DHARMARAM COLLEGE
LIBRARY
BANGALORE-29

തിരുസഭാപോഷിണി.



1248

ഗ്രന്ഥകർത്താ,

എസ്സ്. തോമ്മസ്.

അയിരൂർ.

"ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകളും എനിക്കുണ്ട്;
അവയേയും ഞാൻ കൊണ്ടുവരേണ്ടതാകുന്നു. അവ
എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻകൂട്ടവും
ഒരിടയനും ആകും"

യോഹ. 10: 16.

"സഭയേയും കൂട്ടാക്കാഞ്ഞാൽ അവൻ നിനക്ക് പുറജാതിക്കാരനും,
ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടെ"

മത്തായി 18: 17.

ശ്രീ ദ യ ശ്രു ക്രി സ്തു.

DHARMARAM COLLEGE
LIBRARY
BANGALORE-29

കോപ്പി 1000.

വില അണ 4

സി. പി. എം. എം. പ്രസ്സ്,

കോഴഞ്ചേരി.

1107.

IMPRIMATUR.

✠ Theophilos Bishop of Tiruvalla.

Catholic Bishop's House.
1—10—1932.

M/280.1
THO



S.N. 422

II: 1
422

LITTLE FLOWER MONASTERY
MANAPURAM.

ACHARYA PALACKAL JEEVASS KENDRAM
LIBRARY
17980
ALWAYE



കത്തോലിക്കു സഭയിലേക്ക് 20. 9. '30-ൽ പുനരൈക്യപ്പെട്ട

ബഥനി അതിശ്രേഷ്ഠയുടെ | തിരുവല്ലാ ശ്രേഷ്ഠയുടെ

മ. വ. ദിവ്യശ്രീ മാർ | നി. വ. ദിവ്യശ്രീ

ഈവാനിയോസ് മെത്രാപ്പോലീത്താ | മാർ തിയോഫിലോസ് മെത്രാൻ

തിരുമനസ്സുകൊണ്ട്. | തിരുമനസ്സുകൊണ്ട്.

പ്രസ്താവന.



ബഥനിവക പ്രസിദ്ധീകരണങ്ങളും കത്തോലിക്ക പ്രേഷകന്മാരും അഹമഹമികയോടുകൂടി നടത്തിയ മതപ്രചരണ കൃത്യങ്ങളുടെ ഫലമായി അസ്സാദ്ധശന്മാരുടെ ഹൃദയവേദികളിൽ കത്തോലിക്ക മതതത്വങ്ങളും ചരിത്രങ്ങളും കടന്നുതുടങ്ങി. ദൈവത്തിന്റെ ഏകതിരുസഭ യാക്കോബായസഭ മാത്രമാണെന്ന പൂർണ്ണമായി വിശ്വസിച്ചുകൊണ്ടിരുന്നവരിൽ പലരും സ്വന്തസഭയുടെ വിശ്വാസോപദേശങ്ങളും ചരിത്രങ്ങളും സശ്രദ്ധം പഠിക്കയും പരിശോധിക്കയും ചെയ്യുന്നതിൽ തീവ്രശ്രമം ചെയ്തു. യാക്കോബായ വാദരംഗത്തിൽ ഒരുവക വിജയ ശ്രീമാനായി ജീവിക്കാൻ മതിയായ പാണ്ഡിത്യവും വാദപ്രതിവാദ നൈപുണ്യവും സിദ്ധിക്കുന്നതിനു മേൽപ്രസ്താവിച്ച ശ്രമം സഹായമായി ഭവിച്ചു. എന്നാൽ കാലക്രമേണ കത്തോലിക്ക വാദമുഖങ്ങളുടെ നിർദ്ദയമായ മർദ്ദനാധിക്യത്താലും യാക്കോബായ സഭയിലെ നവീകരണ ഉദ്ദേശത്താലും യാക്കോബായ വാദരംഗത്തിൽനിന്നും തിരോധാനം ചെയ്യാതെ ഗത്യന്തരമില്ലെന്നുള്ള നിലയിലെത്തി. ആധുനിക യാക്കോബ്യരിൽ ഭ്രരിപക്ഷവും പുരാതന വിശ്വാസങ്ങൾക്ക് പ്രതിക്രൂലമായി പ്രസംഗിക്കയും പ്രബോധിപ്പിക്കയും ചെയ്യുന്നതുമൂലമുണ്ടായ ഹൃദയവ്യഥ ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടിരുന്നു. സഭയെപ്പറ്റിയുള്ള പുരാതന ബോധനത്തിന് കാലാന്തത്തിലുണ്ടായ വ്യതിചലനംമാത്രം നോക്കിയാൽ മേൽപ്രസ്താവിച്ചതിന്റെ യാഥാർത്ഥ്യം സുവ്യക്തമാകുന്നതാണ്. 'യാക്കുബായക്കാർ' എന്നുള്ള നാമധേയത്തെക്കുറിച്ച് പരേതനായ നി. വ. ദി. ശ്രീ. സ്ലീബാ മാർഒസ്താത്യോസ് ബാവാ തിരുമനസ്സുകൊണ്ട് സുറിയാനിയിൽ എഴുതിയിക്കയും പിന്നീട് ആയതിനെ മലയാളത്തിൽ തർജ്ജമ ചെയിക്കയും ആ തർജ്ജമ വ. ദി. ശ്രീ. വട്ടശ്ശേരിൽ ഗീവറുഗീസു പാർഥ്യോസ് (മലങ്കരമെത്രാപ്പോലീത്താ) പരിശോധിക്കയും അ

നന്തരം അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തുകയുംചെയ്തിട്ടുണ്ട്. ആ പുസ്തകത്തിൽ യാക്കോബായ സഭയെക്കുറിച്ചുള്ള വിശ്വാസം താഴെപ്പറയുന്ന വിധത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1. യാക്കൂബിന്റെ പേർ ഇന്ന ആളുടെമേൽ ഇരിക്കുന്നവോ അവർ രക്ഷിക്കപ്പെട്ട ജനമാണു. അവനു രക്ഷയുണ്ടായപ്രകാരം തന്നെ അവന്റെ പേരിൽ വിളിക്കപ്പെട്ടവരും രക്ഷിക്കപ്പെട്ടവരായിരിക്കും. പുറം 10.

2. യാക്കൂബായ എന്ന പേർ ഇതിനു നാമകരണം ചെയ്തിരിക്കുന്നവൻ ദൈവം തന്നെയാകുന്നു. പുറം 112.

3. യാക്കൂബുർട്ടാനാ മൂലം യിസ്രയേലായ യാക്കൂബായ സഭ അറിയപ്പെട്ടു. പുറം 100.

4. യാക്കൂബു എന്ന ഒരുവനാൽ തന്നെ ദൈവസഭയായ 'ബെസിൻ' നിവൃത്തിയാക്കപ്പെട്ടുകയും യാക്കൂബിനാടുത്തതു എന്നു വിളിക്കപ്പെട്ടുകയും ചെയ്തു. പുറം 59.

5. പഴയനിയമത്തിലും പുതിയനിയമത്തിലും യാക്കൂബ് സഭാപിതാവും അതിനെ വിവാഹം പറഞ്ഞു ബോധിക്കുന്നവനും ആകുന്നു. സഭയുടെ ആരംഭം അവൻമൂലമുണ്ടായിരിക്കുന്നു. അവൻ സഭയുടെ പിതാവായിരിക്കകൊണ്ടു സഭയും അവന്റെ പേരിൽ വിളിക്കപ്പെടണം. പുറം 21.

6. സർവ്വലക്ഷണങ്ങളും സാദൃശങ്ങളും ദൃഷ്ടാന്തങ്ങളും നിറഞ്ഞിരിക്കുന്നതും നമുക്ക് യോഗ്യമായിരിക്കുന്നതുമായ ഈ പ്രശംസയുള്ള പേരു് നമുക്ക് ലഭിച്ചിരിക്കുന്നതു് നാം അതിനെ സ്വയമേവ തിരഞ്ഞെടുത്തതായിട്ടല്ല പിന്നെയോ ദൈവം നമുക്കതിനെ മനസ്സോടെ തന്നതാകുന്നു. പുറം 12.

7. അവൻ യാക്കോബു് ഗൃഹത്തിന്നു് എന്നേക്കും രാജാവായിരിക്കും. ലൂക്കോ. 1: 33.

8. ഞാൻ കർത്താവിന്നുള്ളവനാണെന്നു് ഒരുത്തൻ പറയും. മറെറാരുത്തൻ യാക്കൂബിന്റെ പേരു ചൊല്ലി അവന്റെ പേരിൽ തന്നത്താൻ വിളിക്കും എന്നു് ഏശായാദീർഘദർശനമായി പറഞ്ഞിരിക്കുന്നു. ഏശായാ. 44: 5.

യാക്കോബായ സഭയുടെ ജന്മദേശത്തുനിന്നും ആഗതനായ ഒസ്താത്യോസുബാവായും പണ്ഡിതാഗ്രേസരനായ മലങ്കരമെത്രാപ്പോലീത്തായും ഒന്നുപോലെ സമ്മതിച്ചിട്ടുള്ള ഒരു പുസ്തകത്തിന്റെ പലവശങ്ങളിൽനിന്നും എട്ടു സംഗതികൾ മേൽ ഉദ്ധരിച്ചിട്ടുണ്ട്. യാക്കോബായ സഭയുടെ നാമധേയം ദൈവദത്തമാണെന്നും, ദീർഘദർശന നിവൃത്തിയാണെന്നും, ആ നാമം വിളിക്കപ്പെട്ടവർക്ക് മാത്രമേ രക്ഷയുള്ളൂ എന്നും മറ്റും ആ പുസ്തകത്തിൽ യുക്തിയുക്തമായി പ്രതിവാദിച്ചിരിക്കുന്നതിനെ ഇന്നത്തെസ്ഥിതി ചൊവ്വാകപ്പെട്ട സുറിയാനി സഭക്കാർ അശേഷം സമ്മതിക്കുന്നതല്ല. പൗരസ്ത്യകാതോലിക്കാ ബാവായെ അനുസരിക്കുന്ന ഓത്തോഡക്സോ സുറിയാനി സഭാംഗങ്ങളിലുൾപ്പെട്ട പല പ്രധാന പ്രസംഗകന്മാരും പറയുന്നതു യാക്കോബ്യർ എന്നുള്ള അഭിധാനം റോമൻകത്തോലിക്കർ പരിഹാസപരമായി പ്രദാനം ചെയ്തിട്ടുള്ളതെന്നത്രെ. ഓരോ കാലത്തു ഓരോ ആവശ്യങ്ങൾക്കു വേണ്ടി പലമാതിരി സംജ്ഞകൾ യാക്കോബ്യർ സ്വീകരിച്ചിട്ടുണ്ടെന്നുള്ളതിലേക്കു അവരുടെ റിക്കാർട്ടുകൾ തന്നെ ഉത്തമസാക്ഷ്യങ്ങളാണ്. റോമൻകത്തോലിക്കർ ആക്ഷേപസൂചകമായി യാക്കോബായസഭയെന്നു പേരുവിളിച്ചിട്ടുള്ളതാണെന്നുള്ള ജല്പനക്കാരുടെ ശങ്കാവിഹീനതപം കെങ്കേമംതന്നെ. ഈ നാമത്തെ സാവ്ത്രിക സൂനഹദോസിനു മുമ്പോ പിമ്പോ തിരുസഭ യാക്കോബായ സഭ എന്നുള്ള പേരിലല്ല അറിയപ്പെട്ടിരുന്നതു. സൂനഹദോസിന്റെ ശേഷം കാതോലികസഭ എന്നുള്ള പേരിലാണു ആ സഭ അറിയപ്പെട്ടുന്നതു്. കാതോലിക്കാ സഭയിൽ വിശ്വസിക്കുന്നതായിട്ടല്ലാതെ യാക്കോബായ സഭയിൽ വിശ്വസിക്കുന്നതായി അവർ തന്നെ സമ്മതിക്കുന്നില്ല. ഈ ഏക കാരണത്താൽതന്നെ യാക്കോബായ സഭ തിരുസഭയല്ലെന്നു് സിദ്ധിക്കുന്നു. ഏക കത്തോലിക്കാസഭയുടെ ഐക്യത്തിൽ നിന്നും വേർപെട്ടതും അഞ്ചാം നൂറ്റാണ്ടിൽ ശ്രുവൽക്കരിക്കപ്പെട്ടതുമായ ഒരു നൂതന സഭയാണു് യാക്കോബായ സഭയെന്നുള്ള പാരമാർത്ഥ്യം ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ള യാക്കോബായ രേഖകൾ കൊണ്ടുതന്നെ എനിക്ക് ഉത്തമബോധ്യം വന്നതു

കൊണ്ടുക്രടെയാണ് ഞാൻ കാതോലിക പുനരൈക്യത്തിന് വ
ശംവദനായിതീർന്നത്. "തിരുസഭമുഖാന്തിരമല്ലാതെ ഒരാത്മാ
വും രക്ഷിക്കപ്പെടുകയില്ലെന്ന് വേദപുസ്തകവും പിതാക്കന്മാരും
പാരമ്പര്യവും ഐകകണ്ഠ്യേന നമ്മെ പഠിപ്പിക്കുന്നു" എന്നു
പരേതനായ ഇടവഴിക്കൽ മിസ്റ്റർ ഇ. എം. പിലിഫ് ശ്രേഷ്ഠാ
ന്മതിയുള്ള ഒരു പുസ്തകത്തിന്റെ പ്രസ്താവനയിൽ രേഖപ്പെ
ടുത്തിയിരിക്കുന്നതും സഭാപരിവർത്തനത്തിലേക്ക് എന്നെ പ്രേ
രിപ്പിച്ച സപ്തസ്തലികം തന്നെ. ജനനം മുതൽ പുനരൈ
ക്യമുഹൂർത്തംവരെ എനിക്കാവശ്യമുള്ള സകല സംരക്ഷണങ്ങളും
ഉപദേശങ്ങളും നൽകിത്തരുന്നതിൽ ബദ്ധശ്രദ്ധയോടുകൂടി അ
നവരതം പ്രവർത്തിച്ചിട്ടുള്ള യാക്കോബായ സഭാധ്യക്ഷന് നിർ
വ്യാജമായ കൃതജ്ഞതയെ പ്രദർശിപ്പിച്ചുകൊണ്ട് തിരുസഭാമാ
താവിന് സപ്രാഗതം ആശംസിച്ചുകൊള്ളട്ടെ.

നിതാന്തവന്ദ്യദിവ്യമഹിമശ്രീ മാർഈവാനിയോസ് മെ
ത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 1106-ാമാണ്ട് തുലാമാസം
11-ാംനു- അയിരൂർ കത്തോലിക്ക് ബഥനിപ്പള്ളിയിൽ എഴ
ന്നള്ളിയപ്പോൾ, ഞാൻ കത്തോലിക്ക് സഭയോട് പുനരൈക്യ
പ്പെടുകയും അവിടുത്തെ അപ്പസ്തോലിക ഹസ്തങ്ങളിൽ നിന്നും
ആശീർവാദങ്ങൾ പ്രാപിക്കയും ചെയ്ത എന്നുള്ളതു് എന്നെ
സംബന്ധിച്ചിടത്തോളം ആനന്ദസന്ദായകവും പരിപാവനവു
മായ ഒരു മഹൽസംഭവം തന്നെയാണ്. ഏകദേശം മൂന്നര്യാ
ഴവട്ടക്കാലത്തോളം യാക്കോബായ സഭാംഗമായി ജീവിതം ന
യിച്ചുകൊണ്ടിരുന്ന എനിക്ക് ആ സഭയിലും സപകുടുംബത്തിലു
മായി അനേകം സ്നേഹിതന്മാരുണ്ട്. ഞാൻ എന്തുകൊണ്ട് ക
ത്തോലിക്കനായി? എന്നുള്ള അവരുടെ ചോദ്യത്തിന് ഒരുത്ത
രം ക്രടെയാകട്ടെ എന്നു കരുതിയാണ് ഇക്കൃതി അവതരിപ്പി
ക്കുന്നതു്. ഈ ഗ്രന്ഥരചനയ്ക്ക് ആധാരമായി സ്വീകരിച്ചിട്ടു
ള്ള കൃതികളിൽ സിംഹഭാഗവും യാക്കോബ്യരുടേതും അവർ
അംഗീകരിക്കുന്നവയുമാണ്. അതിനാൽ സത്യാന്വേഷികളായ
യാക്കോബ്യരുടെ ജ്ഞാനതൃഷ്ണയെ തൃപ്തിപ്പെടുത്തുന്നതിൽ അ
വ പര്യാപ്തമായിരിക്കുമെന്നും വിശ്വസിക്കുന്നു. ഈ പുസ്തക

ത്തിന്റെ രണ്ടാം ഭാഗമായി ചേർത്തിട്ടുള്ളതു്, ഇൻഡ്യയിലെ എ
കകത്തോലിക്കാ പ്രതിദിനപ്പത്രമായിരുന്ന "നസ്രാണിദീപിക"
യിൽ ഖണ്ഡശ്ശാപ്രസിദ്ധപ്പെടുത്തിയിട്ടുള്ള എന്റെ ലേഖനപര
മ്പരകളാണു്. ഏതെങ്കിലും സഭകളെയോ അധ്യക്ഷന്മാരെ
യോ ഇതരവ്യക്തികളെയോ അധിക്ഷേപിക്കണമെന്നുള്ള ഉദ്ദേ
ശത്തിൽ യാതൊന്നും ഇതിൽ ചേർത്തിട്ടില്ലെന്നും വല്ലഭാഗവും
വല്ലവർക്കും കണ്ടിത കാരണമായിതീർന്നിട്ടുള്ള പക്ഷം മനഃപൂർവ്വ
മായി ഒന്നുംതന്നെ ചെയ്തിട്ടില്ലെന്നുമുള്ള സത്യാവസ്ഥ ഉൽബോ
ധിപ്പിച്ചുകൊള്ളട്ടെ.

ഗ്രന്ഥനിർമ്മാണത്തിലുള്ള പരിചയക്കുറവിനാലോ പ്രജ്ഞാ
വിഹീനതയാലോ ഈ പുസ്തകത്തിൽ സാരമായ വല്ല സ്ഖ
ലിതങ്ങളും വന്നുപോയിട്ടുള്ളപക്ഷം സഹൃദയന്മാർ അവയെ
അറിയിക്കണമെന്നും അടുത്തപതിപ്പിൽ വേണ്ട ശ്രദ്ധപതിച്ചു
കൊള്ളാമെന്നും ആഗ്രഹിക്കുന്നു.

ഈ പുസ്തകം അച്ചടിച്ചു തരുന്നതിലേക്ക് നാനാപ്രകാര
ത്തിൽ സഹായസഹകരണ പ്രോത്സാഹനങ്ങൾ ചെയ്തന്നിട്ട
ള്ള കോഴഞ്ചേരി, സി. പി. എം. എം. പ്രസ്സ് ഭാരവാഹിക
ളോട് എനിക്കുള്ള അകൈതവമായ കൃതജ്ഞതയെക്കൂടി പ്രകാ
ശിപ്പിച്ചുകൊണ്ടും "തിരുസഭാപോഷിണി"യുടെ പ്രചുരപ്രചാര
ത്തിലേക്ക് സത്യാന്വേഷണ തല്പരന്മാരായ സഹൃദയന്മാരോടും
പ്രശ്രയപൂർവ്വം പ്രാർത്ഥിച്ചുകൊണ്ടും ഈ പ്രസ്താവന അവസാനി
പ്പിച്ചുകൊള്ളുന്നു.

അയിരൂർ.
3—7—1107

എസ്സ്. തോമസ്സ്.

തിരുസഭാ പോഷിണി

ഒന്നാംഭാഗം

സംഗതിവിവരം.

പ്രസ്താവന.		പുറം
i	യാക്കോബായസഭയുടെ ആവിർഭവം	1—12
ii	അന്ത്യോക്യാപാത്രിയക്കീസ്	13—14
iii	യാക്കോബ്യരുടെ പുനരൈക്യശ്രമങ്ങൾ	15—17
iv	ശീശ്മയും ഇടത്തുട്ടും	17—25
v	ശീശ്മയും ഇടത്തുട്ടും സംബന്ധിച്ച് തിരുസഭ അംഗീകരിച്ചിട്ടുള്ള നയം	25—30
vi	ആത്മരക്ഷാർത്ഥം സ്ഥാപിക്കപ്പെട്ട തിരുസഭ	30—46
vii	കാതോലിക പുനരൈക്യ ഫലങ്ങൾ.	46—

രണ്ടാം ഭാഗം

യാക്കോബായ സഭയിലെ നവീനോപദേശങ്ങൾ.

1. ഫാദർ ആലക്സിയോസും മിശ്രയോഗവും.
2. വി: പത്രോസിന്റെ റോമാഗമനം.
3. വി: ശ്ലീഹന്മാരുടെ തലവൻ ആര്?
4. മാർപാപ്പായുടെ പരമാധികാരം
5. ദൈവമാതാവിന്റെ അമലോത്ഭവം.
6. യിശ്ശൂ പ്രതിമാവണക്കം.

ഈ കൃതിക്ക് ആധാരമായി സ്വീകരിച്ചിട്ടുള്ള ഇതര കൃതികളുടെ പേരുവിവരം.

1.	മതോപദേശസാരങ്ങൾ	മാർ. ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകൾ.
2.	മാത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ.	മിസ്റ്റർ. ഇ. എം. പിലിപ്പ്.
3.	കന്യകമറിയാമ്മിന്റെ ജീവചരിത്രം.	
4.	മലയാളത്തുള്ള സുറിയാനിക്രിസ്ത്യാനികളുടെ ചരിത്രം	മിസ്റ്റർ. ഇട്ടൂപ്പ്.
5.	മേല്പട്ടസ്ഥാനാഭിഷേക ക്രമം.	
6.	പന്ത്രണ്ട് ശ്ലീഹന്മാർ.	
7.	സുറിയാനിസഭാചരിത്രസംഗ്രഹം.	
8.	അബ്ബേ ദ്മിശിഹാ ആർ?	പി. സി. യോഹന്നാൻ കത്തനാർ അവർകൾ.
9.	പൂർവ്വപിതാക്കളും പൊതുസൂനഹദോസുകളും.	
10.	യാക്കുബായക്കാർ.	മാർ. ഒസ്താന്യോസ് ബാവാ.
11.	ഫ്രഭായകാനോൻ (തർജ്ജമ)	
12.	കാതോലിക്ക് സഭാമാസിക.	
13.	വേദാദ്ധ്യാപകൻ മാസിക.	
14	സുറിയാനിസഭാ സംരക്ഷകൻ.	
15.	ജീവനിക്ഷേപം മാസിക	
16.	തിരുവിതാംകൂർ റോയൽകോടതി വിധി (മലയാളതർജ്ജമ)	
17.	എൻ സൈക്ലോപ്പീഡിയാബ്രിട്ടാനിക്കാ	
18.	പരസ്യസഭകളം	ഫാദർ. പ്ലാസിഡ് സി. ഡി; പി എച്ച് ഡി.
19.	കേരളത്തിലെ ക്രിസ്തുമതം	മിസ്റ്റർ കെ. ഇ. യോഹു എം. എ. എൽ. ടി.
20.	കാതോലികപുനരൈക്യ ചിന്തകളം.	എ. പീലിപ്പോസ് എം. എ. ബി. എൽ.
21.	മലങ്കരസഭയുടെ കഴൽക്കണ്ണാടി.	ബ: പുലിക്കോട്ടു റമ്പാൻ അവർകളം.
22.	തിരുസിംഹാസനാദരവ്.	ഫാദർ. അലക്സാണ്ടർ സി. ഡി.

N. B. 1—17-വരെ പേരു പറയുന്നവ യാക്കോബ്യരുടെതും അവർ അംഗീകരിക്കുന്നതും ആണ്. ബാക്കി കത്തോലിക്കരുടേതുമാണ്.

ശുദ്ധിപത്രം

—:o:—

Part I

പുറം.	വരി.	അബദ്ധം	സുബദ്ധം.
9.	15.	പൊയ്യൂഞ്ഞു	പൊയ്യൂഞ്ഞു
17.	26.	വിശുദ്ധാത്മരൂപി	വിശുദ്ധാത്മരൂപി
18.	9.	യൂദാ 11: 2—13	യൂദാ. 1: 12—13.
24.	25.	അഡ്രിയാൽ	അഡ്രിയാൻ
29.	5.	മെത്രാപ്പോലീത്താ	മെത്രാപ്പോലീത്താ
30.	24.	താൻതന്നെയാകുന്നു.	താൻതന്നെയാകുന്നു.
46.	4.	സംസ്കരപ്പെടാൻ	സംസ്കരിക്കപ്പെടാൻ.

Part II

പുറം.	വരി.	അബദ്ധം.	സുബദ്ധം.
6.	30.	യാതൊരു	യാതൊരു
10.	21.	റീത്തു സ്ഥാനത്തോട്ട്.	റീത്തു പ്രസ്ഥാനത്തോട്ട്
16.	9.	അൽഫൊൻസാൻ ബനിയോനാ.	അൽഫൊൻസാൻകിപ്പോ ബനിയോനാ
23.	22.	എന്നു	എന്ന
17.	10.	പത്രോസ്ശ്ലീഹാക്കു	പത്രോസ്ശ്ലീഹായ്ക്കു
18.	31.	അവലേപിച്ചും.	അപലപിച്ചും
25.	4.	റീബപാത്രിയക്കീസിനെ	റീത്തു പാത്രിയക്കീസിനെ
29.	13.	ലോകാരാഭത്തിനു	ലോകാരംഭത്തിനു
30.	24.	സുറിയാനിയിൽ തജ്ജമ	സുറിയാനിയിൽനിന്നു തർജ്ജമ
36.	6.	ഫാലാകഷിക്കുന്നതെ	ഫാദാകർഷിക്കുന്നതെ
37.	10.	കവണ്ടർ	വേണ്ടൽ
37.	19.	അപഹരിച്ചതിയും	അപഹരിച്ചതായും
40.	15.	വിശ്രാരാധനക്കാറം	വിശ്രമാരാധനക്കാറം
39.	8,9	വെള്ളത്തിലുള്ളവസ്തുക്കളുടെ പ്രതിമയെ എങ്കിലും.	വെള്ളത്തിലുള്ളവസ്തുക്കളുടെ എങ്കിലും പ്രതിമയെ

Part I

Part II

തിരുസഭാപോഷിണി.

MANAPURAM.

ഒന്നാംഭാഗം.

യാക്കോബായ സഭയുടെ ആവിർഭാവം.

കത്തോലിക്കരും അകത്തോലിക്കരും അന്ത്യോഖ്യാസിംഹാസനം മാറി മാറി കൈവശംവച്ചുകൊണ്ടിരുന്നു. ബോസന്തിയാചക്രവത്തിമാരിൽ ചിലർ ഏകസ്വഭാവവാദികളായിരുന്നതിനാൽ അകത്തോലിക്കരുടെ ശക്തി ചിലപ്പോഴെല്ലാം വളരെ പ്രബലപ്പെട്ടിട്ടുണ്ട്. 512-ൽ സെബേരുസ് എന്ന ഏകസ്വഭാവവാദി രാജശക്തിയോടെ അന്ത്യോഖ്യാസിംഹാസനം കരസ്ഥമാക്കി. എന്നാൽ 518-ൽ ഭരണമാരംഭിച്ച യുസ്തീന്യൂസ് ചക്രവത്തി സെബേരുസിനെ ബഹിഷ്കരിക്കയും അലക്സാന്ത്രിയാ ഒഴിച്ചുള്ള പൌരസ്ത്യസിംഹാസനങ്ങളെല്ലാം കത്തോലിക്കരെ ഭരമേല്പിക്കയും ചെയ്തു. യുസ്തീന്യൂസിന്റെ പിൻഗാമിയായിവന്ന യുസ്തിനിയാന്യൂസ് അലക്സാന്ത്രിയായേയും ഏകസ്വഭാവശാഖയിൽ നിന്നും സ്വാതന്ത്ര്യപ്പെടുത്തി. ഏകസ്വഭാവവാദികളായിരുന്ന പല മെത്രാന്മാരെയും അദ്ദേഹം ബന്ധനസ്ഥന്മാരാക്കി. ഇതോടെ ഏകസ്വഭാവവാദം ക്ഷയോന്മുഖമാകുകയും ഏകസ്വഭാവവാദികളിൽ പല അവാന്തരവിഭാഗങ്ങളുണ്ടാകയും ചെയ്തു. ഇങ്ങനെ ഇരുപതോളം വിഭിന്നകക്ഷികളുണ്ടാകുകനിമിത്തം ഏകസ്വഭാവവാദം നാമാവശേഷമാകുമെന്ന കാലഘട്ടം ആസന്നമായി. മിശിഹായുടെ ശരീരം ക്ഷയാധീനമാണെന്ന് പഠിപ്പിച്ചിരുന്ന മുൻപറഞ്ഞ സെബേരുസിന്റെ ശിഷ്യൻ മാർ യാക്കോബ് എന്നൊരാൾ മത്സരകക്ഷികളെ ഏകീഭവിപ്പിച്ചു ഏകസ്വഭാവവാദം പുനർജ്ജീവിപ്പിച്ചു. ചക്രവത്തിയെ ഭയന്ന് ഒട്ടകജീനിതുണി പുതച്ചു വേഷം മാറി നടന്നിരുന്നതിനാൽ സുറിയാനിയിൽ 'ഒട്ടകജീനിക്കാരൻ' എ

ന്നത്തുള്ള ബുർഫ്ഞയാ എന്ന മറുനാമം മാർ യാക്കോബി നുണ്ടായി. ചക്രവത്തി തടവിൽ പാർപ്പിച്ചിരുന്ന ഒരു മെത്രാനിൽ നിന്ന് രാത്രിസമയം മെത്രാൻപട്ടം സ്വീകരിച്ചശേഷം പലസ്ഥലങ്ങളിൽ ചുറ്റിസഞ്ചരിച്ചു അനേകരെ അദ്ദേഹം മെത്രാൻസ്ഥാനത്തും പട്ടസ്ഥാനത്തുമുയർത്തി. അന്ത്യോഖ്യാസിംഹാസനം അന്നു കത്തോലിക്കരുടെ കൈവശമായിരുന്നതിനാൽ മാർ യാക്കോബ് കിഴക്കോട്ടു മാറി തന്റെ അനുഗാമികൾക്കായി മർട്ടീൻ ഭാഗത്തു ഒരു "അന്ത്യോഖ്യാ പാത്രിയർക്കീസി"നെ സ്ഥാപിച്ചു. സെബേത്രൂസിന്റെ പിൻഗാമിയായിട്ടത്രെ ഈ പാത്രിയർക്കീസിനെ വാഴിച്ചത്. ഇതാണ് യാക്കോബായ സഭയുടെ ഉത്ഭവം (പൌരസ്ത്യസഭകൾ പു. 32,33)

മാർപാപ്പായുടെ ഐക്യത്തിൽ നിന്നിരുന്ന ധർമ്മസമ്മതനായ ഒരു അന്ത്യോഖ്യാ പാത്രിയർക്കീസ് ഉണ്ടായിരുന്നപ്പോഴാണ് യാക്കോബ് ബുർഫ്ഞയാ അന്ത്യോഖ്യാ യാക്കോബായപാത്രിയർക്കാപദം സൃഷ്ടിച്ചത്. യാക്കോബായ മതാദ്ധ്യക്ഷന് അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന നാമധേയത്തിനു എത്രമാത്രം അർഹതയുണ്ടെന്ന് ഇതിൽ നിന്നും മനസ്സിലാക്കാമല്ലൊ. അങ്ങിനെയുള്ള ഒരു പാത്രിയർക്കീസ് മാനസ്സാന്തരപ്പെട്ട് പൂർവ്വവിശ്വാസം സ്വീകരിച്ചപ്പോൾ കാരുണ്യവാരിധിയായ റോമാസിംഹാസനം അദ്ദേഹത്തെ ഒരു പാത്രിയർക്കീസായിത്തന്നെ സസന്തോഷം സ്വീകരിക്കുകയുണ്ടായി. ഇങ്ങനെയാണ് അന്ത്യോഖ്യാ സുറിയാനി പാത്രിയർക്കീസിന്റെ ഉത്ഭവം. ഈ സിംഹാസനത്തിൽ വർത്തമാനകാലത്തു ഭരണം നടത്തിവരുന്ന റഹമാനിപാത്രിയർക്കീസിനെപ്പറ്റി കേട്ടിട്ടില്ലാത്ത യാക്കോബ്യർ ഇന്നാട്ടിൽ തുലോം ചുരുക്കമാണെന്നു വിശ്വസിക്കുന്നു. ഇദ്ദേഹത്തെപ്പറ്റി മലയാളമനോരമയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "സുറിയാനിക്കാരിൽ നിന്ന് റോമൻ കത്തോലിക്കസഭയിൽ ചേർന്നിട്ടുള്ളവരായ സുറിയാനിക്കാരുടെ മേലധ്യക്ഷനും അഗാധപണ്ഡിതനെന്നും സർവ്വസമ്മതനായ സാത്വികനെന്നും പൊതുസമ്മതിപ്രാപിച്ചിട്ടുള്ള ആളും പൌരസ്ത്യതാരക (Star of the East) എന്ന അപരനാമത്താൽ അ

റിയപ്പെട്ടന്ന ആളുമായ ദേഹത്തിന്റെ ഒരെഴുത്താണ് ഇതി നെപ്പറ്റി ഇവിടെ കിട്ടിയിട്ടുള്ളത്. ഇദ്ദേഹത്തിന്റെ പേ രു് അപ്രേംറഹമാനി എന്നാണു്. ഇദ്ദേഹത്തിന്റെ സ്ഥാന നാമം അന്ത്യോഖ്യായുടെ ഇഗ്നാത്യോസു് പാത്രിയക്കീസു് എ ന്നാണു്. ഇദ്ദേഹവും നമ്മുടെ അന്ത്യോഖ്യാബാവാമാരുടെ വ ഗ്ഗത്തിൽ ഉൾപ്പെട്ട ഒരു സുറിയാനിക്കാരനാണു്. ഇദ്ദേഹം ഫ്രാൻസുകാരുടെ അധീനത്തിലിരിക്കുന്ന സിറിയാരാജ്യത്തിൽ ആലപ്പോപട്ടണത്തിൽ താമസിച്ചുവരുന്നു. അബ്ദുള്ളാപാത്രി യക്കീസുബാവാ റോമൻകത്തോലിക്കുസഭയിൽ ചേർന്നശേഷം പത്തുവർഷക്കാലം അപ്രേംറഹമാനി എന്ന ഈ പാത്രിയക്കീ സു് ബാവായുടെ കീഴിൽ അദ്ദേഹത്തിന്റെ ശമ്പളംപറ്റിക്കൊ ണ്ടാണു് കഴിച്ചുകൂട്ടിയതു്". (1104-കുംഭം 5-ാം തീയതിയിലെ പത്രാധിപോപന്യാസം നോക്കുക)

"മതവിപരീതികളുടേയും ശത്രുക്കളുടേയും മറവും ആക്രമ ണം നിമിത്തം പാത്രിയക്കാസിംഹാസനം വളരെ സംവത്സരം കഴിഞ്ഞശേഷം മിലേത്തിയായിലും പ്രധാന നഗരമായ ഓമ്മീ ദിലും ആസ്ഥാനമാക്കിയതിന്റെശേഷം സജ്ജനസമ്മതനായ മാർ മീഖായേൽ പാത്രിയക്കീസ്ബാവാ മുഖാന്തരം ഓമ്മീദിൽ നിന്നും മാറ്റി വളരെ ജനബാഹുല്യമുള്ളതും വിശേഷ കെട്ടിട ങ്ങളും ഉള്ളതുമായ മർട്ടീൻപട്ടണത്തിൽ കുക്കുമായുടെ ഭയറാ യിൽ സ്ഥാപിച്ചു. അതു വളരെ മുറികളുള്ളതും അലങ്കാര മേറിയതുമായ ഒരു കെട്ടിടം തന്നെ. ഈ മാറ്റങ്ങളും എല്ലാം ഭവിച്ചെങ്കിലും സിംഹാസന ഭയറോ യഥാർത്ഥനാമമായ അ ന്ത്യോക്യാ എന്ന പേരിൽ അത്രേ ഇന്നും അറിയപ്പെട്ടിരിക്കുന്ന തു്" (പൂർവ്വീക സഭാപിതാക്കന്മാരും പൊതു സൂനഹദോസുകളും പുറം 45. നോക്കുക.)

അബ്ദേട്മിശിഹാ ആർ? എന്ന അഭിധാനത്തിൽ ദിവ്യ ശ്രീ പി. സി. യോഹന്നാൻ കത്തനാർ ഒരു പുസ്തകം അച്ചടി പ്പിച്ചു് പ്രസിദ്ധം ചെയ്തിട്ടുണ്ടു്. സുപ്രസിദ്ധ സഭാചരിത്രകാര നായ മാർ ഗ്രിഗോറിയോസു് ബാർ എബ്രായാ സുറിയാനി ഭാഷ യിൽ രചിച്ചിട്ടുള്ള ഒരു പുരാതന ഗ്രന്ഥത്തിന്റെ ഏതാനും ഭാ

ഗങ്ങൾ മലയാളത്തിലേക്ക് തർജ്ജമചെയ്തിട്ടുള്ളതാണ് മേൽപ റഞ്ഞ പുസ്തകം എന്നറിയുമ്പോൾ അതിന്റെ പ്രാമാണ്യത യെപ്പറ്റി ലവലേശം സംശയത്തിനിടയില്ല. അതിലെ ചില പച്ചപ്പരമാർത്ഥങ്ങൾ ഉദ്ധരിച്ചുകൊള്ളട്ടെ. "ദീയസ്കോറോ സിനേയും അദ്ദേഹത്തിന്റെ അനുയായികളേയും കൽക്കദോൻ സുന്നഹദോസ് മുടക്കുകയും ശപിക്കയും ചെയ്തുണ്ടായി. ആ സുന്നഹദോസിൽ അന്തിയോക്കിയാ പാത്രിയക്കീസുംക്രൂടി ഉഠം പ്പെട്ടിരുന്നു. അന്നത്തെ മേല്പട്ടക്കാരെല്ലാവരും ആ നിലയിൽ നിന്നതുകൊണ്ട് നമുക്ക് മേല്പട്ടക്കാരുടെ ഉർഭിക്ഷം നേരിട്ടു. ആ പ്പോഴത്തെ "യാക്കോബ് ബുർദാനാ" ഒരുലക്ഷത്തിൽപരം പേ ക്ക് പട്ടം കൊടുക്കയുണ്ടായത്. പുറം 3.

അന്ത്യോക്യാപാത്രിയക്കീസായ ദൂമേനോസിന്റെ പിൻ വാഴ്ച്ചക്കാരനായ മാക്സിമൂസിന്റെ കാലത്ത് "കല്ക്കദോൻ സു ന്നഹദോസ്ക്രൂടി. ആ സുന്നഹദോസ് ദീയസ്കോറോസിനെ മുടക്കിക്കളഞ്ഞു" പുറം 12.

"ഇക്കാലത്തിൽ സത്യവിശ്വാസികളായ എപ്പിസ്കോപ്പ ന്മാർ റോമാക്കാരുടെ ആധിപത്യത്തിൽ വളരെ ചുരുക്കമായി രുന്നു. പലരും മരിച്ചുപോയി ചിലർ വിശ്വാസ വിപരീതി കളായിത്തീർന്നു. ചുരുക്കംചിലർ കുസ്തന്തീനോസിൽ താമസിച്ച് വിശ്വാസികളെപ്പറ്റി രാജ്ഞിയെ താല്പര്യപ്പെടുത്തിക്കൊണ്ടി രുന്നു. ഇവർ കുസ്തന്തീനോസിൽ കാണപ്പെട്ട "യാക്കോബ്" എന്ന പരമാർത്ഥിയായ ഒരു ദയറായക്കാരൻ കുശീശായുടെ മേൽ കൈവച്ച് അദ്ദേഹത്തെ തീബേലിന്റെ മെത്രാപ്പോലീ ത്തായായി വാഴിച്ചു. ഇദ്ദേഹം എല്ലാ സ്ഥലത്തും ചുറ്റിനടന്ന് സത്യവിശ്വാസികൾക്ക് എപ്പിസ്കോപ്പന്മാരെയും കുശീശന്മാ രെയും ശെമ്മാശ്ശൻമാരെയും വർദ്ധിപ്പിക്കുവാൻ തുടങ്ങി..... ഇദ്ദേഹം ഒരു ലക്ഷത്തോളം പേർക്ക് പട്ടം കൊടുത്തിട്ടുണ്ട്. ഇതു നിമിത്തം സത്യവിശ്വാസികൾ യാക്കോബ്യർ എന്ന പേരി നാൽ അറിയപ്പെടുവാൻ സംഗതിയായി പുറം 13.

1896-ൽ കോട്ടയം പഴയസിമ്മനാരിയിലുള്ള മാർതോമസ് പ്രസ്സിൽ അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തിയിരുന്ന "സുറിയാനിഭാഷാ ചരിത്രസംക്ഷേപം" വായിക്കുന്നവർക്ക് യാക്കോബായ സഭയുടെ ഉത്ഭവത്തെപ്പറ്റി ബോധപ്പെടുന്നതെന്തായിരിക്കും? "ധീരതയോട് തനിക്ക് (യാക്കൂബ് ഊർഭാനായിക്ക്) ചേർന്ന് നിന്ന കക്ഷി തന്റെ നാമപ്രകാരം യാക്കോബിയർ എന്ന് വിളിക്കപ്പെടുകയും ചെയ്തു. ഇങ്ങനെ സത്യവിശ്വാസസഭയെ ആസ്യായിൽ സ്ഥാപിച്ചത് മാർയാക്കോബാണ്" പുറം. 45.

640-ൽ തിഗ്രീസിന്റെ മപ്രിയാനായാണ് കിഴക്ക് രാജ്യത്ത് യാക്കോബായ സഭയുടെ സാക്ഷാൽ സ്ഥാപകൻ" പുറം. 60.

റോയൽകോർട്ട് വിധിയുടെ 58-ാം ഖണ്ഡികയിൽ ഇപ്രകാരം കാണുന്നു "എന്നാൽ യാക്കോബായ വിശ്വാസമെന്നറിയപ്പെട്ടിരിക്കുന്ന വിശ്വാസത്തിന്റെ ആരംഭത്തെപ്പറ്റി മിഷ്യനറിചരിത്രക്കാർ തമ്മിൽ കുറെ അഭിപ്രായവ്യത്യാസമുണ്ട്. ആ ഉപദേശത്തെ ഉണ്ടാക്കിയവൻ യൂത്തിക്കസ് ആണെന്ന് വിചാരിക്കപ്പെട്ടിരിക്കുന്നു എങ്കിലും യാക്കോബായ വിശ്വാസം പ്രധാനമായി ശ്രേഷ്ഠതപ്പെടുത്തിയവനായ യാക്കോബ് ബറാഡിയസ് എന്ന ആളിൽനിന്ന് അതിന് ഈ പേർ സിദ്ധിച്ചിരിക്കുന്നു എന്ന് റവറണ്ട് ഹവ്വാർഡ് പറയുന്നു. ക്രിസ്താബ്ദം 656-ൽ ഉറഹായിലെ മെത്രാനായി പ്രതിഷ്ഠിക്കപ്പെട്ട ഉറഹായുടെ യാക്കോബ് എന്ന ആളിൽ നിന്നും ഇതുത്ഭവിച്ചു എന്നു ഡാക്ടർ ഡെയി പറയുന്നു. മെസ്സർ ഇട്ടപ്പു ഡാക്ടർ ഡെയിയുമായി യോജിക്കയും ചെയ്യുന്നു." മലയാള തർജ്ജമ. പുറം. 28.

അലക്സാന്ത്രിയായിൽ നിന്നും നാടുകടത്തപ്പെട്ട പാത്രിയർക്കീസായ തീയഡോഷ്യസാണ് സുറിയായും ഏഷ്യായും ഒട്ടുക്ക അധികാരത്തോടുകൂടെ എഡേസ്സായിലെ മെത്രാനായി യാക്കോബ് ബുർദാനായെ അഭിഷേകം ചെയ്തത്. ഈ വിവരങ്ങൾ എൻസൈക്ലോപ്പീഡിയാ ബ്രിട്ടാനിക്കായുടെ 22-ാം വല്യം 833-ാം പുറത്തു ചേർത്തിട്ടുണ്ട്.

യാക്കോബ്യരുടെ പ്രസിദ്ധ ചരിത്രകാരനും "മാത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻസഭ" എന്ന കൃതിയുടെ കർത്താവുമായ മിസ്റ്റർ, ഇ. എം. പിലിഫിന്റെ അഭിപ്രായശകലങ്ങൾ ടി കൃതിയിൽ നിന്നും ഉദ്ധരിക്കുന്നു. "ഏകസ്വഭാവവതവാദങ്ങളെ അനുസരിക്കയും അനുകൂലിക്കയും ചെയ്തവരെ ചക്രവർത്തിയും കല്പനിയാസുന്ന ഫദോസിന്റെ അനുഗാമികളും ശക്തിയായി പീഡിപ്പിക്കയും ഉന്മൂലനാശം ചെയ്യുന്നതിന് വേണ്ട ശ്രമങ്ങൾ ചെയ്കയും ചെയ്തു. തദവസരത്തിൽ അക്ഷീണോത്സാഹിയും മതതീക്ഷ്ണവാനുമായ യാക്കോബ് ബൂർദ്ദാനാ എന്ന സന്യാസി, മെത്രാൻ പട്ടമേറുകൊണ്ട് പട്ടണംതോറും ചുറ്റിസഞ്ചരിച്ച് അവരെ പ്രോത്സാഹിപ്പിക്കയും അവരുടെ വിശ്വാസത്തിൽ അവരെ ഉറപ്പിക്കയും ചെയ്തു.....അലക്സന്ത്രിയായിക്കും അന്ത്യോഖ്യായിക്കും അധീനരായ ക്രിസ്ത്യാനികളുടെ ഭൂരിപക്ഷവും യാക്കോബ് ബൂർദ്ദാനായെ അനുഗമിച്ചു. പുറം 70.

അന്ത്യോഖ്യാപാത്രിയർക്കീസായ മാർ സേവേറിയോസിന്റെയും ശിഷ്യൻ യാക്കോബ് ബൂർദ്ദാനായുടേയും നേതൃത്വത്തിൽ യാക്കോബായ സുറിയാനിസഭയ്ക്ക് അദ്ഭുതപൂർവ്വമായ നവജീവനും അഭിവൃദ്ധിയും ലഭിച്ചു. പുറം 71.

"അന്ത്യോഖ്യാ എന്നുള്ള പേരല്ലാതെ ഇപ്പോഴും പാത്രിയർക്കീസിന്റെ ഇരിപ്പുവിടെയല്ലല്ലോ. അതു മർദ്ദീൻ പട്ടണത്തിലാണ്. മർദ്ദീൻ അന്ത്യോഖ്യായിൽനിന്നും അനേകദിവസത്തെ വഴി ദൂരത്തിലാണ് കിടക്കുന്നതു്." സു: സംരക്ഷകൻ പുറം 56.

യാക്കോബ്യസഭയുടെ ആവിർഭവത്തെപ്പറ്റിയും, ആ സഭയുടെ പാത്രിയർക്കാസിംഹാസനത്തിന്റെ പുരാതനത്വത്തെപ്പറ്റിയും ആ സഭാവിക്കാർട്ടിലെ രേഖകളാണ് മേൽ ചേർത്തിട്ടുള്ളതു്.

കോട്ടയത്തുവച്ചു് നടത്തിയ കാതോലിക്കാസ്ഥാനാരോഹണം സംബന്ധിച്ചു് മലയാളമനോരമയുടെ 1104 കുംഭം 5-ാം തീയതിയിലെ ലക്കത്തിൽ ചേർത്തിരുന്ന സുദീർഘമായ മുഖപ്ര

സംഗത്തിൽ നിന്നും ഏതാനും ഭാഗം ഇവിടെ ഉദ്ധരിക്കുന്നതു് പലവിധത്തിൽ പ്രയോജനകരമായിരിക്കുമെന്നു് വിശ്വസിക്കുന്നു. "..... എന്നാൽ ജസ്റ്റീനിയൻ ചക്രവർത്തിയുടെ ഭാര്യയായിരുന്ന തിയഡോറാ ചക്രവർത്തിനി മോണോഫിസയിറ്റു് വിശ്വാസത്തിൽ സ്ഥിരപ്പെട്ടിരുന്ന ഒരാളായിരുന്നു. അതിനാൽ ഈ ഭാഗത്തിലുള്ള പലരേയും ചക്രവർത്തിനി രഹസ്യമായി സഹായിക്കയും തടവിൽ കിടന്ന ബിഷോപ്പന്മാരിൽനിന്നു് മറ്റു മേല്പട്ടക്കാർ സ്ഥാനം പ്രാപിക്കയും ചെയ്യുന്നതിനിടയായി. ഈ കൂട്ടത്തിൽ യാക്കോബ്യൂർദ്ദാനാ എന്ന പ്രസിദ്ധ മേല്പട്ടക്കാരൻ മെത്രാനായി അഭിഷേകം ചെയ്യപ്പെടുകയും അദ്ദേഹത്തിന്റെ അക്ഷീണപരിശ്രമം നിമിത്തം മോണോഫിസൈറ്റു വിശ്വാസത്തിനു് അത്ഭുതപൂർവ്വമായ പ്രാബല്യം ഉണ്ടാകയുംചെയ്തു. ഇങ്ങനെ സുന്നഹദോസിനാലും ഭരിച്ചുവന്ന പാത്രിയക്കീസന്മാരാലും ബഹിഷ്കരിക്കപ്പെടുകയും ചക്രവർത്തിയാൽ തടവിലാക്കപ്പെടുകയും ചെയ്ത യാക്കോബ് ബൂർദ്ദാനാ അഭിഷേകം ചെയ്ത മേല്പട്ടക്കാർചേർന്നു വാഴിച്ചുവരാണു് യാക്കോബായസഭയിൽ ഇപ്പോഴുള്ള പാത്രിയക്കീസ് സിംഹാസനം നിലനിന്നു പോന്നിട്ടുള്ളതെന്നസംഗതി നിസ്തർക്കമാണു്. മേൽ വിവരിച്ച പ്രകാരം കാൽസിഡൻ സുന്നഹദോസിനാൽ മുടക്കപ്പെട്ടവരും ബഹിഷ്കരിക്കപ്പെട്ടവരുമായ ഏതാനും മേല്പട്ടക്കാർ മുടക്കിന്റെ ശേഷം ജയിലിൽ കിടന്നുകൊണ്ടു് യാക്കോബ് ബൂർദ്ദാനായുടെ തലയിൽ കൈവച്ചു് അദ്ദേഹത്തെ മേല്പട്ടക്കാരനാക്കി എന്നുള്ളതിനെപ്പറ്റി എതിരുകക്ഷിക്കാർക്കുപോലും യാതൊരു തർക്കവും പുറപ്പെടുവിക്കാൻ പാടില്ലാത്ത വിധത്തിൽ ആ സംഭവം നടന്നതാകയാൽ യാക്കോബ് ബൂർദ്ദാനാമൂലം ഉണ്ടായ മേല്പട്ടക്കാർക്കു് പട്ടതപ്പമില്ലെന്നു് റോമൻകത്തോലിക്കാസഭപോലും വാദിക്കുന്നില്ല."

പരദേശത്തുണ്ടായ യാക്കോബായ ശീശ്മയുടെ ഒരു സംഗ്രഹം അറിഞ്ഞിരിക്കേണ്ടതാണു്. യേശുക്രിസ്തുവിൽ ദൈവസ്വഭാവം മനുഷ്യസ്വഭാവം എന്നു് രണ്ടു് സ്വഭാവങ്ങളും ദൈവ ആത്മം മനുഷ്യ ആത്മം എന്ന രണ്ടു് ആത്മാക്കളും ഉണ്ടെന്നു് നൂതനമായി പഠിപ്പി

ച്ചതു കോൺസ്റ്റാൻറിനോപ്പിളം പാത്രിയക്കീസായ നെസ്റ്റോ
റിയസായിരുന്നു. ഇതിൽ മനുഷ്യ ആളിൻെറ മാത്രം മാതാവാ
ണു് കന്യമറിയാം എന്നു പഠിപ്പിച്ചതിലുള്ള തെറ്റുകളം തിരു
ത്തുന്നതിനും മറ്റുമായി ക്രിസ്താബ്ദം 431-ൽ എഫേസോ
സിൽ വച്ചു് ഒരു സാവ്ത്രിക സുന്നഹദോസു് നടത്തി. മാർ
പാപ്പായുടെ പ്രതിനിധി എന്ന നിലയിൽ അലക്സന്ത്രിയാപാ
ത്രിയക്കീസായ മാർ ക്രുറിലോസാണാധ്യക്ഷം വഹിച്ചതു്.
ഈ സുന്നഹദോസിൽ വച്ചു് കന്യകമറിയാമിനെ "ദൈവമാ
താവെന്നു്" പ്രഖ്യാപനംചെയ്തപ്പോൾ അന്ത്യോഖ്യാ പാത്രി
യക്കീസായ മാർ യോഹന്നാനും 40-ൽ പരം ഉപമെത്രാന്മാ
രും പ്രതിഷേധം പ്രകടിപ്പിച്ചു. എങ്കിലും മാർ ക്രുറിലോസു്
അവരോടെല്ലാം അഭിമുഖസംഭാഷണം ചെയ്തു് അവരുടെ വാ
ദങ്ങളെ ഖണ്ഡിച്ചതിനാൽ ഒടുവിൽ അവരും അനുക്രുലമായി
ത്തീർന്നു. നെസ്റ്റോറിയോസും മാർക്രുറിലോസും മരിച്ചുകഴി
ഞ്ഞു. എന്നിട്ടും ഇരുകക്ഷികളും തമ്മിലുള്ള വാദങ്ങളം അവ
സാനിച്ചില്ല. രണ്ടാളും രണ്ടുസ്വഭാവങ്ങളും ഉണ്ടെന്നു് നെ
സ്റ്റോർ കക്ഷികളം വാദിച്ചുകൊണ്ടിരുന്നപ്പോൾ എതിർ ക
ക്ഷികളിൽ ചിലർ ക്രിസ്തുവിൽ ഒരാളും ഒരു സ്വഭാവവും മാത്ര
മേയുള്ളു എന്നു് പ്രതിവാദിച്ചുതുടങ്ങി. ഇവരെപ്പറ്റി ഏക
സ്വഭാവവാദികളം എന്നോ മോണോഫിസയിറ്റുകാർ എ
ന്നോ പറഞ്ഞു വരുന്നു. ഏക ആളം ഏക സ്വഭാവം എന്ന
നൂതനവാദത്തെ ആദ്യമായി പ്രചരിപ്പിച്ചതു് യൂത്തിക്കോസു്
എന്നുള്ള പേരിൽ അറിയപ്പെടുന്ന ഒരു സന്യാസിയാണു്.
കോൺസ്റ്റാൻറിനോപ്പിളം പട്ടണത്തിൽ താമസിച്ചിരുന്ന യൂ
ത്തിക്കോസിനു റോമാചക്രവത്തിയായ തീയോഡോഷ്യസി
ൻെറ രാജധാനിയിൽ വളരെ സ്വാനീനമുണ്ടായിരുന്നു. എ.
ഡി. 330-നു് ശേഷം റോമായിൽ നിന്നും രാജധാനി ബോസ
ന്തിയാ അഥവാ കോൺസ്റ്റാൻറിനോപ്പിളിൽ മാറ്റി സ്ഥാപി
ച്ചിരിക്കയായിരുന്നു. അലക്സന്ത്രിയാ പാത്രിയക്കീസായിരുന്ന
ടീയസ്കോറോസിനും യൂത്തിക്കോസിൻെറ അഭിപ്രായം തന്നെ
യാണുണ്ടായിരുന്നതു്. ചക്രവത്തിയുടേയും ടീയസ്കോറോസു്

പാത്രിയക്കീസിന്റേയും സമ്പൂർണ്ണസഹായത്താൽ ഏകസ്വഭാവ വാദകക്ഷികൾ ശക്തിപ്രാപിച്ചുകൊണ്ടിരുന്നു. അക്കാലത്തു വാണിരുന്ന വിശുദ്ധ ലിയോ മാപ്പ്രാപ്പാ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയക്കീസായിരുന്ന പ്ലാവിയാനോസിന്റെ പേക്ഷ ഇതേപ്പറ്റി സുദീർഘലേഖനം അയച്ചു. പക്ഷേ ഏവുത്തിക്കൂസിന്റെ സ്വാധീനംമൂലം തീയോഡോഷ്യസു ചക്രവർത്തിയാണ് ഒരു സൂനഹദോസ് വിളിച്ചുകൂട്ടിയതു്. മാർപാപ്പായുടെ പ്രതിനിധികൾക്കു് ആ സൂനഹദോസിൽ അധ്യക്ഷത കൊടുക്കാതെയിരുന്നതും ദീയസ്കോറോസ് അധ്യക്ഷസ്ഥാനത്തു അവരോധിക്കപ്പെട്ടതും ഒന്നുപോലെ പിന്തനീയമാണ്. ഈ യോഗത്തിൽ നൂറിലുപ്പതോളം മെത്രാന്മാർ സന്നിഹിതരായിരുന്നു. മുട്ടാളന്മാരായ പട്ടാളക്കാരുടെയും ചക്രവർത്തിയുടെയും സംരക്ഷണയിലും കാവലിലും നടത്തിയ പ്രസ്തുതയോഗത്തിൽ അഭിപ്രായസ്വാതന്ത്ര്യമനുവദിക്കാഞ്ഞതിനാലും മറ്റും മാർപാപ്പായുടെ പ്രതിനിധികൾ ഇറങ്ങിപ്പൊളയ്ക്കുന്നു. മാർ പ്ലാവിയാനോസ് പാത്രിയക്കീസ് ഏവുത്തിക്കൂസിനോടു ശക്തിപൂർവ്വം എതിർത്തു എങ്കിലും പട്ടാളക്കാരുടെ മർദ്ദനാധിക്യത്താൽ കാലവിളംബം കൂടാതെ ചരമംപ്രാപിച്ചു. എ. ഡി. ൪൫൰-ൽ നടന്നതായ ഈ സൂനഹദോസിനെപ്പറ്റിയാണ് കള്ളന്മാരുടെ സൂനഹദോസ് എന്ന് ചരിത്രകാരന്മാർ ഐകകണ്ഠ്യേന പ്രസ്താവിച്ചിരിക്കുന്നതു്. ആദ്യത്തെ മൂന്നു് സാർവ്വത്രിക സൂനഹദോസുകളെപ്പോലെതന്നെ മേൽപറഞ്ഞ തസ്കരസംഘത്തെ യാക്കോബ്യർ വകവയ്ക്കാത്തതിന്റെ രഹസ്യം എന്തായിരിക്കും?. മുൻപ്രസ്താവിച്ച വിക്രിയകളുടെ ഫലമായി മാർപാപ്പാ ഒരു പ്രാദേശിക സൂനഹദോസു വിളിച്ചുകൂട്ടി ദീയസ്കോറോസിനെ മഹറോൻ ചൊല്ലി ബഹിഷ്കരിച്ചു. ദീയസ്കോറോസാകട്ടെ ആയതിനെ എതിർക്കയും മാർപാപ്പായെ മഹറോൻ ചൊല്ലുകയുമാണ് ചെയ്തതു്. ഏതാദ്ദശധാഷ്ട്യങ്ങൾ മൂർദ്ധന്യാവസ്ഥയിൽ എത്തിയതിനാൽ എ. ഡി. 451-ൽ കൽക്കദോനിയാ എന്ന സ്ഥലത്തുവച്ചു നാലാമതു സാർവ്വത്രിക സൂനഹദോസു കൂടുകയും ദിയസ്കോറോസിനെ ബഹിഷ്കരിക്കയും ചെയ്തു. ഈ സൂനഹദോസിൽ സംബന്ധിച്ച 630 മെത്രാ

ന്മാരിൽ 628-ം പൗരസ്ത്യരായിരുന്നു. അക്കാലത്തുണ്ടായിരുന്ന പൗരസ്ത്യമെത്രാന്മാരുടെ മഹാഭ്രൂരിപക്ഷത്താൽ മുടക്കപ്പെട്ടകയും ശപിക്കപ്പെട്ടകയും ചെയ്ത ദീയസ്കോറോസാണ് യാക്കോബ്യരുടെ ദൃഷ്ടിയിൽ അതിവിശുദ്ധനായി പരിഗണിക്കപ്പെട്ടന്നത്. ദീയസ്കോറോസും ക്രൂത്തും കാതോലിക്കസഭയുടെ ഐക്യത്തിൽ നിന്നും തള്ളപ്പെട്ടില്ലെന്നു പറയാൻ യാതൊരു കാരണവും കാണുന്നില്ല. ദീയസ്കോറോസിന്റെ സ്വദേശമായ ഈജിപ്തിലും, സിറിയായിലും ഏകസ്വഭാവവാദികൾ ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. യാക്കോബ് ബൂർദാനായുടെ അക്ഷീണോത്സാഹംകൊണ്ട് ഏകസ്വഭാവവാദികൾക്കു നവോന്മേഷം ഉണ്ടായി എന്നുള്ളതും വസ്തുതയത്രെ.

ഏതാനും പ്രശ്നങ്ങൾ.

1. കത്തോലിക്കസഭയേയും അതിന്റെ ഉപദേശങ്ങളേയും പരമാധികാരിയായ മാർപാപ്പായേയും ഏതെങ്കിലും സാവ്വത്രിക സൂനഹദോസ് മുഖാന്തിരം എപ്പോഴെങ്കിലും ശപിക്കയോ മുടക്കുകയോ ചെയ്തതായി വല്ല റിക്കാർട്ടും ഉണ്ടോ? ഉണ്ടെങ്കിൽ ഏവയെല്ലാം?

2. യാക്കോബായസഭയിൽ പട്ടംകൊടുക്കുന്ന ഘട്ടത്തിൽ ലയോനെയും ക്രൂത്കാരെയും ശപിക്കുന്ന പതിവിനാധാരം എന്ത്?

3. വേദവിപരീതികളെ മുടക്കി നീക്കുന്നതിനായിട്ടും മറും നടത്തിയ ആദ്യത്തെ മൂന്നു പൊതുസൂനഹദോസുകളെ ദിനംപ്രതി പ്രാർത്ഥനയിൽ സ്മരിക്കുന്ന സ്ഥിതിക്ക് ഏറ്റവും പ്രമുഖനായ ലയോനെ ബഹിഷ്കരിക്കാനായി നടത്തിയ സൂനഹദോസിനെ ക്രൂടി അപ്രകാരം ഓമ്മിക്കാത്തത് എന്തുകൊണ്ട്?

4. കല്ക്കദോൻ സൂനഹദോസിൽ സംബന്ധിച്ച 600-ൽ പരം വിശുദ്ധ പിതാക്കന്മാർ രാഷ്ട്രീയശക്തിയെ ഭയന്ന് മനസ്സാക്ഷിയെ ബലികഴിച്ച കപടകേതന്മാരാണെന്നും, ആ സൂനഹദോസിനോട് പ്രതിക്രുലിച്ചവരായ ചുരുക്കം ചില പിതാക്കന്മാർ മാത്രം പരമകേതന്മാരും സത്യവിശ്വാസ സംരക്ഷണാ

ത്ഥം ജീവനെ ബലികഴിക്കാൻ സന്നദ്ധന്മാരും ആണെന്നും ഉള്ള രണ്ടഭിപ്രായങ്ങളിൽ യുക്തിയുക്തമായിട്ടുള്ളതു ഏതാണു്?

5. ഏതെങ്കിലും സുന്നഹദോസിന്റെ സാധുതപം ചിലപ്പോൾ ഭ്രരിപക്ഷത്തേയും ചിലപ്പോൾ ന്യൂനപക്ഷത്തേയും ആധാരമാക്കിയാണോ നിർണ്ണയിക്കേണ്ടതു്?

6. ഏതെങ്കിലും സുന്നഹദോസുകളിൽ എപ്പോഴെങ്കിലും ന്യൂനപക്ഷംവഴിയായി സത്യോപദേശം നിലനിത്തിയിട്ടുള്ളതായി പൗരസ്ത്യസഭാറിക്കാർട്ടുകളിൽ വല്ല രേഖയും ഉണ്ടോ?

7. കല്ക്കദോൻ സുന്നഹദോസിൽ സംബന്ധിക്കാഞ്ഞവരായ പൗരസ്ത്യബിഷോപ്പന്മാരുടെ സംഖ്യ എത്ര?

8. കല്ക്കദോൻ സുന്നഹദോസിനെ നിഷേധിക്കുന്ന യാക്കോബ്യർ ദീയസ്കോറോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ തസ്കരസംഘത്തെ ആദരിച്ചംഗീകരിക്കുന്നതിലുള്ള സാംഗത്യം എന്തു്?

9. ഇപ്പോൾ ലോകമെങ്ങുമുള്ള യാക്കോബായ മെത്രാന്മാർ ഏവരും കൂടി ഒരു സാവ്വത്രിക സുന്നഹദോസു നടത്തി പാസ്സാക്കുന്ന നിശ്ചയങ്ങളും മലങ്കര കാതോലിക്കാക്കക്ഷികളും അംഗീകരിക്കണമോ? അംഗീകരിക്കുമോ? അംഗീകരിക്കാത്ത പക്ഷം അവരുടെ നിലയെന്തു്?

10. യാക്കോബായ പാത്രിയക്കീസിന്റെ പക്ഷത്തെക്കു എപ്പിസ്കോപ്പൽ ഭ്രരിപക്ഷമുണ്ടായിരിക്കുന്ന ഈ ഘട്ടത്തിൽ ഒരു സുന്നഹദോസു് മലങ്കരയിൽ നടത്തുന്നതായിരുന്നാൽ ആ ഭ്രരിപക്ഷാഭിപ്രായങ്ങളെ കാതോലിക്കാപക്ഷക്കാർ അനുസരിക്കയും അംഗീകരിക്കയും ചെയ്യുന്നതാണോ? അല്ലാഞ്ഞാൽ അവരുടെ സ്ഥാനം എന്തു്?

11. സാധുവായ കൈവയ്പുണ്ടെന്നു് യാക്കോബ്യർ സമ്മതിക്കുന്നവരായി ലോകമെങ്ങുമുള്ള മെത്രാന്മാരുടെ ഒരു സുന്നഹദോസു് കൂടുന്നപക്ഷം ആ യോഗത്തിന്റെ ഭ്രരിപക്ഷാഭിപ്രായം കത്തോലിക്കക്കു് സാവ്വത്ര അനുകൂലമായിട്ടല്ലാതെ വരാനിടയുണ്ടോ?

12. യാക്കോബായസഭയ്ക്ക് ശീശ്മയില്ലെങ്കിൽ മറ്റു വല്ല സഭയ്ക്കും ശീശ്മയുണ്ടെന്നു പറയാവുന്നതാണോ?

13. യാക്കോബ് ബൂർദ്ദാനാ എന്നയേകമെത്രാനിൽക്കൂടെ സത്യവിശ്വാസം പാലിക്കപ്പെട്ട എന്നതോ, കല്ലൂദോനിയ സുന്നഹദോസ് പിതാക്കന്മാരുടെ മഹാഭ്രൂരിപക്ഷത്തിൽക്കൂടെ സത്യവിശ്വാസം പാലിക്കപ്പെട്ട എന്നതോ ഏതാണ് വിശ്വസിക്കത്തക്കതു്?.

14. യാക്കോബായ സഭയുടെ പൂർവ്വചരിത്രവും ആധുനികചരിത്രവും സൂക്ഷ്മനിരീക്ഷണം ചെയ്യുന്ന ഒരു സത്യാന്വേഷിക്ക് ആ സഭയുടെ ഭാവിയെപ്പറ്റിയുണ്ടാകുന്ന ബോധമെന്തായിരിക്കും?

15. മശിഹായുടെ ഏകമന്നവാട്ടിസഭ യാക്കോബായസഭ മാത്രമാണോ?

കല്ലൂദോൻ സുന്നഹദോസിന്റെ അസാധുത്വത്തെപ്പറ്റി ശക്തിയുക്തം പ്രഘോഷിക്കുന്ന യാക്കോബ്യ സഹോദരങ്ങളുടെ ഗാഢമായശ്രദ്ധയ്ക്ക് വിഷയീഭവിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് മേൽകാണുന്ന ചോദ്യങ്ങൾ ചേർത്തിട്ടുള്ളതു്.

'സുറിയാനികൃസ്ത്യാനികൾ നെസ്തോറിയരായിരുന്നുവോ?' എന്നവിഷയത്തെപ്പറ്റി റവ: പി. റ്റി. ഗീവറുഗീസ് ശെമ്മാശ്ശൻ എം. എ. എഴുതിയ ഇംഗ്ലീഷ് പ്രസംഗം മിസ്റ്റർ. സി. പി. തരകൻ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിന്റെ ആമുഖോപന്യാസത്തിൽ കാണുന്ന പ്രകാരം 'ഇടവകപ്പത്രിക'യുടെ ഒരു സമ്മതപ്പത്രത്തിലേക്ക് ഇനിയും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. "യാക്കോബായക്കാരെ മോനോഫിസായക്കാരെന്നോ ത്രിത്വമായക്കാരെന്നോ വിളിക്കുന്നതിനു ഞങ്ങൾക്ക് വിരോധമില്ല"

"തത്സമയമത്രേ ഒരു സന്യാസിയായ യാക്കോബൂർദ്ദാനോ പ്രസിദ്ധനായിത്തീരുന്നതു്. താൻതടവിൽ കിടന്നവരെ സന്ദർശിച്ചു് അവരോടു് സ്ഥാനമേറ്റു പലരേയും സത്യത്തിലേക്ക് തിരിപ്പിച്ചു. അന്നുമുതൽ യാക്കോബായക്കാർ" എന്നു പേരുണ്ടായി

(പൂർവ്വപിതാക്കളും പൊതുസുന്നഹദോസുകളും പുറം 119)

II

അന്ത്യോക്യാ പാത്രിയക്കീസ്.

ഒരു കാലത്തു് അരലക്ഷത്തിൽ കുറയാതെ ജനസംഖ്യ ഉണ്ടായിരുന്ന അന്ത്യോക്യാ നഗരത്തിൽ ആദിമകാലത്തു് അന്ത്യോക്യാ പാത്രിയക്കീസു് എന്ന പേരോടുകൂടി ഒരു പാത്രിയക്കീസുമാത്രമേയുണ്ടായിരുന്നുള്ളു. പാശ്ചാത്യപൗരസ്ത്യലോകരുടെ ആശ്രയിവിഷയമായിരുന്ന ഈ പട്ടണം ഇപ്പോൾ 6000-ൽ ക്രടാത്ത ജനസംഖ്യയോടുകൂടിയ ഒരു അഞ്ചാംതരം തുക്കിപ്പട്ടണമായി പരിണമിക്കയും അന്ത്യോക്യാപാത്രിയക്കീസന്മാരുടെ സംഖ്യ 6 ആയി വർദ്ധിക്കയും ചെയ്തിരിക്കുന്നതു് സ്മരണീയമല്ലയോ? അന്ത്യോക്യാ യാക്കോബായ പാത്രിയക്കീസു്, അന്ത്യോക്യാ ഓത്തോഡക്സോ പാത്രിയക്കീസു്, അന്ത്യോക്യാ മാറോനായ പാത്രിയക്കീസു്, അന്ത്യോക്യാ ലത്തീൻ പാത്രിയക്കീസു്, അന്ത്യോക്യാ മൽക്കായ പാത്രിയക്കീസു്, അന്ത്യോക്യാ സുറിയാനി പാത്രിയക്കീസു് എന്നിങ്ങനെ ആറു് പാത്രിയക്കീസന്മാരാണിപ്പോൾ ഈ പേരിൽ അറിയപ്പെടുന്നതു്. ഒടുവിൽ പറഞ്ഞ നാലു പേരുകാരും മാർപാപ്പായുടെ വിശ്വാസത്തിലും ഐക്യത്തിലും നില്ക്കുന്നവരാണു്. അന്ത്യോക്യായിൽ ആദിമ ശതകങ്ങളിൽ ഉണ്ടായിരുന്ന പാത്രിയക്കീസന്മാരും അനന്തരഗാമികളും മേൽ പ്രസ്താവിച്ചപ്രകാരം റോം പാത്രിയക്കീസിനെ റീശ്ശു പാത്രിയക്കീസായി അംഗീകരിച്ചു് പോന്നിരുന്നു. അതുപോലെ മാർപാപ്പായോടുള്ള ഐക്യത്തിൽ നില്ക്കുന്നവർക്കു മാത്രമേ ഇന്നും അന്ത്യോക്യാപാത്രിയക്കീസു് പദവിക്കു അർഹതയുള്ളു. മുൻപറഞ്ഞ 6 പാത്രിയക്കീസന്മാരും അധിവസിക്കുന്നതു് അന്ത്യോക്യാപ്പട്ടണത്തിലല്ല എന്നുള്ളതും വക്തവ്യമത്രെ.

ഇപ്പോൾ മലയാളത്തു് എഴുന്നള്ളിത്താമസിക്കുന്ന യാക്കോബായ പാത്രിയക്കീസിന്റെ ആസ്ഥാനം മർദ്ദീനിൽ കുർമായുടെ ദയറായാണല്ലോ. അവിടെനിന്നും ബഹിഷ്കരിക്കപ്പെട്ടു് വെളിക്കെവിടെയോ സഞ്ചരിക്കുന്ന വേളയിലാണു് മല

ങ്കരയാത്രയുടെ പുറപ്പെട്ടത്. ഇനിയും തിരിച്ചു ചെല്ലുമ്പോൾ സിംഹാസനാദയറായിൽ പ്രവേശനം ലഭിക്കുമോ എന്നുള്ളതും നിശ്ചയമില്ലാ. ഇപ്പോഴത്തെ സഞ്ചാരത്തിൽ മലങ്കര യാക്കോബ്യരിൽ തുലോം ചുരുക്കമാളുകൾ മാത്രമേ അദ്ദേഹത്തെ ഹാർദ്ദമായി സ്വീകരിക്കയും സല്ക്കരിക്കയും ചെയ്യുന്നുള്ളൂ. അവരിൽ ക്നാനായ ഇടവകക്കാർ എന്നതും മുന്നണിയിൽ പരിഗണിക്കപ്പെടേണ്ടവർതന്നെ. ആംഗ്ലേയ സഭയിലെയും മലങ്കര മാത്തോമ്മാ നവീകരണസഭയിലെയും മെത്രാന്മാർ പാത്രിയക്കീസിനെ സന്ദർശിക്കയും സ്വാഗതം പറകയും ചെയ്തുകഴിഞ്ഞു. ബഹുമാനപ്പെട്ട ഇൻഡ്യാ വൈസ്രോയി അവർകളും മദ്രാസ് ഗവർണർ അവർകളും തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടും പാത്രിയക്കീസുബാവായുമായുള്ള കൂടിക്കാഴ്ചകൾക്ക് അനുവാദം നല്കി. ഇതുമൊക്കെയായിട്ടും പൗരസ്ത്യ കാതോലിക്കാബാവാ അവർകളും കൂട്ടുമെത്രാന്മാരും അനൗദ്യോഗികമായ നിലയിൽപോലും സന്ദർശിക്കയോ സ്വീകരിക്കയോ ചെയ്യാതിരിക്കുന്നതു് ആശ്ചര്യകരമാണു്. മാർദീവന്നാസ്യോസ് മെത്രാപ്പോലീത്താ തന്നെയും വ്യവസ്ഥയോടുകൂടി മാത്രമേ പാത്രിയക്കീസിനെ അംഗീകരിച്ചിട്ടുള്ളൂ. ഇങ്ങനെ ശീമയിലും മലങ്കരയും യാക്കോബ്യായ പാത്രിയക്കീസിന്റെ അധികാരവ്യാപ്തിയും ആജ്ഞാനുവർത്തികളായ മെത്രാന്മാരുടെ സംഖ്യയും തുലോം തുച്ഛമായിത്തീർന്നിരിക്കുന്നു. ഈ വക സംഗതികളെപ്പറ്റി ഗാഢമായി ചിന്തിക്കയോ ഗവേഷണം ചെയ്കയോ ചെയ്യുന്ന യാവനൊരുത്തനും കാതോലിക പുനരൈക്യത്തിനു കാലവിളംബം ക്ഷമാതെ സന്നദ്ധനാകുന്നതായിരിക്കും. യാക്കോബായ സഭയുടെ പൂർവ്വചരിത്രം ഇതിലേക്ക് ഉത്തമലക്ഷ്യമാണു്. പുനരൈക്യാലോചനകളും തദനുരൂപമായ പ്രവൃത്തികളും നടത്തിയിട്ടുള്ളവരുടെ ഒരു സംഗ്രഹം താഴെച്ചേർക്കുന്നു.

III

യാക്കോബ്യരുടെ പുനരൈക്യശ്രമങ്ങൾ.

1. 1247-ൽ ഇഗ്നാത്യോസ് എന്നൊരു യാക്കോബായ പാത്രിയക്കീസു റോമ്മാപ്പള്ളി എല്ലാ പള്ളികളുടെയും മാതാവും നാഥയുമാണെന്നു അനുസരിച്ചു പറകയും മാർപാപ്പായിക്കു തന്റെ വിശ്വാസം രേഖപ്പെടുത്തി അറിവുകൊടുക്കയും ചെയ്തു. ആ എഴുത്തിൽ പിതാക്കന്മാരുടെ പിതാവു് മാർപാപ്പായാണെന്നു രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു.

2 16-ാം ശതാബ്ദത്തിൽ യാക്കോബായസഭാഭരണം നടത്തിയിരുന്ന 17-ാം ഇഗ്നാത്തിയോസും 18-ാം ഇഗ്നാത്തിയോസും മുൻപറഞ്ഞപോലെ വിശ്വസിക്കയും പ്രവൃത്തിക്കയും ചെയ്തിട്ടുള്ളവരാണു്.

3 16-ാം ശതാബ്ദത്തിൽ 27-ാം ഇഗ്നാത്യോസു് "അങ്ങേപാദങ്ങളുടെ അടിയിലുള്ള ഭൂമി ഞാൻ മുത്തുന്നു" എന്നു മാർപാപ്പായുടെ പേക്കു് എഴുതി അറിയിച്ചു.

4 18-ാം ശതാബ്ദത്തിൽ യാക്കോബായക്കാരിൽ ഒരു ഭാഗം അന്നത്തെ പാത്രിയക്കീസായിരുന്ന ഇഗ്നാത്യോസു് ഗിവാർവെയോട്ടുടെ കത്തോലിക്കസഭയോടു പുനരൈക്യപ്പെടുകയും ഇന്നേയോളം അന്ത്യോക്യാ സുറിയാനിപാത്രിയക്കീസിന്റെ ഭരണത്തിൽ ഉൾപ്പെട്ടിരിക്കയും ചെയ്യുന്നു.

5 ഏതാണ്ടു് വർഷങ്ങൾക്കു മുൻപു മലങ്കരെ വന്നു പല പൊടിക്കൈകളും പ്രയോഗിച്ചു അബ്ദുള്ളാപാത്രിയക്കീസു പത്തുവർഷക്കാലം കാതോലിക്കസഭയിൽ ഉൾപ്പെട്ടു ജീവിക്കയും ശമ്പളംപറ്റിക്കൊണ്ടിരിക്കയും ചെയ്തു.

6 1912-ൽ മലങ്കരെ വന്നു പൗരസ്ത്യകാതോലിക്കായെ വാഴിച്ചു അബ്ദേദ്മിശിഹാപാത്രിയക്കീസു് മടങ്ങിയേറുശലേമിൽ ചെന്നശേഷം കത്തോലിക്കാസഭയിൽ ചേർന്നു. മൂവാറ്റുപുഴനിന്നും (1913 ആഗസ്റ്റ് 1) പുറപ്പെട്ടിരുന്ന 'കേരളദീപിക'യിൽ ഇതിനെ ഉറപ്പിച്ചുപറയുന്നതായി അബ്ദുള്ളാ പാത്രിയ

ക്കീസിന്റെ ഒരു പരസ്യം ചേർത്തിരുന്നു. 1920 ഏപ്രിൽ 10-ാം നു നസ്രാണി ദീപികയും ഇതിനെത്തന്നെസാക്ഷിക്കുന്നു.

7 അമേരിക്കയിലുണ്ടായിരുന്ന ഏതാനും യാക്കോബ്യരുടെ ഏകമെത്രാപ്പോലീത്താ, ബഥനീയപ്രസ്ഥാനാനന്തരം കത്തോലിക്കസഭയോടു പുനരൈക്യപ്പെട്ടതായി വർത്തമാനപ്പത്രങ്ങളിൽ കാണുകയുണ്ടായി.

8 മലങ്കരയിലെ 29 പള്ളിക്കാരുടേയും 12 പട്ടക്കാരുടേയും കയ്യൊപ്പോടുകൂടെ നാലാം മാർതോമ്മാ ഇടപ്പള്ളിൽ നിന്നു 1704-ൽ പുനരൈക്യസാധ്യത്തിനായി റോമയിലേക്കു ഒരു അപേക്ഷ അയച്ചു. ഇതു കൂടാതെ അഞ്ചാം മാർതോമ്മായും ഒരു അപേക്ഷ റോമയിലേക്കു അയച്ചിട്ടുണ്ട്.

9 "എന്റെ ജീവൻ ആപത്തിലായാലും നിങ്ങൾക്കു വേണ്ടി ഞാൻ ഒരിക്കൽ കൂടി റോമ്മായ്ക്കു പോകാം" എന്നു മാർദീവന്നാസ്യോസു പ്രഥമനോടു ഉറപ്പുപറഞ്ഞശേഷം അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം അദ്ദേഹത്തെ റോമാഐക്യത്തിൽ ചേർക്കുന്നതിനായി സുദീർഘവും ആപൽകരവുമായ റോമായാത്രകഴിച്ചു തിരുസിംഹാസനത്തിൽ നിന്നും ആവശ്യമായ അനുവാദവും വാങ്ങിക്കൊണ്ടു മെത്രാപ്പോലീത്തയായി മടങ്ങിവരികയിൽ മാർത്തമദ്ധ്യ ചരമംപ്രാപിച്ച കരിയാറ്റിൽ മാർയൗസേഫ് മെത്രാപ്പോലീത്തായെപ്പറ്റി ആരാണ് അറിഞ്ഞിട്ടില്ലാത്തതു്.

10 ഇരു കക്ഷികൾക്കും പൊതുവായ ഒരു കോളജുണ്ടായാൽ പുനരൈക്യം സുസാധ്യമാണെന്നുകണ്ടു് ദീർഘാവലോകനപടുവായ നിധീരിക്കൽ മാണിക്കത്തനാർ ഇപ്പോൾ 'മനോരമ' ഇരിക്കുന്ന സ്ഥലവും മന്ദിരവും വാങ്ങിച്ചതും അതിന്റെ വിലയിൽ ഒരു വലിയ ഭാഗം കത്തോലിക്കാസുറിയാനിക്കാരെക്കൊണ്ടു് കൊടുപ്പിച്ചതും, ഏതൽകായ്സാദ്ധ്യത്തിനായി പുലിക്കോട്ടു് മാർദീവന്നാസ്യോസു് അഞ്ചാമന് സ്ഥലമുടമസ്ഥനായിരുന്ന ഡാറാസായ്പിനെക്കൊണ്ടു് 20000 രൂപാ ദാനം കൊടുപ്പിച്ചതും, ഈ പുലിക്കോട്ടിൽ തിരുമേനി മാർപാപ്പായുടെ

പ്രതിനിധിയെക്കണ്ട് പുനരൈക്യാലോചനകൾ നടത്താൻ നിധീരിക്കൽ മാണിക്കത്തനാർ സഹിതം ഉടുക്കമണ്ടിലേക്കു പോയതും മറ്റും പരസ്യമായ രഹസ്യങ്ങളാണല്ലോ.

11 തിരുസിംഹാസനത്തിലെ കൃപാകടാക്ഷംകൊണ്ട് കല്പിച്ചനുവദിച്ചിട്ടുള്ള "ശുദ്ധസുറിയാനിറീത്തു" (Pure Syrian rite) സമ്പാദിച്ചുകൊണ്ട് മാർഇവാനിയോസു ആഗ്ലിക്കൻ തിരുമേനി മലങ്കര യാക്കോബ്യരെ ക്ഷണിക്കുന്നതു് സർവ്വോപരി ശ്രേയമല്ലയോ?

IV

ശീശ്മയും ഇടത്തുട്ടും.

ശീശ്മയും ഇടത്തുട്ടും മഹാപാപങ്ങളാണ്. തിരുസഭയിലെ അധ്യാത്മശ്രേഷ്ഠന്മാരുടെ അധികാരത്തെ തിരസ്കരിക്കുന്നതിനാൽ ശീശ്മ (മതഭേദം) ഉത്ഭവിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ ഒന്നോ അതിലധികമോ നിയമങ്ങളെ തൃജിക്കുന്നതിനാൽ ഇടത്തുട്ട് (മതദ്വേഷം) ഉണ്ടാകുന്നു. ഇവരണ്ടും കൊലപാതകം വിഗ്രഹാരാധന മുതലായവയോടൊപ്പം ഭയങ്കര പാപങ്ങളായിട്ടാണ് വി: പൗലൂസിന്റെ ദൃഷ്ടിയിൽ പെട്ടിരുന്നതു്. കത്തോലിക്കു തിരുസഭയിൽ നിന്നും പിരിഞ്ഞുപോകുന്ന പതിതകക്ഷികൾ ഉണ്ടാകുമെന്നു വേദപുസ്തകത്തിൽ തെളിവായികല്പിച്ചിട്ടുണ്ട്. "സഭയിൽ ഭിന്നത വരുത്തുന്ന മനുഷ്യനോടു ഒന്നു രണ്ടുവട്ടം ബുദ്ധിപറഞ്ഞശേഷം അവനെ ഒഴിക്ക. ഇങ്ങനെയുള്ളവൻ വക്രബുദ്ധിയായി പാപം ചെയ്തു തന്നത്താൻ കുറ്റംവിധിച്ചിരിക്കുന്നു എന്നു് നിനക്കറിയാമല്ലോ" തീത്തോസ് 3: 10—11.

"കടുത്തകാലങ്ങളിൽ ഓരോരുത്തൻ വിശ്വാസത്തിൽ നിന്നും തെറ്റിപ്പോകുമെന്നും തട്ടിക്കുന്ന ആത്മാക്കളുടെ പുറകെയും പൈശാചിക പഠനങ്ങളുടെ പിന്നാലെയും അവർപോകുമെന്നും വിശ്വാസ രൂപിതെളിവായി കല്പിക്കുന്നു" തീമോ: 4. 1.

പതിതരുടെ ദുഷ്ടതയെ ചൂണ്ടിക്കാണിച്ചുകൊണ്ട് സത്യ വിശ്വാസികൾ ഏകകണ്ഠമായി നിലകൊള്ളുന്നതിനുപദേശിക്കുന്നതാണ് യൂദാശ്ലീഹായുടെ ലേഖനത്തിലധികഭാഗവും "ഇവർ (പതിതർ) കാറ്റുകളാൽ ഓടിക്കപ്പെടുന്ന വെള്ളമില്ലാത്ത മേഘങ്ങളും ഇലകൊഴിഞ്ഞും ഫലമില്ലാതെയും രണ്ടാവത്തി മൃതിപ്പെട്ടും വേരറ്റും പോയ വൃക്ഷങ്ങളും, തങ്ങളുടെ നാണക്കേടുകളെ നുരച്ചുതള്ളുന്ന കൊടിയ കടൽ തിരകളും, വക്രഗതിയുള്ള നക്ഷത്രങ്ങളും ആകുന്നു"

യൂദാ. 11: 2—13.

യേശുമിശിഹാ എന്തുപഠിപ്പിക്കുന്നു? ഇതിലേക്കു മത്തായിയുടെ സുവിശേഷം 18: 15—18 വരെ വായിച്ചാൽ മതി. സഹോദരൻ പിഴച്ചാൽ രഹസ്യത്തിൽ അവനോടു ഗുണദോഷിക്കണമെന്നും ആയതു വിഫലമാകുന്നപക്ഷം രണ്ടു മൂന്നു സാക്ഷികളും സഹിതം ശാസിക്കണമെന്നും ആയതും ഫലപ്രദമാകാഞ്ഞാൽ സഭയെ അറിയിക്കണമെന്നും "സഭയെ അനുസരിക്കാത്തവൻ നിനക്കു കാച്യനും ചുങ്കക്കാരനുംപോലെ ഇരിക്കട്ടെ എന്നും വിധിച്ചിരിക്കുന്നു. മേൽ പ്രസ്താവിച്ച ത്രിവിധ ശാസനങ്ങളേയും അനുസരിക്കാതെയിരിക്കുന്നതിനാൽ സഭയിൽ നിന്നും ബഹിഷ്കരിക്കപ്പെടുന്നവൻ—കെട്ടപ്പെടുന്നവൻ—സ്വർഗ്ഗത്തിലും കെട്ടപ്പെട്ടവനായിരിക്കുമെന്ന് ഈശോമിശിഹാ കല്പിച്ചിരിക്കുന്നു. മിശിഹായുടെ കല്പനപ്രകാരം നിയുക്തരായ തിരു സഭയിലെ അധികാരികളും ഭ്രമിയിൽ കെട്ടുകയോ അഴിക്കുകയോ ചെയ്യുന്നതെല്ലാം സ്വർഗ്ഗത്തിലും അതേപ്രകാരം ഭവിക്കുന്നതാണെങ്കിൽ, സഭയാൽ മുടക്കപ്പെടുന്നവരും അവർ നിമ്മിക്കുന്ന സഭയുടെ അംഗങ്ങളും സ്വർഗ്ഗീയസ്വാതന്ത്ര്യമനുഭവിക്കുമെന്ന് പറയുന്നതിന്റെ ആന്തരം അജ്ഞാതമായിരിക്കുന്നു. തിരു സഭയുടെ പരമാധികാരി ഭ്രമിയിൽ വച്ചു തെറ്റുകാരനായ സ്ഥാനിയേയോ ഭരണാധിപനേയോ കെട്ടിയാൽ സ്വർഗ്ഗത്തിലുംകെട്ടപ്പെട്ടുന്നതാണെന്നും ഭ്രമിയിൽ വച്ചു അഴിച്ചാൽ സ്വർഗ്ഗത്തിലും അഴിഞ്ഞതായിരിക്കുമെന്നും ഉറപ്പായി കല്പിച്ചതു് സ്വർഗ്ഗസ്ഥനായ രാജാവാകയാൽ സംശയത്തിന് ലേശം

അവകാശമില്ലാ. യാക്കോബ്യരും മാത്തോമ്യരും തിരു സഭാവിഭാഗങ്ങളാണെന്ന അതാതു സഭാംഗങ്ങൾ വാദിക്കുന്ന സ്ഥിതിക്ക് പാലക്കുന്നത്തു മത്തൂസ് മാർ അത്താനാസ്യോസിനേയും, വട്ടശ്ശേരിൽ ഗീവറുഗീസു മാർ ദീവന്നാസ്യോസിനേയും അന്ത്യോക്യാപാത്രിയക്കീസ്---മർദീൻപാത്രിയക്കീസ്---ഭ്രമിയിൽ വച്ചു കെട്ടിയതു സ്വർഗ്ഗത്തിലും അംഗീകരിച്ചതായിട്ടല്ലയോ ബൈബിൾ മൂലം അനുമാനിക്കേണ്ടതു? നവീകരണസഭയിൽ നിന്നും ഇടയാറന്മുള മിസ്റ്റർ കെ. വി. സൈമനെ ബഹിഷ്കരിച്ചതുകൊണ്ടു പൂർവ്വാധികം സ്വർഗ്ഗീയ സ്വാതന്ത്ര്യം അദ്ദേഹത്തിനു ലഭിച്ചതായി അവരിൽ ആരെങ്കിലും വാദിച്ചാൽ അതു വേദാനുസരണമായിരിക്കുമോ? മിശിഹായുടെ സത്യസഭ മാത്തോമ്മാസഭ നവീകരണസഭ—ആണെങ്കിൽ മഹാകവി കെ. വി. സൈമൻ സ്വർഗ്ഗത്തിൽകെട്ടപ്പെട്ടവനും തന്മൂലം അദ്ദേഹവും അനുയായികളും ശിക്ഷാർഹന്മാരുമത്രെ. മുടക്കുകൊണ്ടു രക്ഷാതടസ്സമില്ലെങ്കിൽ അതിനുള്ള വിലയെന്തു? സഭയിൽ നിന്നും തള്ളപ്പെട്ടവൻ കാവ്യനും മുങ്കുക്കാരനും പോലെയിരിക്കട്ടെ എന്നു ഉപദേശിച്ച മിശിഹായുടെ കല്പനയെ നിഷേധിച്ചു പഠിപ്പിക്കുന്ന അകത്തോലിക്കരെപ്പറ്റി എന്തു പറയട്ടെ!

വി: ആഗസ്തീനോസ് ഉപദേശിക്കുന്നതു എന്തു? കത്തോലിക്കാതിരുസഭയിൽനിന്നുംപിരിഞ്ഞുപോകുന്നവൻ ആരായിരുന്നാലും അവന്റെജീവിതം എത്രനല്ലതായിരുന്നാലും ശരി. അവൻ നിത്യ രക്ഷപ്രാപിക്കയില്ല. ഈശോമിശിഹായുടെ ഐക്യത്തിൽനിന്ന് അവൻ വേർപിരിഞ്ഞുപോയി എന്നുള്ള ഏക കുറ്റത്താൽതന്നെ ദൈവകോപം അവന്റെമേൽ ഉണ്ടാകും. തിരുസഭയ്ക്കു കീഴ്വഴങ്ങാതിരിക്കുന്ന ഇവന്റെ നന്മയും മഹാഭയും നേമ്മയുള്ളതും നാശകരവുമായ ഒരു കപടഭക്തിയാണു.

(St. Augustine.)

മാർദീവന്നാസ്യോസ് മെത്രാപ്പോലീത്താ എന്താണു പഠിപ്പിക്കുന്നതു? "യാക്കോബായ സുറിയാനി സത്യവിശ്വാസ സഭയിലെ മതോപദേശസാരങ്ങൾ" എന്നപേരിൽ ഇദ്ദേഹം പ്ര

സിദ്ധാംചെയ്തിട്ടുള്ള പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതു താഴെച്ചേർക്കുന്നു. "സത്യവിശ്വാസത്തിനെതിരാളികളായി കാണപ്പെടുകയോ, സഭയിൽ വിരുദ്ധം ഉണ്ടാക്കുകയോ, സഭയുടെ നിശ്ചയങ്ങളേയും തങ്ങളുടെ മേലധികാരികളുടെ കല്പനകളേയും അനുസരിക്കാതിരിക്കയോ, പൈശാചികമായി നടക്കയോ ചെയ്യുന്നവരെ സഭയിൽ നിന്നും തിരിച്ചു ഭ്രഷ്ടാക്കുവാൻ സഭയ്ക്കും സഭയുടെ ഭരണകർത്താക്കൾക്കും അധികാരമുണ്ട്. സഭയിൽ നിന്നും ഭ്രഷ്ടാക്കപ്പെട്ടുന്നവരെ സത്യമുള്ള അനുതാപത്താൽ തിരികെ കൈക്കൊള്ളുന്നതുവരെ വിശ്വാസത്തിനു അന്യന്മാരെന്നപോലെ വിചാരിപ്പാനുള്ളതും ആകുന്നു" പുറം 52.

"സഭയുടെ പട്ടതപ്രത്തിനടുത്ത മേലധികാരം അന്ത്യോക്യാസിംഹാസനത്തിന്മേൽ വാഴുന്ന മാറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവാതിരുമനസ്സിലേക്കു ഇരിക്കുന്നതാകുന്നു. പട്ടതപ്രത്തിനടുത്തവർ സുന്നഹദോസുകളാലോ താന്താങ്ങളുടെ മേലധികാരികളാലോ തള്ളപ്പെടുകയോ മുടക്കപ്പെടുകയോ ചെയ്യാതിരിക്കുമ്പോൾ അയോഗ്യന്മാരായിരുന്നാലും അവരാൽ ശുശ്രൂഷിക്കപ്പെടുന്ന ക്രദാശകളുടെ ഫലത്തെക്കുറിച്ചു സംശയിക്കയോ അവയിൽ സംബന്ധിക്കാതിരിക്കയോ ചെയ്യാൻ ഒരുത്തനും ന്യായമില്ലാ..... ..... ദോഷികളായി കാണപ്പെടുന്നവരെ മുടക്കേണ്ടതും മുടക്കിയതിന്റെ ശേഷം അവർ യാതൊരു ക്രദാശകളും കഴിച്ചുകൂടാത്തതും ശങ്കതീർന്നു കഴിക്കുന്നവരോടുകൂടെ വിശ്വാസികൾ സംബന്ധിച്ചുകൂടാത്തതും ആകുന്നു". പുറം 18.

സാവ്വത്രിക സമ്മതം ലഭിച്ചിട്ടുള്ളതെന്നു യാക്കോബ്യർ വിശ്വസിച്ചുപോരുന്ന പല പുരാതനഗ്രന്ഥങ്ങളെ ആധാരമാക്കി മെത്രാപ്പോലീത്താ എഴുതിയിട്ടുള്ള മതസംഗതിയിൽ നിന്നും ഏതാനും ഭാഗങ്ങൾ മേൽ ഉദ്ധരിച്ചിരിക്കുന്നതു സശ്രദ്ധം വായിക്കേണ്ടതത്രെ. അന്ത്യോക്യാ സിംഹാസനത്തിന്റെ പരമാധികാരത്തേയും, മുടക്കിന്റെ സാധുതപത്തേയും ഇപ്പോൾ മെത്രാപ്പോലീത്താ നിഷേധിച്ചിരിക്കയാണല്ലൊ. ഇതിന്റെ തെളിവിലേക്കു ധാരാളം സംഗതികൾ പ്രസ്താവിക്കാനുണ്ടെ

ങ്കിലും വിസ്തരഭയത്താൽ അവയെ ഉപേക്ഷിക്കാതെ തരമില്ല. 1090 -ൽ സിവിൽ 1-ാം നമ്പരായി ഫയലാക്കിയിട്ടുള്ള കോട്ടയം ചെറിയപള്ളിക്കേസിൽ സാക്ഷി സ്ഥാനത്തു കൊടുത്ത ഏതാനും മൊഴികൾ മാത്രം താഴെച്ചേർക്കുന്നു.

106 മിഥുനം 3 പ്രതിദിനത്തിൽ നിന്ന്

ചോദ്യം. ഇപ്പോൾ മലയാളത്തു വന്നിരിക്കുന്ന അന്ത്യോക്യാ പാത്രിയർക്കീസായ മോറാൻമാർ ഏലിയാസ് തൃതീയനു തിരുമേനിയുടെ മേൽ പാത്രിയർക്കീസെന്ന നിലയിൽ അധികാരമുണ്ടെന്നു തിരുമേനി സമ്മതിക്കുന്നുണ്ടോ?

ഉത്തരം. ചോദ്യത്തിൽ പറയുന്ന പാത്രിയർക്കീസിനെ വ്യവസ്ഥയിന്മേൽ മാത്രമേ നാം സ്വീകരിക്കുന്നുള്ളൂ. അതിനാൽ ഇപ്പോൾ അധികാരമുള്ളതായി നാം സമ്മതിക്കുന്നില്ല.

ചോദ്യം. ഇപ്പോൾ അന്ത്യോക്യാ സിംഹാസനത്തിൽ പാത്രിയർക്കീസുണ്ടോ?

ഉത്തരം. അന്ത്യോക്യാ സിംഹാസനമെന്നു പറയുന്നതു കുറുക്കുമാടയറായെ കുറിച്ചാണെങ്കിൽ ഇപ്പോൾ അവിടെ ഒരു പാത്രിയർക്കീസും ഇരിപ്പുള്ളതായി നമുക്കറിവില്ല. എന്നാൽ അവിടെ ഒരു പാത്രിയർക്കീസ് നടത്തേണ്ടതായുള്ള സകല അധികാരങ്ങളും നടത്തുവാൻ തക്കവണ്ണം ഒരു കായിംഖാനെ തുർക്കി ഗവർമ്മെൻറ് നിയമിച്ചിട്ടുള്ളതായി അറിയുന്നു.

കുറുപ്പുമ്പടി സംഭാഷണത്തിൽ ഒരു ഭാഗം:-

(പ്രതിദിനം 1106 മിഥുനം 18)

ബാവാ. പാത്രിയർക്കീസിന്റെ അധികാരാവകാശങ്ങളെ നിഷേധിച്ചും അന്ത്യോക്യാ സിംഹാസനത്തിൽ ഇപ്പോൾ യഥാർത്ഥ പാത്രിയർക്കീസ് വാഴുന്നില്ലെന്ന് പ്രസ്താവിച്ചും നീ അടുത്ത കാലത്തു മൊഴികൊടുത്തിട്ടില്ലേ?

മെത്രാപ്പോലീത്തായുടെ മറുപടി. പത്രങ്ങളിൽ പല അവാസ്തവപ്രസ്താവനകളും കാണും. പിതാവിന് മലയാളം അറിയാൻ പാടില്ലാത്ത സ്ഥിതിക്ക് എന്നെ ഏതുവിധവും പിതാവിൽനിന്ന അകത്തണം എന്ന ഉദ്ദേശത്തോടുകൂടി വത്തിക്കുന്ന എന്റെ ശത്രുക്കൾ എന്റെ മൊഴി മോറാനെ തെറ്റായി തർജ്ജമചെയ്ത് ധരിപ്പിച്ചിരിക്കുമെന്ന ഞാൻ വിശ്വസിക്കുന്നു.

വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ അഭിപ്രായം എന്ത്?

"ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവമില്ല. ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ട്. ഒരുത്തൻ ഈ ഉപദേശവുംകൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വരുന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്. അവനു കുശലം പറകയും അരുത്. അവനു കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവൃത്തികൾക്കു കൂട്ടാളിയല്ലോ." 2 യോഹ 1: 9—11. കത്തോലിക്കാസഭയൊഴികെ വിഭിന്നസഭകളിൽ ഒന്നുപോലും ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനില്ക്കുന്നില്ലെന്നും, തൻനിമിത്തം അവരോടു കുശലം പറഞ്ഞുകൂടായെന്നും പഠിപ്പിക്കുന്ന സഭ ഏതുണ്ട്? ശ്ലീഹായുടെ അഭിപ്രായത്തോട് യോജിച്ചു പ്രസംഗിക്കുന്നതു കത്തോലിക്കാസഭ മാത്രമല്ലയോ? ബിഷപ്പു ഗോർ അവർകളുടെ ആഗമനം പ്രമാണിച്ചു് ഇരുപതിൽപരം യാക്കോബായ പട്ടക്കാർ 1106-ലെ മാരാമൺ കൊൺവെൻഷ്യൻ പ്ലാറ്റ്ഫാറത്തിൽ ഉപവിഷ്ടരായിരുന്നതിന്റെ ആവശ്യമെന്ത്? ഇരുസഭക്കാരും ഒരേ ഉപദേശമാണോ അംഗീകരിച്ചിട്ടുള്ളതു്? അഭിനവമെത്രാൻ മാർ പീലക്സിനോസു് മാത്തോമ്മാക്കാരുടെ പള്ളികളിൽ പ്രവേശിച്ചു് ലുത്തിനിയാ കഴിച്ചതു് എങ്ങിനെ നീതീകരിക്കാം?

വി: പൗലൂസ് അപ്പസ്തോലൻ എന്തു പറയുന്നു?

ഗലാത്തി 1: 8.

"പെയ്തലോസ്സുശ്ലീഹാ—ധന്യൻചൊൽ
കേട്ടേ—നിതേ—വം
നിങ്ങളെഞങ്ങളറീച്ചതൊഴി-
ച്ചിങ്ങൊരുവൻവന്നറിയിച്ചാൽ
വാനവനെങ്കിലുമദ്ദൂതൻ
ത്യജനേൽക്കുംസഭയിൻ—ശാ—പം
പലതരമുപദേശങ്ങളഹോ
പാരിൽമുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശംതൊ-
ട്ടവസാനിപ്പിപ്പോൻ—ധ—ന്യൻ" (കണ്ഡാനക്രമം)

ശ്ലീഹന്മാർ അറിയിച്ചിട്ടുള്ളതിനു വിപരീതമായി സ്വർഗ്ഗത്തിൽ നിന്നും ഒരു ദൂതൻ വന്ന് പ്രസംഗിച്ചാൽപോലും അവൻ സഭയുടെ ശാപത്തിന് പാത്രമായിത്തീരുമെന്നും ദൈവത്തിന്റെ ഉപദേശം ആദ്യവസാനം മുറുകെ പിടിക്കുന്നവൻ മാത്രമേ ധന്യനായി കാണപ്പെടുകയുള്ളൂ എന്നും മറ്റുമാണ് മേൽ ചേർത്ത ഗീതത്തിന്റെ സാരം. വാനവദൂതൻ സഭയുടെ ശാപത്തിനു അർഹനാകാമെങ്കിൽ മനുഷ്യന്റെ നേരെയുള്ള സഭാശാപം എത്ര ഭയങ്കരമായിരിക്കും?

മിസ്റ്റർ ഇ. എം. ഫിലിപ്പിന്റെ അഭിപ്രായം എന്ത്?

യാക്കോബായസഭാനാഥനായിരുന്ന ഇടവകപത്രികയിൽ ഇതേപ്പറ്റി എങ്ങിനെ രേഖപ്പെടുത്തിയിരിക്കുന്നു എന്നു കൂടി പരിശോധിച്ചുനോക്കാം. "പാത്രിയക്കീസായാലും മെത്രാനായാലും കത്തനാരായാലും ഇടത്തുട്ടുകാരനോ മതവിരോധിയോ ആയാൽ അവരെ ഭ്രഷ്ടാക്കയും നിഷേധിക്കയും ചെയ്യുന്നതാണ് ഞങ്ങളുടെ പതിവ്. അങ്ങിനെ മുടക്കപ്പെട്ടാൽ പിന്നീട് അവർ ചെയ്യുന്ന ക്രിയാശുശ്രൂഷകൾ സാധുവാണെന്നു ഞങ്ങൾ വിചാരിക്കുന്നുമില്ല" (1084-ലെ മിഥുനം ലക്കം വായിക്കുക)

മിശിഹായും ശ്ലീഹന്മാരും ആദിമസഭാപിതാക്കന്മാരും ശീശ്മയെപ്പറ്റിയും മറ്റും പഠിപ്പിച്ചിരിക്കുന്ന ഏതാനും കാര്യങ്ങൾ പ്രസ്താവിച്ചു കഴിഞ്ഞു. ക്രിയാതെ യാക്കോബ്യരുടെ ഗ്രന്ഥസമുച്ചയങ്ങളിൽ നിന്നും പല രേഖകളും ഉദ്ധരിച്ചിട്ടുണ്ട്. ശീശ്മയും ഇടത്തുട്ടും പാപമാണെന്നു യാക്കോബ്യർ സമ്മതിച്ചു

കഴിഞ്ഞിരിക്കയാണെങ്കിലും അനഷ്ഠാനോപദേശങ്ങളിൽ അടുത്തകാലത്തു അഗണ്യത ക്ലിക്കൊണ്ടിരിക്കുന്നു. പാലക്കുന്നത്തു മത്തൂസ് അത്താനാസ്യോസ് മെത്രാപ്പോലീത്താ മുഖാന്തരം സംഭവിച്ച ശീശ്മയേ കാര്യമായും സാരമായും പരിഗണിക്കുന്ന യാക്കോബ്യർ എത്രയുണ്ട്?. അദ്ദേഹത്തിന്റെ അനുഗാമികളായ നവീകരണക്കാരുടെ ക്രമാശകർ സാധുവായിട്ടില്ലയോ യാക്കോബ്യർ വിശ്വസിച്ചുവരുന്നത്. യാക്കോബായ സഭാംഗങ്ങളും നവീകരണ സഭാംഗങ്ങളായ പെൺകുട്ടികളെ കല്യാണം കഴിക്കുന്നതും യാക്കോബ്യരുടെ പെൺകുട്ടികളെ നവീകരണ സമുദായാംഗങ്ങളെകൊണ്ടു വിവാഹം ചെയ്യിക്കുന്നതും എത്ര തരത്തെ ആസ്പദമാക്കിയാണു? സഭയെ അനുസരിക്കാത്തവൻ കാര്യനും ചുങ്കക്കാരനും എന്നപോലെയിരിക്കട്ടെ എന്നു കല്പിച്ച കത്താവിന്റെ കല്പനയ്ക്കനുസൃതമാണോ ഈ വക മിശ്രവിവാഹങ്ങളും. ഇത്തരം വിവാഹത്തിനെതിരായ മനസ്ഥിതിയോടുകൂടിയ പലരും യാക്കോബായസഭയിൽ ഇന്നും ഉണ്ടെന്നുള്ളതു ശ്രദ്ധേയമല്ലയോ? ഈ നടപടിയെ നിരോധിക്കുന്നതിന് സഭയ്ക്കും അതിന്റെ ഭരണകൂടസ്ഥന്മാർക്കും ചുമതലയില്ലയോ? യാക്കോബായ സഭയിൽ യാദൃച്ഛികമായി കടന്നുകൂടിയിട്ടുള്ള ഈ ഭയങ്കര ദുഷിപ്പിനെ അമർച്ചചെയ്യാൻ ഈ സഭ എന്നു സന്നദ്ധമാകുമോ അന്ന് മലങ്കര നവീകരണ സഭ—മാത്തോമ്മാസഭ—ഒന്നിളകി വശാകുന്നതാണ്. ഇന്നത്തെ യാക്കോബ്യർക്ക്, ശീശ്മ ഗ്രന്ഥത്തിലും വ്യവഹാരത്തിലും ഉണ്ടെന്നല്ലാതെ പ്രയോഗത്തിൽ കാണ്മാനുണ്ടോ എന്ന് സത്യാഗ്രഹികൾ ഗവേഷണം ചെയ്യട്ടെ. ചരിത്രപണ്ഡിതനെന്ന് ലോകപ്രസിദ്ധി നേടിയിട്ടുള്ള 'അഡ്രിയാൽ ഫോർട്ടസ്ക്യൂ' എന്ന കത്തോലിക്ക വൈദികൻ 1913-ൽ എഴുതിയിട്ടുള്ള ഒരു കത്തിൽ ഇപ്രകാരം പറയുന്നു "മത്തൂസ് അത്താനാസ്യോസ് മുടക്കപ്പെട്ടുകയും വഞ്ചന പ്രയോഗിക്കയും പാത്രിയർക്കീസിന്റെ അനുമതി കൂടാതെ അഭിഷേകം നടത്തുകയും മറ്റും ചെയ്തു എന്നുള്ളതുകൊണ്ടു യാക്കോബായക്കാർക്ക് അവരുടെ നിലയിൽ ഈ പട്ടങ്ങൾ ശീശ്മക്കട്ടതാണെന്നു പറയാവുന്നതാണു." (കൈവയ്പ് അനുബന്ധം പുറം 44 നോക്കുക.) കത്തോലിക്ക സഭയുടെ മുട

ക്കിന്റെ ഫലമായിട്ടാണ് യാക്കോബായസഭ ആവിർഭവിച്ചതു. യാക്കോബായ സഭയുടെ മുടക്കിന്റെ ഫലമായിട്ടാണ് മാത്തോമ്മാസഭ ഉണ്ടായതു്. ഈ ഉഭയശീശ്മസഭകളും മേൽപറഞ്ഞ പരമാത്മമായ പാരമ്പര്യങ്ങളെപ്പറ്റി അറിഞ്ഞിട്ടായിരിക്കണം പരസ്പരം ശീശ്മവാദങ്ങളിൽ മൗനം അവലംബിച്ചുപോരുന്നതു്.

V

ഇടത്തുട്ടം ശീശ്മയും സംബന്ധിച്ച തിരുസഭ അംഗീകരിച്ചിരുന്ന നയം എന്തു്?

പൈശാചികമായി ജീവിച്ചിരുന്ന കൊറിന്തിലെ ഒരു മനുഷ്യനെ പൗലൂസു് അപ്പസ്തോലൻ ദണ്ഡനാത്മം സാത്താനെ ഏല്പിക്കയും അവൻ അനുതപിച്ചു തിരിയെവന്നപ്പോൾ അവനെ അംഗീകരിച്ചു സഭയോടു ചേർക്കയും ചെയ്തു. 1 കോറി. 5: 13 കെട്ടുകയും അഴിക്കുകയും ചെയ്യാൻ അപ്പസ്തലനുണ്ടായിരുന്ന അധികാരത്തിന്റെ സ്പഷ്ടമായ തെളിവിലേക്കു ഇതിൽ കൂടിയ ദൃഷ്ടാന്തത്തിനാവശ്യമുണ്ടോ? കൊറിന്തിലെ ഈ കൊടിയ പാപിയെ ഭ്രമിയിൽ വച്ചു ശ്ലീഹാ കെട്ടിയതും അഴിച്ചതും സ്വർഗ്ഗത്തിൽ അംഗീകരിച്ചില്ലെന്നു പറയുന്നപക്ഷം അതിൽ എത്രത്തോളം വാസ്തവം ഉണ്ടായിരിക്കും?. ദൈവപുത്രന്റെ ദൈവത്വത്തെ നിഷേധിച്ച അറിയൂസിനേയും അവന്റെ ഉപദേശത്തേയും ശപിച്ചു തള്ളുവാനായി എ. ഡി 325-ൽ നിക്യായിൽ വച്ചു സാവ്വത്തിക സുന്നഹദോസു കൂടിയതു ഏവർക്കും അറിവുള്ളതാണല്ലോ. ഭ്രമിയിൽവച്ചു അറിയൂസിനെ കെടിയതു-മുടക്കിനീക്കിയതു-സ്വർഗ്ഗത്തിലും അംഗീകരിച്ചില്ലെന്നു നീക്യാവിശ്വാസപ്രമാണം പ്രതിദിനം പ്രാർത്ഥനയിൽ ഉരുവിടുന്നവർക്കു് പറയാവുന്നതാണോ?. ക്രിസ്താബ്ദം 381-ൽ കൂസ്തന്തീനോ

സ് പോലീസിൽ ക്രൂടിയ സുന്നഹദോസിൽ വച്ച്, വി: യൂഹായു ടെ ദൈവത്വത്തെ നിഷേധിച്ച മക്കദോനിയോസിനേയും അ വന്റെ ഉപദേശത്തെയും ശപിച്ച തള്ളിക്കളഞ്ഞു. മിശിഹാ യിൽ മനുഷ്യ ആത്മം എന്നും ദൈവ ആത്മം എന്നും രണ്ടാളുകൾ ഉള്ളതിൽ മനുഷ്യ ആളിന്റെമാത്രം മാതാവാണ് കന്യകമറി യാം എന്നും തന്നിമിത്തം അവളെ ദൈവമാതാവെന്ന വിളി ക്കാൻ പാടില്ലാ എന്നും ഉപദേശിച്ച നെസ്തോർ പാത്രിയക്കീ സിനെ എ. ഡി. 431-ൽ ക്രൂടിയ എഫേസോസ് സുന്നഹ ദോസ് ശപിച്ച തള്ളി. ഈശോമിശിഹായുടെ മനുഷ്യസ്വഭാ വം ദൈവസ്വഭാവം എന്ന ഇരുസ്വഭാവങ്ങളും ഏകദൈവ ആ ളിൽ യോജിച്ച് ഒന്നായിപ്പോയി എന്നും മറ്റും തെറ്റായി പ ഠിപ്പിച്ച എവുത്തിക്കൂസിന്റെ ഏകസ്വഭാവവാദത്തെ ശപിച്ച നീക്കുന്നതിനായി എ. ഡി. 451-ൽ കല്ക്കദോൻ സുന്നഹദോ സ് ക്രൂടിയത് അറിഞ്ഞിട്ടില്ലാത്ത ക്രൈസ്തവർ ഉണ്ടോ എന്ന സംശയമാണ്. അപ്പോസ്തലകാലം മുതൽ തിരുസഭയിൽ അം ഗീകരിച്ചിരുന്ന നയം എന്തായിരുന്ന എന്ന് ഏകദേശം ഗ്രഹി ക്കുന്നതിന് പര്യാപ്തമായ ഏതാനും സംഗതികളാണ് മേൽ പ്ര സ്താവിച്ചിട്ടുള്ളത്. ഇടത്തുടോ ശീശ്മയോ സഭയിൽ ഉത്ഭവി ച്ചാൽ അതാതുകാലം സാവ്വത്രികസുന്നഹദോസ് മുഖാന്തരവും മറ്റും അ വക ദോഷങ്ങളെയെല്ലാം ബഹിഷ്കരിച്ചുകൊണ്ടാ ണിരുന്നിട്ടുള്ളത്. ഇരുപതിൽപരം സാവ്വത്രികസുന്നഹദോ സുകൾ കത്തോലിക്കാ സഭവകയായി നടന്നു കഴിഞ്ഞിരിക്കുന്നു. ലോകാവസാനത്തോളം സഭയിൽ അധിവസിച്ച് സത്യം പഠി പ്പിക്കേണ്ട വിശ്വാസപ്രമാണങ്ങൾ 431-മാണ്ടിനുശേഷം (അതുമുതൽ മൂന്നു പൊതുസുന്നഹദോസിനുശേഷം) സഭയിൽനിന്നും കടന്നു പോയിരിക്കുമോ? അങ്ങിനെ പോയിട്ടില്ലെങ്കിൽ അകത്തോ ലിക്കർ—യാക്കോബ്യർ—സാവ്വത്രിക സുന്നഹദോസ് നടത്തു ത്തതിന്റെ രഹസ്യം എന്ത്?

തിരുസഭയേയും ഭരണാധികാരികളേയും അനുസരിക്കണ മെന്ന് മിശിഹായും അപ്പോസ്തലന്മാരും പഠിപ്പിക്കയും ആദി മസഭ അംഗീകരിച്ച് നടപ്പിലാക്കുകയും ചെയ്തവണ്ണമാണോ ഇ

ന്നത്തെ യാക്കോബ്യരുടെ നില എന്ത് അവധാനപൂർവ്വം ചിന്തിക്കേണ്ടതാണ്. കല്ക്കദോൻ സുന്നഹദോസുകാലത്തുണ്ടായിരുന്ന പാത്രിയക്കീസന്മാരുടേയും എപ്പിസ്കോപ്പന്മാരുടേയും അനുമതിയും ആലോചനയുമില്ലാതെ കേവലം തന്നിഷ്ടമായി നടത്തിയ മതപ്രചരണകൃത്യങ്ങളും പട്ടാഭിഷേകങ്ങളും ക്രൈസ്തവ സഭയുടെ അമൂല്യപ്രമാണങ്ങൾക്കനുയോജ്യമാണെന്ന് സുബുദ്ധിയുള്ളവർ സമ്മതിക്കുന്നതാണോ?. അബ്ദുള്ളാ പാത്രിയക്കീസുബാവാ അവർകളുടെ ആഗമനകാലത്ത് സുറിയാനി സഭാസംരക്ഷകൻ ലാലുലേഖാപ്രവൃത്തകന്മാർ ചെയ്തിട്ടുള്ള പ്രസ്താവനകളും ഭയങ്കരങ്ങളും ലജ്ജാവഹങ്ങളും ആയിരുന്നില്ലേ? അടുത്തകാലത്തു പാണമ്പടിക്കൽ പള്ളിയിൽ എഴുന്നെള്ളിയിരുന്ന പാത്രിയക്കീസുബാവാ അവർകളും അജ്ഞാപിച്ചതിനു വിപരീതമായി മലങ്കരമെത്രാപ്പോലീത്താ അസോസ്യേഷൻ കൂട്ടുന്നതിനു നോട്ടീസു പുറപ്പെടുവിച്ചതു് അനുകരണീയമായ അനുസരണമാണോ?. അതും പോരാഞ്ഞു കുറുപ്പംപടിപ്പള്ളിയിൽ മെത്രാപ്പോലീത്താ അവർകളെ ക്ഷണിച്ചുവരുത്തി അസോസ്യേഷൻ യോഗം കൂട്ടുവാനെന്നു വീണ്ടും അജ്ഞാപിച്ചതിനേയും ലംഘിച്ചു പ്രസ്തുത യോഗം നടത്തിയതിൽ പരം അനുസരണം ഇനിയും ഉണ്ടാകുമോ?. പാത്രിയക്കീസിന്റെ തുടച്ചയായ രണ്ടു കല്പനകളെ അടിയ്ക്കടി അവഗണിക്കുന്നതിനു മെത്രാപ്പോലീത്താ അവർകൾക്കു അവകാശമുണ്ടായ സ്ഥിതിക്കു മെത്രാപ്പോലീത്തന്മാരുടെ തുടർച്ചയായ നാലു കല്പനകളെയെങ്കിലും അനുസരിക്കാതിരിക്കാൻ അത്മേനിക്കും അനുവാദം ലഭിക്കാതിരിക്കുമോ?.

അന്ത്യോക്യാസഭയെ ഭരിച്ച എപ്പിസ്കോപ്പന്മാരിൽ വി: പത്രോസ് കഴിഞ്ഞാൽ പിന്നെ ഏറ്റവും ഉയർന്ന സ്ഥാനത്തിന് അർഹതയുള്ളതു് പുണ്യവാനായ ഇഗ്നാത്യോസിനാണ്. യേശുക്രിസ്തു കൈവച്ചു് അനുഗ്രഹിച്ച ശിശുക്കളിൽ ഒരാളാണെന്നും ദൈവത്തെ ധരിച്ചവനെന്നും അഭിമാനപൂർവ്വം ഇദ്ദേഹത്തെപ്പറ്റി യാക്കോബ്യർ പ്രസംഗിക്കുന്നുണ്ടല്ലോ. ഇദ്ദേഹവും പോളിക്കാർപ്പും വിശുദ്ധയോഹന്നാൻ അപ്പസ്തോലന്റെ ശിഷ്യന്മാ

രുമാണ്. പലപ്രകാരത്തിൽ പ്രഖ്യാതനായ മാർ ഇഗ്നാത്യോസിന്റെ അഭിപ്രായങ്ങളെ യാക്കോബ്യർ ആദരിക്കുമെന്ന് വിശ്വസിക്കുന്നു. പില്ക്കാലത്ത് അന്ത്യോക്യാ സിംഹാസനത്തിൽ ഭരണം ചെയ്തിട്ടുള്ളവർ എല്ലാം അവരുടെ സ്ഥിരമായ സ്ഥാനപ്പേരായി "മാർ ഇഗ്നാത്യോസ്" എന്ന പദം സ്വീകരിക്കയും ചെയ്തിരിക്കുന്നു. അദ്ദേഹം എഴുതിയിട്ടുള്ള ലേഖനങ്ങളിൽനിന്നും ഏതാനും ഭാഗങ്ങൾ താഴെച്ചേർക്കുന്നു. എഫ്പ്പേസൂസിലെ സഭയ്ക്ക് അദ്ദേഹം എഴുതിയ ലേഖനത്തിൽ ഇപ്രകാരം കാണുന്നു. "എപ്പിസ്കോപ്പായെ അനുസരിക്കുന്നതുമൂലം നാം ദൈവത്തിനുള്ളവരാകേണ്ടതിനു വേണ്ടി, എപ്പിസ്കോപ്പായെ എതിർക്കാതിരിക്കാൻ നാം സൂക്ഷിക്കണം."

സ്മർണ്ണായിലെ സഭയ്ക്ക് അദ്ദേഹം എഴുതിയ ലേഖനത്തിൽ ഇപ്രകാരം കാണുന്നു "യേശുക്രിസ്തു പിതാവായ ദൈവത്തെ അനുഗമിച്ചതുപോലെ നിങ്ങളുടെ എപ്പിസ്കോപ്പായെ നിങ്ങൾ അനുഗമിപ്പിൻ. അപ്രകാരം തന്നെ അപ്പസ്തോലന്മാരെ എന്നപോലെ നിങ്ങളുടെ പുരോഹിതന്മാരെയും നിങ്ങൾ അനുഗമിപ്പിൻ. എപ്പിസ്കോപ്പാ എവിടെ നില്ക്കുന്നുവോ അവിടെ കൂടി ജനങ്ങളും നില്ക്കണം. എപ്പിസ്കോപ്പായെ ബഹുമാനിക്കുന്നവനെ ദൈവവും ബഹുമാനിക്കുന്നു."

മഗ്നേഷ്യസഭയ്ക്കുള്ള ലേഖനത്തിൽ നിന്നും: — "എപ്പിസ്കോപ്പാ ദൈവത്തിന്റെ സാദൃശത്തിലും പുരോഹിതന്മാർ അപ്പോസ്തലന്മാരുടെ സംഘത്തിന്റെ സാദൃശത്തിലും അധ്യക്ഷം വഹിക്കുന്നു" ഇഗ്നാത്യോസിന്റെ ലേഖനങ്ങളിൽ നിന്നും മേൽ ഉദ്ധരിച്ചിട്ടുള്ള ഭാഗങ്ങളിൽ എപ്പിസ്കോപ്പായെ ദൈവത്തിന്റെ സാദൃശ്യത്തിലാണ് ഉപമിച്ചിരിക്കുന്നത്. എപ്പിസ്കോപ്പന്മാരെ അനുസരിക്കുന്നതിൽ കാണിച്ച വിമുഖതയല്ലേ യാക്കോബായസഭയുടെ ആവിർഭവത്തിനും ആധുനിക അന്തഃഛിദ്രങ്ങൾക്കും പ്രധാനവും പ്രഥമവുമായ കാരണം? ഒരു കാലത്ത് റീത്ത് എപ്പിസ്കോപ്പായുടെ ഐക്യത്തെ ഉപേക്ഷിച്ച് ഒരു പാത്രിയക്കീസിനെ സ്വീകരിക്കയും അനന്തര കാലങ്ങളിൽ പാത്രിയക്കീസിനെ നിഷേധിച്ച് കാതോലിക്കായെ സ്വീകരിക്കയുമ

LITTLE FLOWER MONASTERY

ല്ലെ ചെയ്തിട്ടുള്ളത്. ഭാവിയിൽ കാതോലിക്കായെ തെരഞ്ഞെടുക്കുകയും ഒരു മലങ്കരമെത്രാപ്പോലീത്തായെ മാത്രം പരമാധികാരിയായി സ്വീകരിക്കുകയും ചെയ്യുകയില്ലെന്ന് എങ്ങിനെ വിശ്വസിക്കും? ചില സംഗതികളിൽ കാതോലിക്കാ ബാവായിക്കില്ലാത്ത അധികാരങ്ങളാണ് മെത്രാപ്പോലീത്തായിക്ക് ഇപ്പോൾ തന്നെ കൊടുത്തിരിക്കുന്നതു നവീകരണ സഭയുടെ ചരിത്രം മേൽ പറഞ്ഞ ആശങ്കയ്ക്ക് പ്രാബല്യം ജനിപ്പിക്കുന്നതിനും പര്യാപ്തമാകുന്നുണ്ട്.

ഇസ്രയേലിന്റെ ചരിത്രം പഠിക്കുമ്പോൾ ദൈവത്തിന്റെ സഭയിലെ ഭരണാധികാരികളെ അനുസരിക്കേണ്ടതു് ഏതുപ്രകാരമാണെന്ന് ഏകദേശം ഗ്രഹിക്കാൻകഴിയും. "യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തുനിന്ന് അവർ പറഞ്ഞുതരുന്ന വിധിപോലെ നീചെയ്യണം' അവർ ഉപദേശിച്ചുതരുന്നതുപോലെ ഒക്കെയും ചെയ്യാൻ ജാഗ്രതയായിരിക്കേണം. അവർ ഉപദേശിച്ചു തരുന്നപ്രമാണത്തിനും പറഞ്ഞുതരുന്ന വിധിക്കും അനുസരണമായി നീചെയ്യണം. അവർ പറഞ്ഞുതരുന്ന വിധിവിട്ട് നീ ഇടത്തോട്ടോ വലത്തോട്ടോ മാറരുതു്. നിന്റെദൈവമായ യഹോവയ്ക്ക് അവിടെ ശുശ്രൂഷ ചെയ്തുനില്ക്കുന്ന പുരോഹിതന്റെയോ ന്യായാധിപന്റെയോ വാക്ക് കേൾക്കാതെ ആരെങ്കിലും അഹങ്കാരംകാണിച്ചാൽ അവൻ മരിക്കണം" ആവർത്ത. 17: 10-12 ദൈവത്തിനു ശുശ്രൂഷിക്കുന്ന പുരോഹിതന്റെ കല്പനകളെ അനുസരിക്കാൻ ഓരോരുത്തർക്കുമുള്ള കടമയേയും അനുസരിക്കാത്തവർക്കുള്ള ഭയങ്കര ശിക്ഷയേയും യഹോവശക്തിയായി പ്രബോധിപ്പിക്കുന്നതു് പ്രത്യേകംശ്രദ്ധാർഹമല്ലയോ? പുതിയ നിയമത്തിലും ഏതദ്വിഷയത്തെപ്പറ്റി ശക്തിപൂർവ്വം ഉൽബോധിപ്പിക്കുന്ന അനേക ഭാഗങ്ങൾ ഉണ്ട്. നിങ്ങളെ നടത്തുന്നവരെ അനുസരിച്ച് കീഴടങ്ങിയിരിപ്പിൻ അല്ലാഞ്ഞാൽ നിങ്ങൾക്കുനന്നല്ല" എബ്രായ 13: 17

"ഏതുദേഹിയും ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങട്ടെ. അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടുമറുക്കുന്നു മറുക്കുന്നവൻ ശിക്ഷാവിധിപ്രാപിക്കും" റോമ 13: 12

വേദപുസ്തകത്തിൽ പഴയതും പുതിയതുമായ നിയമങ്ങളിൽ കാണുന്ന അനുസരണത്തിന്റെ പ്രമാണങ്ങൾ പഠിക്കുമ്പോൾ "സഭയെ അനുസരിക്കാത്തവൻ നിനക്ക് കാര്യനും മുങ്കക്കാരനും ആയിരിക്കട്ടെ" എന്നുള്ള മിശിഹായുടെ കല്പനയിലടങ്ങിട്ടുള്ള സാരം ശക്തിയോടുകൂടി അകത്തോലിക്ക് ഹൃദയങ്ങളിൽ സ്പർശിക്കുന്നതായിരിക്കും.

VI

ആത്മരക്ഷാർത്ഥം സ്ഥാപിക്കപ്പെട്ട തിരുസഭ.

മിശിഹാതമ്പുരാൻ ഒരു സഭയെ സ്ഥാപിക്കുമെന്ന് വാഗ്ദത്തം ചെയ്തിട്ടുണ്ട്. മത്തായി. 16: 18. വാഗ്ദത്തപ്രകാരം ഏകസഭയെ പാറമേൽ സ്ഥാപിക്കയും ചെയ്തു. ആ പാറ മിശിഹായാണെന്നും, പത്രോസ് ഏറ്റു പറഞ്ഞ വിശ്വാസമാണെന്നും, പത്രോസ് തന്നെയാണെന്നും പല അഭിപ്രായങ്ങളും ഉണ്ടായിട്ടുണ്ട്. ആ പാറ പത്രോസല്ലെന്ന് പ്രഘോഷിക്കുന്നവരിൽ അലക്സിയോസ് കത്തനാർ അവർകളും ഉൾപ്പെട്ടവർ. മലങ്കരമെത്രാപ്പോലീത്താ അവർകളുടെ അനുവാദകല്പന വാങ്ങിച്ചും കൊണ്ട് പുറപ്പെടുവിച്ചിരുന്ന "കാതോലിക്ക് സഭാ" മാസികയുടെ 1-ാം വാല്യം 1-ാം ലക്കത്തിൽ 31-ാം പുറത്തു് ശ്ലീഹന്മാരുടെ മൻപനും അവരുടെ പ്രതിനിധിയുമായ വിശുദ്ധപത്രോസ് എന്ന പാറമേൽ സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്ന് വിവരിക്കുന്ന ഏതാനും പ്രസ്താവനകൾ ചേർത്തിരിക്കുന്നതു് പലരും പാരായണം ചെയ്തിരിക്കുമല്ലോ. പത്രോസ് എന്ന പാറമേൽ തിരുസഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നതായിട്ടാണ് സാക്ഷാൽ യാക്കോബ്യരും കത്തോലിക്കരും വിശ്വസിക്കുന്നതു്.

ഈശോമിശിഹാ മനുഷ്യാവതാരംമൂലം സ്ഥാപിച്ച തിരുസഭ—സ്വർഗ്ഗരാജ്യം—യുടെ രാജാവു് താൻ തന്നെയാകുന്നു. രാജാവായ മിശിഹാ ഉയരത്തിൽ പിതാവിന്റെ വലത്തുഭാഗത്തു

പോയതു് തിരുസഭയിൽ തന്റെ പ്രതിനിധിയെ—ഭരണാധികാരിയെ—നിയമിച്ചശേഷമാണു്. ദൈവരാജ്യമെന്നു കേൾക്കുമ്പോൾ ഒരു രാഷ്ട്രീയ ചിന്തകനു് അർത്ഥബോധമുണ്ടാകുന്നിടത്തോളം മറ്റാക്കും കിട്ടുന്നതല്ല. ദൈവരാജ്യമാകുന്ന തിരുസഭയിൽ കാരുണ്യനിർഝരവും നിയമനിർമ്മാണവും ആകുന്ന ദൈവീകജോലികളും ഉണ്ടു്. ജോലിക്കാരുമുണ്ടു്. ഭൂമിയിൽ മിശിഹായുടെ വികാരിയും മാർപത്രോസിന്റെ പിൻഗാമിയുമായ മാപ്പാപ്പായാണു് കത്തോലിക്കാ സഭയുടെ പരമാധികാരി എന്നു് ഏവർക്കും അറിവുള്ളതാണല്ലോ. തിരുസഭയുടെ ദൃശ്യതലവന്റെ ആജ്ഞാനുസരണം ജീവിക്കുന്നവരെല്ലാം ആരാജ്യത്തിലെ ഉത്തമ പൗരന്മാരാണു്. മിശിഹായുടെ രാജ്യം കേവലം സങ്കല്പഗോളത്തിൽ പെട്ടതല്ല. ഉണ്ണിമിശിഹായുടെ സന്നിധിയിൽ വിദ്വാന്മാർ പൊന്നു് കാഴ്ച അർപ്പിച്ചതു് രാജസ്ഥാനസൂചകമായിട്ടായിരുന്നു. സഭയാകുന്ന സ്വർഗ്ഗരാജ്യത്തിൽ ദൃശ്യനായകൻ ഉള്ളവണ്ണം തന്നെ ദൃശ്യഅംഗങ്ങളും, ദൃശ്യമായ ഐക്യം, ദൃശ്യകർമ്മങ്ങളും, ദൃശ്യമായ നിയമസംഹിതകളും എന്നിവയെല്ലാം ഉണ്ടായിരിക്കുന്നതാണു്. തന്നിമിത്തം അതിനെ—സഭയെ—ഒരു ലോകസാമ്രാജ്യത്തോടു് ഉപമിക്കുന്നതിൽ അപാകമൊന്നുമില്ല. യാക്കോബ്യർ ഉപയോഗിക്കുന്ന കൃംതാപ്രാർത്ഥനക്രമത്തിൽ നിന്നും ഒരു ഭാഗം താഴെച്ചേർക്കുന്നു.

"വിണ്ണുലകിന്നരചൻതാൻ
തൻസഭയെപ്പണിതതിനെ
ആക്കിത്തന്നാസ്ഥാനം
പുക്കതിനുള്ളേ വാണു
കർത്താതന്നൊട്ടസംസാ-
രിക്കേണ്ടുന്നവരെല്ലാം
സഭയും പൂകട്ടെയിതാ-
താനതിൽ മേവീടുന്നു
ഹാലേലൂയ്യാ ഉഹാലേലൂയ്യാ
സഭയെ വളർത്തുന്നവനെ!
കൃപചെയ്തീടിയാരിൽ" പുറം 34.

"മിശിഹാതൻ മണവാട്ടി
ആയീടുംസ്തുത്യസഭ
ഭാഗ്യങ്ങൾ പൂർണ്ണമതാം
പർദീസാസദൃശമഹോ"

പുരാതന സുറിയാനി പിതാക്കന്മാരുടെ കൃതിയുടെ മലയാള വിവർത്തനമാണ് കൃംതാപ്രാർത്ഥനക്രമത്തിൽ നിന്നും മേൽ ഉദ്ധരിച്ചിട്ടുള്ളത്. ഇതിൽ ആദ്യം ചേർത്തിട്ടുള്ള ഗീതത്തിന്റെ ഏകദേശമായ അർത്ഥം ഇപ്രകാരമാണ്. "സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും രാജാവായ താൻ തന്റെ സഭയെ പണിയുകയും അതിനെ തന്റെ ആസ്ഥാനമാക്കി അതിനുള്ളിൽ താൻ വസിക്കയും ചെയ്യും. അങ്ങിനെയുള്ള കർത്താവിനോടു സംസാരിക്കേണ്ടുന്നവരെല്ലാം താൻ എന്നേക്കും അധിവസിക്കുന്ന ഏക സഭയിൽ പ്രവേശിക്കട്ടെ" രാജാധിരാജനായ മിശിഹാസ്ഥാപിച്ച തിരുസഭയിൽ നിന്നു ഭ്രഷ്ടാക്കപ്പെട്ടവർ മേലാൽ തന്നോടു സംസാരിക്കാൻ കഴിയാത്തവണ്ണം പുറത്താക്കപ്പെട്ടിരിക്കുന്നു എന്ന് ഈ ഗീതശകലം മുഖാന്തരം യാക്കോബ്യർ പ്രഘോഷിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അടുത്ത കാലത്തു് ഈ മട്ട് മാറിത്തുടങ്ങി. കത്തോലിക്കാ സഭയിൽ നിന്നും വെട്ടിനീക്കപ്പെട്ടതും ശപിച്ചു തള്ളിയതുമായ ഏതു സഭയിൽ ഉൾപ്പെട്ടുനിന്നാലും എപ്പിസ്കോപ്പസിയും ക്രമാശകളും സാധുവായിരുന്നാൽ ആത്മരക്ഷ തട്ടിയെടുക്കാമെന്നുള്ള ആധുനിക ഉപദേശത്തെ പ്രചരിപ്പിക്കുന്നതിന് മ: മനോരമാ ലേഖകന്മാരും മറ്റും ചെയ്യുവരുന്ന പ്രയത്നം ആശ്ചര്യകരമായിരിക്കുന്നു!. നവീകരണസഭയിലെ പട്ടതപം സാധുവാണെന്നും ആ സഭയോടു ഐക്യപ്പെട്ടുന്നതു ആശാസ്യമാണെന്നും പ്രസംഗിക്കുന്ന യാക്കോബ്യർക്ക് മേൽചേർത്തിരിക്കുന്ന ഗീതത്തിലെ ആശയം പ്രതികൂലമാണെന്ന് വിശിഷ്യാ പ്രസ്താവിക്കേതില്ലല്ലോ രണ്ടാമതു ചേർത്തിട്ടുള്ള ഗീതത്തിൽ സഭയാകുന്ന ഏകമണവാട്ടി ഭാഗ്യസമ്പൂർണ്ണമായ പർദീസായുടെ തുല്യമാണെന്നു വിവരിച്ചിരിക്കുന്നു മിശിഹായുടെ ഏകമണവാട്ടി സഭയെ അനേക പർദീസാകളോടു ഉപമിക്കാഞ്ഞതു എന്തുകൊണ്ട്? മേൽ ഉദ്ധരിച്ച ഉദ

ഈ ഗീതത്തിലെയും ആശയങ്ങളെ ത്യജിക്കുന്ന ഉപദേശങ്ങളും യാക്കോബായ സഭയിൽ തള്ളിക്കയറി സ്ഥലം പിടിക്കുമ്പോൾ കത്തോലിക്ക പുനരൈക്യത്തിനുള്ള കാലമായിരിക്കുന്നു എന്നും അതിലേക്ക് സകലമാനപേരേയും സാദരം ക്ഷണിക്കുന്നു എന്നും ഏവരും ഗ്രഹിച്ചിരിക്കട്ടെ.

സഭയെ കർത്താവിന്റെ ശരീരമെന്ന് വിളിക്കുന്നുണ്ട്. എഫേസ്യ 1: 22—23. കോലസ്യ 1: 18. ദൈവപുത്രന്റെ ശക്തികളെ വെളിപ്പെട്ടതു തന്റെ ശരീരം വഴിയായിട്ടായിരുന്നു. ശരീരത്തിന്റെ ജോലി അതിലിരിക്കുന്ന ജീവനെ വെളിപ്പെടുത്തുകയാണല്ലോ. അതുകൊണ്ട് മിശിഹായുടെ സകലകൃപകളും എല്ലാവർക്കും കൊടുക്കുന്നതിനുള്ള വഴിയാണ് സഭ. കർത്താവിന്റെ ജീവനെ വെളിപ്പെടുത്തുന്നതു് ശരീരമാകുന്ന സഭയാണ്. ശരീരത്തിനുള്ളവണ്ണം സഭയ്ക്കും പല അവയവങ്ങളും ഉണ്ട്. മേൽപട്ടക്കാർ, പട്ടക്കാർ, അത്മായക്കാർ എന്നവരത്രെ അവയവങ്ങളും. അവയവങ്ങൾക്ക് ക്ലിപ്തജോലികളും ഉണ്ട്. നമുക്ക് ലഭിക്കുന്ന ജീവൻ കൃപാമാർഗ്ഗങ്ങളാകുന്ന ക്രിയാശകം വഴിയായി തിരുസഭയിൽ കൂടി കർത്താവത്രെ പ്രദാനം ചെയ്യുന്നതു്. സഭയോടു ചേരുന്നതു മിശിഹായോടു ചേരുകതന്നെയാകുന്നു. "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു" യോഹന്നാൻ 15: 5. മുന്തിരിവള്ളിയുടെയും കൊമ്പുകളുടെയും ഉപമ മേൽപറഞ്ഞ പരസ്പരബന്ധത്തെ ഭംഗിയായി സ്പഷ്ടമാക്കുന്നുണ്ട്. കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായിപ്പാൻ കഴിയുന്നതല്ലാ. കത്തോലിക്ക സഭയുടെ അംഗമാകാത്ത ഒരുവനു ഫലം കായ്പ്പാൻ എങ്ങിനെ കഴിയും?

പഴയനിയമത്തിൽ ദാനിയേലിന്റെ പുസ്തകത്തിലെ അവസാനഭാഗങ്ങളും ഒഴികെ ശേഷമെല്ലാം എബ്രായഭാഷയിൽ എഴുതപ്പെട്ടിരുന്നു. ദാനിയേലിന്റെ പുസ്തകത്തിന്റെ അവസാനഭാഗങ്ങളും അമ്മേക്ക് സുറിയാനിയിലാണ് എഴുതിയിരുന്നതു്. പഴയനിയമം എബ്രായഭാഷയിൽ നിന്നും 70 പേർ കൂടി ഗ്രീക്കുഭാഷയിലേക്ക് തർജ്ജമചെയ്തു. ആ തർജ്ജമയ്ക്കാ

ണ്ട് "സെപ്റ്റ്വജന്റ്" എന്നു പറയുന്നതു്. കാരണം എന്ന എബ്രായപദം ഈ തർജ്ജമയിൽ എക്ലീസ്യ എന്ന ഗ്രീക്കു പദത്താൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. എക്ലീസ്യ എന്ന ഗ്രീക്കുപദത്തിനു മലയാളതർജ്ജമക്കാർ സഭ എന്ന പദമാണ് സ്വീകരിച്ചിരിക്കുന്നതു്. ന്യായാധിപതിമാർ 21: 8. നാളാഗമം 29: 1. നടപ്പു് 7: 38. എബ്രായ 2: 12. പഴയതിലും പുതിയതിലുമുള്ള പ്രസ്തുത വാക്യങ്ങളും തമ്മിൽ ഒത്തുനോക്കുക. ഗ്രീക്കുഭാഷാഗ്രന്ഥങ്ങളിൽ എക്ലീസ്യ എന്ന വാക്കിനു് ജനപ്രതിനിധികളും രാഷ്ട്രീയകാര്യങ്ങളെ സംബന്ധിച്ചു് വാഗ്പ്രതിവാദങ്ങളും ചെയ്തു തീർച്ചയാക്കുന്നതിനുള്ള സംഘമെന്നാണു് അർത്ഥം കൊടുത്തിരിക്കുന്നതു്. നടപ്പു് 19: 39. പുതിയ നിയമത്തിൽ എക്ലീസ്യ എന്ന പദം ഉപയോഗിച്ചിട്ടുള്ളതു് എങ്ങിനെയെല്ലാമാണെന്നു് അനുഭവിക്കുന്നതു് ഉത്തമമാണു്. ഭൂമിയിലുള്ള സത്യക്രിസ്ത്യാനികളുടെ ഏകോപിച്ചുള്ള സംഘത്തിനു് ഈ പദം ഉപയോഗിച്ചിട്ടുണ്ടു്. മത്താ. 16: 18. 1 കോറി 12: 28. എഫേ. 1: 22. ഫിലി. 3: 6. കോലോ. 1: 18—24. നടപ്പു് 20: 28. ഈ ഭാഗങ്ങളും മേൽ പറഞ്ഞതിനു് ഉത്തമോദാഹരണമത്രെ. ഒരു പ്രത്യേക ഗ്രാമത്തിലോ പട്ടണത്തിലോ ഉള്ള സത്യക്രിസ്ത്യാനികളുടെ കൂട്ടത്തിനും ഈ ഗ്രീക്കുപദം ഉപയോഗിച്ചിട്ടുണ്ടു്. നടപ്പു് 5: 11. 1 കോറി 4: 17. ഫിലി. 4: 15. റോമ 16: 1. 1 കോറി 16: 1. സഭ ദൃശ്യമായ ഒരു സ്ഥാപനമാണെന്നു് മേൽ ഉദ്ധരിച്ച വേദവാക്യങ്ങളും കൊണ്ടും എബ്രായ, ഗ്രീക്കു് എന്നീ മൂലഭാഷാപദങ്ങളുടെ അർത്ഥവ്യാപ്തികൊണ്ടും ഏവർക്കും സുഗ്രഹമാകുന്നതാണല്ലോ. എല്ലാ സഭകളിലുംപ്പെട്ടവർക്കും രക്ഷയുണ്ടെന്നും വിവിധ സഭകളിലുള്ള വിശ്വാസന്മാരുടെ കൂട്ടമാണു് തിരുസഭയെന്നും തന്നിമിത്തം ക്ലിപ്തമായോ ദൃശ്യമായോ ഒരു മണവാട്ടിസഭ മിശിഹായിക്കു് ഇല്ലെന്നും പ്രഘോഷിക്കുന്ന മാത്തോമ്മാക്കാരാദിയായ അകത്തോലിക്കരുടെ ഭീമമായ അജ്ഞതയെപ്പറ്റി ഓർമ്മപ്പെടുത്തുന്നതിനായിട്ടാണിത്രയും പ്രതിപാദിക്കാനിടയായതു്. റോമൻകത്തോലിക്കു്, പ്രോട്ടസ്റ്റന്റു്, യൗനായ, അർമ്മനായ, ഇഗ്ല

പ്പായ എന്നീ സഭകളെല്ലാം വിവിധവിശ്വാസത്തിലും ഭരണത്തിലും സ്ഥിതിചെയ്യുന്നുവെങ്കിലും കാതോലികസഭാശാഖകളാണെന്ന് യാക്കോബ്യർ പറയുന്നതു് മുൻപറഞ്ഞതിൽ കൂടിയ ഒരു അബദ്ധമല്ലെന്നുമാത്രമേയുള്ളൂ. മേൽ ചേർത്തിട്ടുള്ള രണ്ടുവിധം അഭിപ്രായങ്ങളെ സാധൂകരിക്കുന്നതിലേക്ക് സഭ എന്ന പദം ബൈബിളിൽ എവിടെയെങ്കിലും പ്രയോഗിച്ചിട്ടുള്ള പക്ഷം അതുതന്നെ പ്രസ്പഷ്ടമാക്കേണ്ട ഭാരം അകത്തോലിക്കരിൽ തന്നെ സ്ഥിതിചെയ്യുന്നു. അകത്തോലിക്കർ ഇതിലേക്ക് അപ്രാപ്തന്മാരാണെങ്കിൽ അവരുടെ അബദ്ധോപദേശത്തെ പററിപ്പിടിക്കാതെ ഉപേക്ഷിക്കട്ടെ. ഭൂലോകമെങ്ങുമുള്ള ദൈവഭക്തന്മാരുടെ അദൃശ്യസംഘത്തിനും, വിഭിന്നങ്ങളായ ദൃശ്യസഭകളുടെ സമൂഹത്തിനും മാത്രം സഭ എന്ന പദം ഉപയോഗിക്കാതെയിരിക്കട്ടെ.

വിശ്വാസഭയ്ക്ക് എന്തെല്ലാം പേരുകൾ ഉണ്ട്?.

കുന്നിന്മേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നപട്ടണം മത്തായി 5: 14

മിശിഹായുടെ ശരീരം എഫേസ്യ 1: 23

ദൈവത്തിന്റെ ഭവനം 1 തീമൊത്തി 3: 15

വിശുദ്ധ നഗരം വെളിപാട് 21: 10

ദൈവരാജ്യം മത്തായി 13: 29—19: 24

സ്വർഗ്ഗ രാജ്യം. മത്തായി 13: 11

വിശ്വാസികളുടെ കൂട്ടം നടപ്പ് 4: 32

ആട്ടിൻ കൂട്ടം യോഹ 10: 16

മണവാട്ടി എഫേസ്യ 5: 23— 32

സഭയെ കുന്നിന്മേൽ സ്ഥാപിച്ചിരിക്കുന്ന പട്ടണം എന്ന പേരുവിളിച്ചിരിക്കുന്നതിന്റെ അർത്ഥം എന്താണ്? കുന്നിന്മേൽ സ്ഥാപിച്ചിരിക്കുന്ന പട്ടണം ഏവർക്കും കാണാവുന്നതത്രെ. അതുപോലെ സർവ്വജാതികളും നല്ലവണ്ണം നോക്കിക്കണ്ട് കർത്താവിങ്കലേക്ക് തിരിവാൻ തക്കവണ്ണം അവരുടെ മുൻപിൽ വച്ചിരിക്കുന്ന ഏകസ്ഥാപനമാണ് വിശ്വാസഭ. അതുതന്നെ സർവ്വജാതികൾക്കുമുള്ള അനുഗ്രഹീയ സീയോനാകുന്നു. ഏശയാ. 2: 2.

മിശിഹായുടെ മനുഷ്യാവതാരം മൂലം ദൃശ്യമായ ഏകസത്യത്തെ സ്ഥാപിച്ചിട്ടുണ്ടെന്നു ചതുർവിധ തെളിവുകളോടും കൂടി വ്യവഹരിച്ചു കഴിഞ്ഞതിനാൽ തിരുസഭാലക്ഷണങ്ങളെപ്പറ്റി അല്പമായി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സർവശക്തനായ ദൈവം ഒന്നേയുള്ളൂ എന്നു വിശ്വസിക്കണമെന്നു നിഷ്കർഷിക്കുന്നതുപോലെതന്നെ കത്തോലിക്കാ സഭയിൽ വിശ്വസിക്കണമെന്നുള്ളതും നിർബ്ബന്ധിക്കുന്നതിനാണു നിത്യാവിശ്വാസപ്രമാണം. ഈവിശ്വാസ പ്രഖ്യാപനം ദൈവമക്കൾ ഏവരും ഏറ്റപറയുന്നതിലേക്കായിട്ടാണു വിശുദ്ധാത്മാവു തിരുപവൽകരിച്ചിട്ടുള്ളതു്. സഭയെപ്പറ്റി അകത്തോലിക്കർ ചെയ്യുവരുന്ന ഉപദേശത്തിന്റെ മാറ്ററിയുന്നതിനായി വേദപുസ്തക ഉരകല്ലിൽ ഒന്നു ഉരസിനോക്കുകതന്നെ. മത്തായി 16. 13—20. ശ്രീയേശു ക്രിസ്തുവിന്റെ രണ്ടു ചോദ്യങ്ങൾ ഈ വാക്യങ്ങളിൽ അടങ്ങിയിട്ടുണ്ടു്. 'മനുഷ്യർ എന്നെപ്പറ്റി എന്തുപറയുന്നു? നിങ്ങൾ എന്നെപ്പറ്റി ആരെന്നുപയുന്നു' ഈ ചോദ്യങ്ങൾ രണ്ടും ശ്ലീഹന്മാരോടു് പൊതുവായിട്ടാണല്ലോ. ഉത്തരം പറയുന്നതിനു് അവർ എല്ലാവരും ആലോചിക്കയും പ്രാർത്ഥിക്കയും ചെയ്തുകാണും സ്വന്ത ഗുരുവിന്റെ ചോദ്യത്തിന്റെ ഉത്തരം പറവാൻ സ്വർഗ്ഗസ്ഥനായ പിതാവിനോടു് ശ്ലീഹന്മാർ പ്രാർത്ഥിച്ചു എന്നും വരാവുന്നതാണു്. അവർ സ്വശക്തിയിലും ബുദ്ധിയിലും മാത്രം ആശ്രയിച്ചു ജീവിച്ചിരുന്നില്ല. വി: പത്രോസിന്റെ പ്രാർത്ഥനാഫലമായി പിതാവായ ദൈവം സത്യം വെളിപ്പെടുത്തിക്കൊടുത്തു. മറ്റാർക്കും വെളിപ്പെടുത്തിയതായി തെളിവില്ല. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നു" എന്നു പത്രോസ് മറുപടിപറഞ്ഞു. യേശു ഇതു ശ്രവിച്ചപ്പോഴാണു് "ബർയോനാ ശിമോനേ, നീ ഭാഗ്യവാൻ. ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്കിതു് വെളിപ്പെടുത്തിയതു്" എന്നുപറഞ്ഞതു്. മറ്റുള്ള ശ്ലീഹന്മാരുടെ കൂടെ ഉണ്ടായിരുന്ന വി: പത്രോസിനു് പിതാവാണു വെളിപ്പെടുത്തിയതെന്നുള്ളതിലേക്കു് ക്രിസ്തുവിന്റെ സാക്ഷി പോരയോ? പിതാവായ ദൈവം ഈ ഏകസത്യം പ

ത്രോസിനെ മാത്രം വെളിപ്പെടുത്തിയതും അദ്ദേഹം മാത്രം അതു പ്രസ്താവിച്ചതും പ്രത്യേക ശ്രദ്ധയ്ക്ക് അർഹതയുള്ളതല്ലയോ? പത്രോസ് ഉത്തരം പ്രഖ്യാപനം ചെയ്തകഴിഞ്ഞപ്പോൾ യേശു തമ്പുരാൻ ഇപ്രകാരം കല്പിച്ചു.

"നീ പത്രോസ് ആകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും പാതാള ഗോപുരങ്ങളും അതിനെ ജയിക്കയില്ലഎന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കുതരുന്നു. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും നീ ഭൂമിയിൽ അഴിക്കുന്നതൊക്കയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും". എന്നു ഉത്തരം പറഞ്ഞു. മിശിഹായുടെ മൊഴികളിൽ നീ, നിന്റെ, എന്നുള്ള ഏകവചനം മാത്രം ഉപയോഗിച്ചിട്ടുള്ളതു സ്മരണീയമല്ലയോ? വിശ്വാസത്തിന്മേൽ മാത്രമല്ല സഭയെ സ്ഥാപിച്ചതു പത്രോസിന്റെ മേലാണു മിശിഹാ സ്ഥാപിച്ചതു. ഓരോകാലത്തു വിശ്വാസമാരായമനുഷ്യർ ഓരോ വിശ്വാസത്തിന്റെ മേൽ സഭകളെ സ്ഥാപിച്ചിട്ടുണ്ടെങ്കിലും മിശിഹാ തന്റെ സഭയെ പത്രോസാകുന്ന പാറമേലാണു പണിതതു. യാക്കോബ്യരുടെ റിക്കാട്ടുമൂലം ഈ സംഗതി സുസ്പഷ്ടമാകുന്നുണ്ടു. സുറിയാനി നമസ്കാര പുസ്തകത്തിൽ വെള്ളിയാഴ്ചത്തേക്കുള്ള പ്രാർത്ഥന ക്രമത്തിലുള്ള ഒരു ഭാഗത്തിന്റെ പരിഭാഷ ഇപ്രകാരമാണു. "ഹേ! സഭയെ! നിന്റെ അടിസ്ഥാനം, കൊല്ലപ്പെട്ടവനും എറിയപ്പെട്ടവനുമായ ശെമഓനാണു" വിശ്വാസത്തെ കൊല്ലാൻ കഴിയുന്നതെങ്ങിനെ? വിശ്വാസത്തെ എടുത്തെറിവാൻ ആർക്കു സാധിക്കും? സഭയെ വിശ്വാസത്തിന്മേൽ അല്ല സ്ഥാപിച്ചതു. പിന്നയോ ശെമഓന്റെ മേൽമാത്രമാണു സ്ഥാപനം. മിശിഹായെ തലമുകളിലായി ക്രൂശിച്ചു. പത്രോസിന്റെ തലകീഴായി ക്രൂശിച്ചു. മിശിഹായുടെ വിലാവു കുന്തം കൊണ്ടു മുറിച്ചു. പത്രോസിന്റെ ശരീരം വാൾകൊണ്ടു മൂന്നു ഖണ്ഡമാക്കി. പത്രോസിന്റെ മരണാനന്തരം തന്റെ ശരീരത്തിൽനിന്നും ഛേദിച്ചെടുത്ത തല ഒരു പടയാളി തലമുടിയിൽ പിടിച്ചു ചുഴറ്റി ദൂരെ എറിഞ്ഞുകളഞ്ഞു എന്നാണു സുറിയാനി പാരമ്പര്യം. പ്രസ്തുത പാരമ്പര്യത്തെയാണു മുൻ പറഞ്ഞ

പ്രാർത്ഥന പ്രത്യേകിപ്പിക്കുന്നതു്. ഇങ്ങനെ കൊല്ലപ്പെട്ടവനും എറിയപ്പെട്ടവനുമായ ശെമഓന്റെമേൽ തിരുസഭ സ്ഥാപിക്കപ്പെട്ട എന്നു് എല്ലാ വെള്ളിയാഴ്ചയും പ്രാർത്ഥിക്കുന്ന യാക്കോബ്യർ വിശ്വാസത്തിന്മേൽ സഭ പണിയാൻ ബുദ്ധിമുട്ടുന്നതു് കേവലം ഭ്രമമല്ലയോ? പത്രോസ് ശ്ലീഹായെ മിശിഹാ ആദ്യമായ കണ്ടപ്പോൾ തിരുസഭയുടെ അടിസ്ഥാനമാക്കാൻ പറഞ്ഞ പാറയാണെന്നറിഞ്ഞിരുന്നു. തദവസരത്തിൽ കേഫാ എന്നുള്ള മറുനാമം പത്രോസിനു ലഭിച്ചു. ഈ അഭിധാനം സിദ്ധിച്ചു കുറെ വർഷങ്ങൾക്കു ശേഷമാണു് പിലിപ്പിന്റെ കൈസറിയായിൽ വച്ചു് നീ പാറയാകുന്നു എന്നു് വീണ്ടും കല്പിക്കുന്നതു്. യേശു തമ്പുരാൻ പത്രോസിനോടു് രണ്ടാം പ്രാവശ്യം നീ പാറയാകുന്നുഎന്നു പറഞ്ഞപ്പോൾ മറ്റു ശ്ലീഹന്മാർക്കും പാറ ആരാണെന്നു വെളിവായി ബോധപ്പെട്ടിരിക്കണം.

യാക്കോബ്യുമേല്പട്ടക്കാരുടെ കൈമുത്തുസമയം ഉപയോഗിക്കുന്നതും അൽശിമൊൻ കീപ്പോബനിയോനാ എന്നു സമാരംഭിക്കുന്നതുമായ സുറിയാനി ഗീതവും മുൻപറഞ്ഞ തത്വത്തെ ശക്തിപൂർവ്വം തെളിയിക്കുന്നുണ്ടു്. ആ ഗീതത്തിന്റെഅർത്ഥംഇപ്രകാരമാണു്. "ഞാൻഎത്രഭാഗ്യമുള്ളവളാണു. എന്തെന്നാൽ ശെമഓൻ കീപ്പായാകുന്ന പാറമേൽ ദൈവം എന്നെ സ്ഥാപിച്ചിരിക്കുന്നു. ഈ കെട്ടിടത്തിനു 72 അറിയിപ്പുകാർ തൂണുകളാണു്. 12 കേന്ദ്രസ്ഥാനങ്ങളും ഉണ്ടു്. രക്തസാക്ഷികളായ സഹദേന്മാരാണു് അതിനുള്ളിലെ നിധികൾ. ഇത്തരമൊരു കെട്ടിടമാണു് ഞാൻ" ദൈവം ഇതിലാണു് എഴുന്നള്ളി പാർക്കുന്നതു. അതിനാലാണു ദൈവഭവനം കത്തോലിക്കാ സഭയാണെന്നു് വ്യവഹരിച്ചുവരുന്നതു. അപ്പോസ്തലൻ ഇതിനെ സാക്ഷിക്കുന്നുണ്ടു. "ദൈവത്തിന്റെ സഭ ദൈവഭവനമാകുന്നു" 1 തീമോ. 3: 15. ദൈവഭവനമാകുന്ന കത്തോലിക്കാ സഭയിൽ വിശ്വസിക്കുന്നതായി നിക്യാവിശ്വാസ പ്രമാണംവഴി നാം ഏറ്റുപറയുന്നില്ലയോ? ആ വിശ്വാസം അർത്ഥവത്താക്കണമെങ്കിൽ കത്തോലിക്കാ സഭയോടു യാക്കോബ്യർ പുനരൈക്യപ്പെടേണ്ടതാണു്. ഭൂലോകമെങ്ങുമുള്ള സകല എപ്പിസ്കോപ്പൽസഭ

കളും ക്രിയയുംപ്പെട്ട ഒരു മിശ്രസഭയിൽ വിശ്വസിച്ചാലും മതിയാകുമെന്നു നിശ്ചയിപ്പിതാക്കന്മാർ ആരും തന്നെ സ്വപ്നേപി വിചാരിച്ചിരുന്നില്ല. കാതോലികവും ശ്ലൈഹികവും ഏകവും പരിശുദ്ധവുമായ സഭ എന്നുള്ള പ്രയോഗം മുൻപറഞ്ഞതിനെ വിശദപ്പെടുത്തുന്നുവല്ലോ. മിശിഹായും ശ്ലീഹന്മാരും ക്രിയിരിക്കുമ്പോൾ പത്രോസിനോടുമാത്രം താൻ സംഭാഷിക്കുന്നതായി ഏതുമനുഷ്യനും സുഗ്രഹമാകുമാറു യോനായുടെ പുത്രനായ ശിമോനെ എന്നുള്ള ഇരട്ടപ്പേരു വിളിച്ചു താക്കോലും കൊടുത്തു. ദൈവ ഭവനമാകുന്ന തിരുസഭയുടെ താക്കോലല്ലാതെ മറ്റുവല്ലതിന്റേയുമാണോ പത്രോസിനു കൊടുത്തത്?

ദൈവത്തോടുള്ള സ്നേഹൈക്യത്തിൽ ജീവിച്ചുകൊണ്ടു ദൈവത്തിന്റെ സ്നേഹത്തിലും നന്മയിലും പങ്കുകൊള്ളുന്നതിനായി ദൈവം മനുഷ്യനെ സൃഷ്ടിച്ചു. എന്നാൽ മനുഷ്യന്റെ അനുസരണക്കേടുമൂലം ദൈവസംസർഗ്ഗം മനുഷ്യനു അസാദ്ധ്യമായിത്തീർന്നു. തദനന്തരം ദൈവത്തിൽനിന്നു കൂട്ടുതലായി അകന്നുപോയ മനുഷ്യവർഗ്ഗത്തെ യഥാസ്ഥാനപ്പെടുത്തുന്നതിനു പാപമില്ലാത്ത ഒരു മനുഷ്യൻ ഉണ്ടാകേണ്ടതു ആവശ്യമായിത്തീർന്നു. ആദാമിന്റെ മക്കളെല്ലാം അവന്റെ പാപസ്വഭാവത്തിനു അവകാശികളായിതീർന്നുവല്ലോ. അതിനാൽ സകല മനുഷ്യർക്കും വിശുദ്ധ സ്വഭാവം ലഭിക്കുമാറു പൂർണ്ണവിശുദ്ധനായ മനുഷ്യൻ ഉണ്ടാകേണ്ടതും ആവശ്യംതന്നെ. സ്വതവേമനുഷ്യനാൽ അസാദ്ധ്യമാകയാൽ അതിനു ദൈവംതന്നെ മനുഷ്യനായി അവതരിച്ചു. മനുഷ്യാവതാരം ചെയ്ത ദൈവമായ യേശുമശിഹാ സകല മനുഷ്യർക്കും വിശുദ്ധിനൽകുന്ന രണ്ടാമത്തെ ആദാമത്രെ. രണ്ടാമത്തെ ആദാമിന്റെ മക്കളായ സകലർക്കും തന്നോടുള്ള ഐക്യതമൂലം പൂർണ്ണവിശുദ്ധി പ്രാപിക്കുവാനും തന്മൂലം സൃഷ്ടിയെപ്പറ്റിയുള്ള ദൈവോദ്ദേശം നിവൃത്തിപ്പാനും സാധിക്കുന്നതാണു്. എന്നാൽ മനുഷ്യവർഗ്ഗത്തെ പാപദാസ്യത്തിൽ നിന്നു് ഉദ്ധരിപ്പാനായിവന്ന നമ്മുടെ കർത്താവു് ഈ ലോകത്തിൽ വളരെ ചുരുങ്ങിയ കാലം മാത്രമേ ജീവിക്കയുണ്ടായുള്ളൂ. അതിൽ എത്രയും ചുരുങ്ങിയ കാലംമാത്രമേ പരസ്യമായി മനുഷ്യരക്ഷ

യെപ്രതി പ്രവർത്തിക്കയുണ്ടായുള്ളൂ. അതുതന്നെയും ചെറിയ ഒരു രാജ്യത്തായിരുന്നു. മനുഷ്യവർഗ്ഗത്തിന്റെ ദീർഘമായ ജീവകാല ചരിത്രത്തോടുകൂടി നോക്കുമ്പോൾ ഇതു തുലോം നിസ്സാരമായ ഒരു കാലയളവുതന്നെ. കർത്താവു ഭൂമിയിൽ ജീവിച്ചുകാലത്തു പലസ്തീൻ രാജ്യത്തു വസിച്ച യഹൂദർക്ക് കർത്താവിൽനിന്നു ലഭിച്ച അനുഗ്രഹങ്ങൾ പിന്നീടുള്ളവർക്കും ലഭിക്കുന്നതിനുള്ള ഉത്തമമാർഗ്ഗം കർത്താവു തന്നിട്ടുള്ളതിനാൽ കർത്താവിന്റെ സമകാലീനന്മാരെക്കാൾ നാം നിർഭാഗ്യരെന്നു വിഷാദിക്കേണ്ടയാവശ്യമില്ല.

വിശ്വാസഭ മനുഷ്യാവതാരാവർത്തനമാകുന്നു. മനുഷ്യവർഗ്ഗത്തിലും അവർമൂലം സൃഷ്ടിമുഴുവനിലും മനുഷ്യാവതാരത്തിന്റെ ഫലങ്ങളും അനുഗ്രഹങ്ങളും ശാശ്വതമായി നിലനില്ക്കുന്നതിനായി നമ്മുടെ കർത്താവു വിശ്വാസികാതോലിക്കാ സഭയെ ഭൂമിയിൽ സ്ഥാപിച്ചു. പരിശുദ്ധാത്മാവു വിശ്വാസമാതാവിൽ ആവസിച്ചതിനാൽ മനുഷ്യാവതാരം സാധ്യമായി. മനുഷ്യാവതാരാവർത്തനമാകുന്ന വിശ്വാസഭയുടെ ജനനവും പെന്തിക്കുസ്താദിവസം പരിശുദ്ധാത്മാവാസത്താൽ ഉണ്ടായിത്തീർന്നു. അതിനാൽ കർത്താവിൽ നിന്നു അനുഗ്രഹങ്ങളും കൃപകളും പ്രാപിക്കേണ്ടവർ തിരുസഭവഴിയായി അവ പ്രാപിക്കേണ്ടതാകുന്നു. ക്രിസ്തീയമത തത്വങ്ങളെ പാലിക്കുന്നതിനും കൃപാമാർഗ്ഗങ്ങളെ വിഭജിച്ചുകൊടുക്കുന്നതിനുമുള്ള അധികാരം വി: സഭയിൽ സ്ഥിതിചെയ്യുന്നു. വി: സഭയുടെ അംഗങ്ങൾ തമ്മിൽ തമ്മിലും ദൈവത്തോടും സംയോജിച്ചിരിക്കുന്നു. നമ്മുടെ കർത്താവു ഭൂമിയിൽ സഞ്ചരിച്ചപ്പോൾ "ഞാൻ വഴിയും സത്യവും, ജീവനും ആകുന്നു. ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" എന്നരുളിച്ചെയ്തു (യോഹ. 14: 6.) കർത്താവാകുന്ന വഴിയിൽ കൂടി നാം നടക്കുന്നതും കർത്താവിന്റെ സത്യങ്ങളെ നാം ഗ്രഹിക്കുന്നതും കർത്താവിന്റെ ജീവനെ നാം പ്രാപിക്കുന്നതും വി: സഭവഴിയാകുന്നു. വി: സഭവഴിയല്ലാതെ ആരും കർത്താവിന്റെ അടുക്കൽ എത്തുന്നില്ല. കർത്താവിൽ കൂടിയല്ലാതെ ആരും പിതാവിന്റെ അടുക്കൽ സമീപിക്കുന്നുമില്ല.

വിശ്വാസഭയുടെ സ്ഥാപകൻ നമ്മുടെ കർത്താവാകുന്നു. താൻ തിരുസഭയുടെ ആത്മാവും തത്വവുമായിരുന്നുകൊണ്ട് അതിന്റെ അംഗങ്ങളെ തമ്മിൽ യോജിപ്പിക്കുന്നതിനുള്ള അധികാരത്തെ കർത്താവുതന്നെ നിയമിച്ചു. മനുഷ്യരല്ലാതെ മിശിഹാതന്നെ തിരുസഭയെ പണിയാൻ നിശ്ചയിച്ചിരിക്കുന്നതുകൊണ്ട് അവിടുന്നുതന്നെ അതിന് യഥാർത്ഥമായ ഒരു ശരീരവും, അതിനു അവശ്യം വേണ്ടതായ ഭരണാധികാരവും നൽകിയിരിക്കുന്നു. ഈ അധികാരങ്ങൾ സഭ ആദ്യം മുതല്ക്കേ പ്രയോഗിച്ചിട്ടുണ്ട്. സുവിശേഷം പ്രസംഗിക്കയും അതിനെ സ്വീകരിക്കണമെന്ന് ദൈവനാമത്തിൽ ആജ്ഞാപിക്കയും ചെയ്തിട്ട് ഉപദേശത്തിനുള്ള തങ്ങളുടെ കർത്തവ്യത്തെ ശ്ലീഹന്മാർ വെളിപ്പെടുത്തി. ദൈവ രഹസ്യങ്ങളുടെ ഗൃഹവിചാരകരായി (1 കോറി. 4. 1) തീർന്നുകൊണ്ട് പട്ടക്കാരെയും മേല്പട്ടക്കാരെയും വാഴിക്കയും (നടപ്പ് 14: 22) വിശ്വാസ ക്രമാശകനം അനുഷ്ഠിക്കയും (1 കോറി 10: 16—29) ചെയ്തിട്ട പൗരോഹിത്യാധികാരത്തെ അവർ വെളിപ്പെടുത്തി. നിയമങ്ങളും ചട്ടങ്ങളും ഏർപ്പെടുത്തുകയോ (നടപ്പ് 15: 28) ദോഷം ചെയ്തവരെ സഭയുടെ സംസർഗ്ഗത്തിൽനിന്ന് അന്യരാക്കയോ (1 കോറി 5: 5, 1 തീമോ 1: 20) ചെയ്തതുമൂലം ഇടയസ്ഥാനത്തിന്റെ അധികാരത്തെ അവർ വെളിപ്പെടുത്തി. കർത്താവ് സഭയ്ക്കു കൊടുത്ത അധികാരങ്ങൾ പൊതുവേ വിശ്വാസികളിൽ അല്ല അപ്പോസ്തോലന്മാരിലാണ് സ്ഥിതിചെയ്തത്. പരിശുദ്ധാത്മ വെളിച്ചം ധാരാളമായി ലഭിച്ചിരുന്ന ശ്ലീഹന്മാർക്ക് അവർക്ക് ഭരമേല്പിച്ച അധികാരവ്യാപ്തി എത്രത്തോളമാണെന്ന് നല്ലപോലെ അറിയാമായിരുന്നു. ശ്ലൈഹികാധികാരം മറ്റുള്ളവർക്ക് ഭരമേല്പിച്ചു കൊടുത്തതും അവർതന്നെ. ആ അധികാരം വിശ്വാസികളിൽഅല്ല സ്ഥിതിചെയ്തിരുന്നതെന്ന് വെളിപ്പെടുത്തി. ദൃഷ്ടാന്തമായി വി: പൗലോസ് തീമോത്തിയോസിനെ സ്വ സഹായിയായി തെരഞ്ഞെടുത്തു അഭിഷേകം ചെയ്തു (2 തീമോ 1: 6) അതുപോലെതന്നെ, ക്രേത്തസഭയുടെ മേൽപട്ടക്കാരനായി അദ്ദേഹം തീത്തോസിനെ നിയമിക്കയും പട്ടണംതോറും പട്ടക്കാരെ വാഴിക്കാൻ അദ്ദേഹത്തോട് ആജ്ഞാപിക്കയുംചെയ്തു.

(തീത്തോ 1: 5) വി: പൗലൂം ബന്ന്ബായും സുവിശേഷയാത്രയിൽ ഉപവസിച്ചും പ്രാത്ഥിച്ചുംകൊണ്ട് സഭതോറും പട്ടക്കാരെ നിയമിച്ചു. (നടപ്പ് 14: 23) യൂദസ്കറിയോത്തിന്റെ പകരം മത്തിയാസിനെ തൻസ്ഥാനത്തേക്ക് ഉയത്തിയപ്പോൾ അദ്ദേഹത്തിന് അസാധരണമായ ശക്തികിട്ടി (നടപ്പ്. 1: 26) പ്രഥമമായി തിരഞ്ഞെടുക്കപ്പെട്ട ശെമ്മാശ്ശന്മാർക്ക് ശ്ലീഹന്മാരുടെ കൈവയ്പ് മുഖാന്തരം അധികാരവും നൽവരവും ലഭിച്ചു. (നടപ്പ്. 6: 6)

തിരുസഭ മിശിഹായുടെ ശരീരമാണ്. കേവലം സമുദായമെന്നുള്ള അത്ഥത്തിൽ സഭയെപ്പറ്റി വിശ്വസിക്കുന്നവരുമുണ്ട്. ശ്ലൈഹികവും, സാവ്വത്രികവും ഏകവും പരിശുദ്ധവുമായ തിരുസഭയെ മിശിഹായുടെ ശരീരമാണെന്ന വ്യാഖ്യാനിക്കുന്നതിന്റെ അത്ഥം എന്തായിരിക്കും? സമുദായവും, ക്രുത്യവും പലതുണ്ടാവും. എന്നാൽ മിശിഹായുടെ ശരീരം പലതില്ല. ഏകമത്രെ. അതുകൊണ്ട് സഭയെപ്പറ്റി സമുദായമെന്നു പറവാൻ പാടില്ല. പറയുന്നപക്ഷം അതു സത്യവുമല്ല. സത്യം രണ്ടു വിധത്തിൽ ഉള്ളതായിക്കാണുന്നുണ്ട്. ഭ്രമി പരന്നതാണെന്ന് വിശ്വസിക്കുന്നവക്ക് അതൊരുവക സത്യം തന്നെയാണല്ലോ. ആ മതം തപ്പചിന്തകന്മാർക്ക് അതിഭീമമായ അസത്യവുമാണ്. ഏതാനും ക്രിസ്ത്യാനികളുടെ ക്രുത്യമാണ് സഭയെന്നു വിശ്വസിക്കുന്നവന്റെയും കത്തോലിക്കാ സഭമാത്രമാണ് തിരുസഭ എന്നു വിശ്വസിക്കുന്നോവന്റേയും മനസ്സാക്ഷി പരിശുദ്ധമായിരിക്കാവുന്നതാകുന്നു. വിശ്വാസത്തിനനുസരിച്ചാണല്ലോ ഓരോരുത്തരുടേയും മനസ്സാക്ഷി രൂപവൽകരിക്കപ്പെടാവുള്ളത്. വിശ്വാസത്തിനതീതകത്തക്കവണ്ണം ഒരുവന്റെ അന്തഃകരണം വിശ്വസിക്കുന്ന സത്യം അപരന് അസത്യമായി തോന്നാമെങ്കിലും ദൈവം പറിപ്പിക്കുന്ന സത്യം എല്ലാവക്കും ഒന്നുപോലെ സത്യമായിട്ടേ ഇരിക്കയുള്ളൂ. മനസ്സാക്ഷി എപ്പോഴും പ്രമാദരഹിതമായിരിക്കാത്തത് വിശ്വാസത്തിന് അനുരൂപമായി അവരവർ അതിനെ രൂപീകരിക്കുന്നതിനാൽ മാത്രമാണ്. സത്യവിശ്വാസിയുടെ മനസ്സാക്ഷി പ്രമാദരഹിതമായിരിക്കും.

മഹമ്മദ്മതം, ഹിന്ദുമതം, ക്രിസ്തുമതം മുതലായ ഓരോ മതങ്ങളും ദൈവം വെവ്വേറെ സത്യങ്ങളും വെളിപ്പെടുത്തിയിട്ടുണ്ടോ? ക്രിസ്തുമതത്തിലെ അവാന്തര വിഭാഗങ്ങൾക്കെല്ലാം വിഭിന്നങ്ങളായ ഓരോ സത്യങ്ങളും വെളിവാക്കി എന്നുവരുമോ? ദൈവത്തിൽ ലയിക്കുന്നതിനായിട്ടുള്ള മനുഷ്യന്റെ പരിശ്രമ ഫലമാണ് സ്വാഭാവിക മതങ്ങൾ. അതിനാൽ ആ വക മതങ്ങൾക്കെല്ലാം സത്യങ്ങൾ വ്യത്യസ്തങ്ങളായി കാണുമായിരിക്കും. എന്നാൽ ക്രിസ്തുമതം ദൈവദത്തമതമാണ്. മനുഷ്യരിൽ ആരുടേയും തത്പാനേപക്ഷണ ഫലമല്ല ക്രിസ്തുമതം. ക്രിസ്തുമതസത്യങ്ങളും തത്വങ്ങളും ദൈവം വെളിപ്പെടുത്തിയിട്ടുള്ളതാണ്. തന്നിമിത്തം അവ പൂർവ്വാപരവിരുദ്ധങ്ങളായി പരിണമിക്കുന്നതിനിടയില്ലാ. സത്യം തന്നെയായ മിശിഹാ ഒരുവൻ ആയിരിക്കുന്നപ്രകാരം തന്റെ തിരുസഭയും ഏകമായിരിക്കണം. ആ സഭയുടെ സത്യങ്ങളും ഏകമായിരിക്കും. ശരീരത്തിന് ബാഹ്യേന്ദ്രിയങ്ങളും ആന്തരാവയങ്ങളും ഉള്ളതുപോലെ സഭാശരീരത്തിനും ദൃശ്യവും അദൃശ്യവുമായ രണ്ടു വിഭാഗങ്ങളുണ്ട്. ആന്തരേന്ദ്രിയങ്ങളും ബാഹ്യേന്ദ്രിയങ്ങളും പരസ്പരം സംബന്ധിച്ചും സജീവമായും ഇരിക്കുന്നത് രക്തപരിവാഹം നിമിത്തമാണ്. ഒരേരക്തം ഹൃദയത്തിലെ രക്തമാണ് സർവ്വാംഗം വ്യാപിക്കുന്നത്. വിഷാംശങ്ങളും ഉള്ളിൽ കടക്കാതെ സൂക്ഷിക്കുന്ന ഒരു ഫാക്ടറിയാണ് ചങ്ക് (ഹൃദയം). ഹൃദയംസദാ സങ്കോചിക്കയും വികസിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. ആ ജോലി എപ്പോഴെങ്കിലും മുടങ്ങിയാൽഉടൻ മരണം സംഭവിക്കും. ഹൃദയസ്തംഭനംമൂലം അനേകർ പെട്ടെന്ന് മൃതിപ്പെട്ടുപോയിട്ടുണ്ട്. രക്തശുദ്ധീകരണസ്ഥാനം ഹൃദയമാണെന്ന് പറഞ്ഞുവരുന്നു. മിശിഹായുടെ തിരുശരീരമായ സഭ ദൃശ്യസഭയെന്നും അദൃശ്യസഭയെന്നും രണ്ടു വിധത്തിൽ ഉണ്ട്. ഭൗമിക സഭയും സ്വർഗ്ഗീയസഭയും ക്രൂടി ഏകസഭ മാത്രമേയുള്ളൂ. ജീവൻ എന്നാൽ എന്ത്? ദൈവസംസർഗ്ഗം തന്നെ ജീവൻ. ആദാമും ഹവ്വായും ആദ്യം ദൈവസംസർഗ്ഗത്തിൽ ജീവിച്ചിരുന്നു. പിന്നീട് അവർ മരിച്ചു. മരണം എന്നാൽ എന്ത്? ദൈവസംസർഗ്ഗാഭാവം തന്നെ മരണം. ഫലം തിന്നപ്പോൾ ആദ്യമാതാപിതാക്കൾ മരിച്ചു.

ദൈവസംസർഗ്ഗം നഷ്ടപ്പെട്ടതായിരുന്ന അവക്ക് നേരിട്ടമരണം. മനുഷ്യകുലം മരണം അനുഭവിച്ചശേഷം ബലിമുഖാന്തരം ദൈവ സംസർഗ്ഗം നടത്തുന്നതിനുള്ള ദൈവാജ്ഞപ്രകാരം അനേക വത്സരങ്ങൾ ജീവിച്ചുപോന്നു. ബലിവഴിയായി ദൈവം മനുഷ്യരോട് സംസർഗ്ഗം ചെയ്തിരുന്നതായി പഴയനിയമം നല്ല പോലെ തെളിയിക്കുന്നുണ്ടല്ലോ. കാലത്തികവിൽ അത്തരം നിഴൽബലികൾനീക്കി പൊരുളായ ബലിസ്ഥാപിക്കാനായിട്ട തെ മിശിഹാ മനുഷ്യാവതാരം ചെയ്തത്. ജീവൻ സമൃദ്ധിയാ യി നൽകുവാൻ മിശിഹാവന്നു.

നിഴൽബലിനീക്കി പൊരുൾബലിയായി മിശിഹാ അപ്പി ക്കപ്പെട്ടതിനാൽ നിത്യജീവൻ ലഭിച്ചു. നിത്യജീവൻ നശിക്കു ന്നതല്ല. നശിക്കുന്ന ജീവന് നിത്യജീവൻ എന്നു പറഞ്ഞുകൂ ടാ. മനുഷ്യൻ മരിച്ചാൽ നിത്യജീവൻ നശിക്കുമോ? അവ ന്റെ പരേതാത്മാവിൽ കൂടെയും നിത്യജീവൻ ഉണ്ടായിരുന്നേ മതിയാവൂ. മനുഷ്യരിലും ആത്മാക്കളിലും ഇരിക്കുന്നതാണ് നി ത്യജീവൻ. മിശിഹായുടെ നിത്യജീവൻ പ്രാപിച്ചവരായ ആ ത്മമയന്മാരും ശരീരികളായ മനുഷ്യരും കൂടിച്ചേർന്നതാണ് ഏ കതിരുസഭാശരീരം. അങ്ങിനെയെങ്കിൽ തിരുസഭാശരീരത്തെ സജീവമാക്കുന്ന ചങ്ക് ഏതു? മിശിഹായുടെ അതിശുദ്ധമാ ണ് സഭാശരീരത്തിന്റെ ചങ്ക്. മനുഷ്യശരീരത്തിൽ നടക്കു ന്നരക്തപരിവർത്തനം മൂലം ആയത് ചൈതന്യം പ്രാപിക്കുന്ന തുപോലെ ദൃശ്യവും അദൃശ്യവുമായ ഉഭയവിഭാഗങ്ങൾ ഉൾപ്പെ ട്ടസഭാശരീരത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന മിശിഹായുടെ അ തിശുദ്ധമാകുന്ന ചങ്കിൽനിന്നുള്ള നിത്യജീവന്റെ പരിവർത്ത നത്താൽ ശുദ്ധീകരണവും ചൈതന്യവും പ്രാപിച്ച് വളർന്നുകൊ ണ്ടിരിക്കുന്നതാണ് തിരുസഭാശരീരം. ചങ്കില്ലാത്ത ശരീരവും ചങ്കില്ലാത്ത സഭകളും ഒരുപോലെ നിർജ്ജീവമായിരിക്കും. മി ശിഹായുടെ അതിശുദ്ധത താൻ ഭൂമിയിൽ സ്ഥാപിച്ചു. മനു ഷ്യവർഗ്ഗത്തിന് പാപക്ഷമകിട്ടുന്നതിന് അതായത് ശുദ്ധീകര ണം പ്രാപിക്കുന്നതിന് ഏകമാർഗ്ഗമേ വേദപുസ്തകത്തിൽ കാ ണുന്നുള്ളൂ. പാപങ്ങളെ ഏറ്റുപറയുന്നെങ്കിൽ പാപക്ഷമ ല ഭിക്കും. (1 യോഹ. 1: 9.) ഏറ്റുപറയാതെ പാപശാന്തി

കിട്ടുന്നതല്ല. ദൈവത്തോടുതന്നെ ഏറ്റുപറയണം. ഇമ്മാനുവേൽ നമ്മോടുകൂടിയുണ്ട്. ഞാൻ ലോകാവസാനത്തോളം നിങ്ങളോടുകൂടി ഉണ്ടെന്നു കല്പിച്ചിട്ടുള്ള സ്ഥിതിക്ക് മിശിഹായോട് ഏറ്റുപറയാൻ സുസാധ്യമാണ്. മിശിഹാ ഇന്നും ലോകത്തിൽ ഉണ്ട്. പട്ടത്വത്തിൽ സ്ഥിതിചെയ്യുന്ന മിശിഹായുടെ സമക്ഷത്തിൽ കുമ്പസ്സാരിക്കുന്നതിന്റെ രഹസ്യം അകത്തോലിക്കനു് അജ്ഞാതമായിരുന്നേക്കാം. ഞങ്ങൾ മിശിഹായിക്കുവേണ്ടി സ്ഥാനാപതികൾ ആകുന്നു. (2 കോറി 5: 20) എന്നു് അപ്പസ്തോലൻ പറയുന്നതു് പ്രത്യേകം ശ്രദ്ധിക്കേണ്ടതല്ലയോ? വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടുമെന്നു് മിശിഹായും (മർക്കോസു് 16: 15.) ഹൃദയത്തിൽ കുത്തുകൊണ്ടവരായ അനേകരോടായിട്ടു് പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ (നടപ്പു്. 2: 38) എന്നു് പത്രോസു് അപ്പസ്തോലനും ആജ്ഞാപിച്ചിട്ടുള്ളതിന്റെ അർത്ഥം എന്തായിരിക്കും? എല്ലാ വിശ്വാസികളും മിശിഹായുടെ ആചാര്യത്വമുള്ളവരാണെങ്കിൽ പരസ്പരം സ്നാനപ്പെടുത്തിയാൽ മതിയായിരുന്നു. സഭയില്ലാതെ ആചാര്യനോ ആചാര്യനില്ലാതെ സ്നാനമോ സ്നാനമില്ലാതെ രക്ഷയോ എങ്ങിനെയുണ്ടാകും? തിരുസഭയിൽ ഇന്നുവരെയും മിശിഹായുടെ ആചാര്യത്വം നിലനിന്നുവരുന്നതിനാൽ മിശിഹായുടെ സ്ഥാനാപതികൾ ഈ ഭൂമിയിൽ തന്നെയുണ്ടു്. തിരുസഭയിലെ ആചാര്യത്വം വഴിയാണു് സകല കൃപകളും പുറപ്പെടുന്നതു്. കൃപാമാർഗ്ഗങ്ങൾ വിശുദ്ധരാശികളുമാണു്.

മിശിഹാ കത്തോലിക്കാസഭയിൽ വസിക്കുന്നതുകൊണ്ടാണു് അതിലെ ആചാര്യത്വത്തിനു് കൃപാമാർഗ്ഗങ്ങളെ പ്രദാനം ചെയ്വാൻ കഴിയുന്നതു്. അതിനാൽ മിശിഹാ അധിവസിക്കുന്നതായ കത്തോലിക്കാ സഭയിലേക്കു് അകത്തോലിക്കരേവരും പുനരൈക്യപ്പെട്ടു് രക്ഷപ്രാപിക്കേണ്ടതാവശ്യമത്രെ. ലൗകീക പ്രതിബന്ധങ്ങൾ അനവധി ഉണ്ടാകുമെന്നു് തീർച്ചയാണു്. ദീർഘനാളായി കൈവശം വച്ചനുഭവിച്ചുകൊണ്ടിരുന്ന ചില സ്ഥാനമാനങ്ങൾ ഉപേക്ഷിക്കേണ്ടതായിവരാം. സ്വന്തകുടുംബത്തിലെ പ്രിയപ്പെട്ട പട്ടക്കാരനെ വിട്ടുപിരിയേണ്ടതായി വി

ലക്ക് സംഗതിവരാം. പൂർവ്വന്മാരുടെ കാലംമുതൽ ചേർന്നു നടന്നുവന്ന മനോഹരവും പുരാതനവുമായി ദേവാലയങ്ങളും വിട്ടു പിരിയേണ്ടതായിട്ടും വന്നേക്കാം. മാതാപിതാക്കളുടേയും വാത്സല്യമക്കളുടെയും ശവകുടീരങ്ങൾക്കടുത്തു സംസ്കരപ്പെടാൻ ചിലക്ക് കഴിയാതെയിരിക്കാം. ഇങ്ങനെ അനേകതരം സുഖസൗകര്യാദികൾക്കും മുടക്കം വരുത്തിയാലും കാതോലിക പുനരൈക്യം നടത്തേണ്ടതു് അത്യാവശ്യമാണെന്നു പറയുന്നതിന്റെ അന്തരം എന്തു്? ഒരു മനുഷ്യന് ഒരാത്മാവു് മാത്രം ഉള്ളതിനാലും അതിന്റെ സൃഷ്ടാവു് ഏകദൈവം ആകയാലും അതുമാവിന്റെ രക്ഷ സമ്പാദിക്കേണ്ടതു് അവനവൻ തനിച്ചാകയാലും ഭൗമികമായ സകല വിപരീത ശക്തികളേയും ജയിച്ചു് തിരുസഭയിലേക്ക് പുനരൈക്യപ്പെടണമെന്നു് വായനക്കാരായ അകത്തോലിക്ക സഹോദരന്മാരോടു് പ്രത്യേകപൂർവ്വം പ്രാർത്ഥിച്ചുകൊണ്ടു് ഈഭാഗം അവസാനിപ്പിക്കയും പുനരൈക്യ ഫലങ്ങൾഎന്താണെന്നു് ചുരുക്കമായി പ്രതിപാദിക്കയും ചെയ്തുകൊള്ളട്ടെ.

---

vii

കാതോലിക പുനരൈക്യഫലങ്ങൾ.

മലങ്കരയിൽ അധിവസിക്കുന്ന യാക്കോബായ സഭാംഗങ്ങൾക്കും മറും കാതോലിക പുനരൈക്യത്തിനു് ബഥനി ശ്രേഷ്ഠതമൂലം മാർഗ്ഗം തുറക്കുന്നതിനു് ദൈവകാരുണ്യത്താൽ ഹേതുഭൂതനായ ആർച്ച്ബിഷപ്പു് മാർ ഈവാനിയോസു് അവർകളുടെ ദിവ്യ തൂലികാചലനഫലത്തിലൊരു ഭാഗം ഉദ്ധരിക്കുന്നതു് സന്ദർഭോചിതമായിരിക്കുമല്ലോ? "ദൈവത്തിന്റെ തിരുസഭ അതിമനോഹരമായ ഒരു പൂന്തോട്ടം തന്നെയാണു്. വർണ്ണം, ആകൃതി, വലിപ്പം, ഗന്ധം എന്നിവയിൽ വ്യത്യസ്തപ്പെട്ടവയായി വിവിധങ്ങളായ പൂക്കൾ അതിൽ പുഷ്പിച്ചുകൊണ്ടിരിക്കുന്നു. ഓരോന്നിനും സ്വതസിദ്ധമായ ഭംഗിയും മേന്മയും ഉണ്ടു താനും.

തിരുസഭയിലുള്ള ശ്രേഷ്ഠിമാന്മാരും ശ്രേഷ്ഠിമതികളും പാവനപൂരിതമായ ആ തോട്ടത്തിലെ കൗതുകകരങ്ങളും സുഗന്ധവാഹികളുമായ പൂക്കൾതന്നെ. ഇത്തരം പൂക്കൾ അതിൽ അനവരതം പുഷ്പിച്ചുകൊണ്ടിരിക്കും. അവയ്ക്കോരോന്നിനും തമ്മിൽ ആകൃതി, പ്രകൃതി, ആദർശം മുതലായവയിൽ ഭേദമുണ്ടാകാം. അതിനാൽ അവരെ അന്യോന്യം താരതമ്യപ്പെടുത്താവതല്ല. പൗരസ്ത്യസന്ന്യാസിവര്യനായ മാർബസ്സേലിയോസ്സ് നൈഷ്ഠികവ്രതത്തിന്റെ മാഹാത്മ്യത്തെ പ്രഘോഷിക്കുന്നുവെങ്കിൽ പാശ്ചാത്യപുണ്യാത്മാവായ ബെനഡിക്തോസ അനുസരണവ്രതത്തിന്റെ പുണ്യഫലങ്ങളെ കീർത്തിക്കുന്നു. അസീസിയിലെ വിശുദ്ധപ്രാൻസിസ്സാവട്ടെ സാക്ഷാൽ ധനം ദാരിദ്ര്യമാണെന്ന് സമർത്ഥിക്കയും ചെയ്തിരിക്കുന്നു. അനുകരണീയ യോദ്ധാവാണെന്ന് പറയപ്പെട്ടിരിക്കുന്ന വിശുദ്ധ ഇഗ്നാനിസ്സിയോസ്‌ലയോളായും അക്കൈസ്തവരിൽ അനേകശതം ജനങ്ങളെ മിശിഹാതമ്പുരാന്റെ പാദാരവിന്ദങ്ങളിൽ മുട്ടുമടക്കിപ്പിച്ച് അനുഗ്രഹീതരാക്കിത്തീർത്ത വിശുദ്ധ പ്രാൻസിസ് ശവരിയാരും ക്രൈസ്തവാരാമത്തിലെ സുഗന്ധംപരത്തുന്ന രമണീയ പൂക്കൾ തന്നെയാണല്ലോ. പ്രശാന്തതയിൽജീവിച്ച് സ്വയമേവ ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെട്ട കൊച്ചുത്രേസ്യാപുണ്യവതിയോ—വത്തമാനലോകത്തിന്റെ അഭിമാനകരമായ ചെറുപുഷ്പവും തന്നെ"

കാതോലികപുനരൈക്യം മുഖാന്തരം ക്രൈസ്തവാരാമത്തിലെ സുരഭികളായ പുഷ്പങ്ങളിൽ തട്ടിപുറപ്പെട്ടുന്ന ദിവ്യമന്ദമാരുതസ്പർശനം ലഭിക്കാനിടയാകുന്നതു ഒരു പരമഭാഗ്യമല്ലയോ? ആ ഉദ്യാനത്തിലെ ഒരു ചെറുപുഷ്പ പദപ്രാപ്തി അഭിലഷണീയമല്ലയോ? വായനക്കാരനായ അകത്തോലിക്കാ സ്നേഹിതാ! നീ നില്ക്കുന്നതു കൃത്രിമആരാമത്തിലല്ലേ? പ്രകൃതിയാകുന്ന ഉദ്യാനത്തിന്റെയും തിരുസഭയാകുന്ന ആരാമത്തിന്റെയും നിർമ്മിതാവും സംരക്ഷകനും സർവ്വശക്തനായ ദൈവംതന്നെ ആകുന്നു. സൃഷ്ടിക്കാനുള്ളശക്തി മനുഷ്യർക്കു ദൈവം കൊടുത്തിട്ടില്ല. സഭയെ നിർമ്മിക്കാനും ദൈവം മനുഷ്യനെ അധികാരപ്പെടുത്തുകയോ അനുവദിക്കയോ ചെയ്തിട്ടില്ല. പിന്നെയെന്തുകൊണ്ടാണു മനുഷ്യനിർമ്മിതമായ സഭകളിൽ അനേകർ ഉറപ്പെട്ടുനില്ക്കുന്ന

തു? ആവത്തിച്ച എണ്ണയെപ്പററി ഏവക്കും അറിയാമല്ലോ. 101 വരെ ആവത്തിച്ച എണ്ണ സാധാരണ ഉപയോഗിക്കുന്നതായിട്ടറിവുണ്ട്. ആവത്തിക്കുന്തോറും ഗുണവും ശക്തിയും കൂടുന്നുണ്ട്. ഇപ്രകാരം പ്രഥമശിശ്മാനന്തരം നടന്നിട്ടുള്ള ശിശ്മാവത്തനത്തെപ്പററി ഹൃദയം തുറന്നാലോചിക്ക. യാക്കോബായ ശിശ്മ എത്രാവത്തിച്ചിട്ടുണ്ട്? ഇപ്പോൾ ഇവിടെ നടക്കുന്ന സമാധാനാലോചനകൾ അടുത്ത പടിയിലുള്ള 'ആവത്തിപ്പിന്റെ' പ്രാരംഭചടങ്ങുകൾമത്രമല്ലയോ? യാക്കോബായസഭയാകുന്ന കൃത്രിമ പൂന്തോട്ടത്തിൽ ശിശ്മയാകുന്ന വിഷവായുഭയങ്കരമായി അടിച്ചുകൊണ്ടിരിക്കുന്നുണ്ടോ? ക്രൈസ്തവ തുക്കിബിഷപ്പന്മാരുടെ സമ്പർക്കത്താൽ മലങ്കരയാക്കോബായ സഭയെ സഹാറാമരുഭൂമിയെപ്പോലുള്ള ഒരു ഉദ്യാനമായി സങ്കല്പിച്ച ചില ചിത്രമെഴുത്തുകാർ പടം വരച്ചു കാണിച്ചിട്ടില്ലേ? മലങ്കരയാക്കോബായ സഭാ തോട്ടത്തിൽമുൻപും ഇപ്പോഴും ഉണ്ടായിട്ടുള്ള ചെറുപുഷ്പങ്ങൾ എത്ര? വൻതരം പുഷ്പങ്ങൾ എത്ര? ഏതെങ്കിലും ഒരു പുഷ്പത്തിന്റെ സൗരഭ്യത്താൽ അന്തരീക്ഷം സുഗന്ധമയമായി ഭവിച്ചിട്ടുണ്ടോ? കൃത്രിമതോട്ടത്തിൽ പാകികിളിപ്പിച്ചിട്ടുള്ള യാക്കോബായസഹോദരങ്ങളെ! നിങ്ങളെ പറിച്ചു നടാനുള്ള കാലം ആസന്നമായിരിക്കുന്നു. യാഥാസ്ഥിതികത്വം, ഗതാനുഗതികത്വം എന്നിവ നിങ്ങളെപുറമോട്ടു വലിക്കാതിരിക്കത്തക്കവണ്ണം ദൈവ സഹായത്താൽ ബഥനി ത്രുപതയെ നിങ്ങൾക്കു എന്നേക്കുമായി ഉൽഘാടനം ചെയ്തിരിക്കുന്നു .ഇങ്ങനെ പുനരൈക്യംകൊണ്ടു ലോകത്തിനും ദൈവത്തിനും നിങ്ങളുടെ സൗരഭ്യത്തെ ആസ്വാദ്യതരമാക്കിത്തീർക്കുവീൻ.

കാതോലിക പുനരൈക്യം കൊണ്ടു സ്വർഗ്ഗരാജ്യമാകുന്ന തിരുസഭയിലേക്കു നാം ഒട്ടിച്ചേരുന്നു. തിരുസഭയിൽ ദൈവം അധിവസിക്കുന്നു. അതിനാൽ സഭയെ സ്വർഗ്ഗരാജ്യം എന്നു വിളിക്കുന്നു. ഈ രാജ്യത്തിലെ പൗരന്മാർക്കു മിശിഹായുടെ സിംഹാസനമാകുന്ന ത്രോണോസിൽ നിന്നും തിരുശരീരരക്തങ്ങൾ ലഭിക്കുന്നതുകൊണ്ടു സൗഭാഗ്യമായി ജീവിക്കാവുന്നതാ

ണ്ട്. ഈ സ്വർഗ്ഗീയമന്നാ ഭക്ഷിച്ചു് ചൈതന്യം പ്രാപിക്കുന്നവനെ, രണ്ടാമത്തെ ആകാശം—സ്വർഗ്ഗം—എന്നാഭിധാനമുള്ള ഭാഗ്യവതിയായ ദൈവമാതാവിന്റെ സംരക്ഷണയോടും കാവലോടും കൂടി നിത്യസ്വർഗ്ഗമാകുന്ന പിതാവാം ദൈവത്തിന്റെ സന്നിധിയിൽ ആനയിക്കപ്പെടുന്നതാകുന്നു. മനുഷ്യജീവിതത്തിന്റെ പരമോദ്ദേശമായ ഈ പരമാനന്ദാനുഭവമാണ് പുനരൈക്യത്താൽ സിദ്ധിക്കുന്ന പവിത്രഫലം.

മിശിഹാതമ്പുരാൻ പിതാവായ ദൈവത്തിന്റെ സന്നിധിയിൽ നമുക്കുവേണ്ടി പക്ഷവാദം ചെയ്യുകയും ബലി അർപ്പിക്കയുമാണല്ലോ ചെയ്തുകൊണ്ടിരിക്കുന്നതു്. അതിനോടു ചേർന്നു ദിനംപ്രതി വി: കുർബ്ബാന ലോകമൊക്കയും നടത്തിവരുന്നതു കത്തോലിക്കാ സഭയിൽ മാത്രമാണ്. സ്വർഗ്ഗീയ ബലിയോടുകൂടി ഭൗമികബലിയും സംഘടിപ്പിച്ചു് നടത്തുന്ന കുർബ്ബാനയിൽ നിത്യവും സംബന്ധിക്കാൻ സാധിക്കുന്നു എന്നുള്ളതു് പുനരൈക്യത്തിന്റെ മൂന്നാമത്തെ ഫലമാണ്.

ചിന്തനീയമായ രണ്ടു കല്പനകൾ.

സർവ്വശക്തനായിരിക്കുന്ന ആദ്യന്തമില്ലാത്ത നിത്യന്റെ
തിരുനാമത്തിൽ മൂന്നാമത്തെ ഏലിയാസ് എന്ന
(പ്രത്യേകനാമമുള്ള) അന്ത്യോഖ്യയുടെ
അപ്പോസ്തോലിക സിംഹാസനത്തിന്റെ
ഇഗ്നാത്തിയോസ് പാത്രിയർക്കിസ്

(മുദ്ര) നമ്പർ 232.

ഇന്ത്യയിൽ മലങ്കരയുള്ള നമ്മുടെ വാത്സല്യ ആത്മീയ പുത്രന്മാരായ നമ്മുടെ പ്രതിനിധി ബ: ഒസ്താത്തിയോസ് സ്ലീബാ മെത്രാപ്പോലീത്തായുടേയും, ബ: അത്താനാസ്യോസ് പൌലോസ് മെത്രാപ്പോലീത്തായുടേയും, ബ: സേവേറിയോസ് ഗീവറുഗീസ് മെത്രാപ്പോലീത്തായുടേയും, ബ: യൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്തായുടേയും, പട്ടക്കാരുടെയും, ശെമ്മാശ്ശന്മാരുടെയും, കൈക്കാരന്മാരുടേയും, പ്രധാനികളുടേയും, നമ്മുടെ അനുഗ്രഹിക്കപ്പെട്ട ജനങ്ങളെല്ലാവരുടെയും മേൽ ദൈവീക കൃപയും സ്വർഗ്ഗീയ വാഴ്വും വന്നു വസിക്കുമാറാകട്ടെ. കർത്താവിന്റെ വാഴ്വു അവരുടെമേലും അവരുടെ ഭവനങ്ങളിന്മേലും അവരുടെ മക്കളുടെമേലുംഅവർക്കുള്ള സകലത്തിന്മേലും വസിക്കട്ടെ. അതു ദൈവമാതാവായ മറിയാമ്മിന്റേയും സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനയാൽ തന്നെ ആമ്മീൻ.

ആദ്യമായി നിങ്ങളുടെ സൗഖ്യാവസ്ഥയെക്കുറിച്ച് നാം ചോദിക്കയും നിങ്ങളെ വിഷമകരമായ പരീക്ഷകളിൽ നിന്നും ദുഷ്ടമനുഷ്യരിൽ നിന്നും സദാ കാത്തുസൂക്ഷിക്കുന്നതിനായിട്ടു നിങ്ങൾക്കുവേണ്ടി ദൈവത്തോടു നാം പ്രാർത്ഥിക്കുകയും ചെയ്യുന്നു. ആമ്മീൻ.

അനന്തരം നിങ്ങളുടെ സ്നേഹത്തോട് നാം അറിയിക്കുന്നതു് എന്തെന്നാൽ:— മെത്രാപ്പോലീത്തന്മാരുടെ എഴുത്തുകൾ നമുക്കു കിട്ടി. മുടക്കപ്പെട്ട ഗീവറുഗീസ് അവന്റെ മുടക്ക് തീർന്നു എന്ന് പ്രശംസിച്ചു പറഞ്ഞുകൊണ്ടും അവൻ മലബാറിൽ എത്തിയതിന്റെ ശേഷം മലങ്കരമെത്രാപ്പോലീത്താ സ്ഥാനത്തി

ന്റെയോ യാതൊരു ഭരണവും അവനു വേണ്ടെന്നും അവന്റെ ശിഷ്യായുസു പ്രാത്ഥനകളിൽ കഴിച്ചുകൂടിയാൽ മതിയെന്നും പാ
ത്രിയക്കീസല്ലാത്ത അബ്ദൽമിശിഹിനാൽ ചുവപ്പുവേഷം ധരി
പ്പിക്കപ്പെട്ടവരായ അവന്റെ മൂന്നു സഖാക്കൾ തള്ളപ്പെട്ട അ
ബ്ദൽമിശിഹിന് യാതൊരുത്തനും ആത്മീയ നൽവരങ്ങളെ
കൊടുപ്പാൻ അവന് ഇല്ലെന്നുള്ള വിവരവും അവന്റെ സർവ്വ
നടപടികളും കല്പനകളും നമ്മുടെ പള്ളികളിൽ അസാധുവാ
ണെന്നുള്ള വിവരവും മറ്റും കാണിച്ചു രജിസ്റ്റർ ഉടമ്പടി എഴു
തുമെന്നും ആവശ്യപ്പെട്ടതു പ്രകാരം നാം കല്പിക്കുന്നു നമ്മുടെ
കല്പനകളും മറ്റു ശേഷം സംഗതികളും അവർ പൂർണ്ണമായി അ
നുസരിച്ചുകൊള്ളാമെന്നും ഇവിടെ നമ്മുടെ മുൻപാകെ അവൻ
ചെയ്തിട്ടുള്ള വാഗ്ദത്തങ്ങളെ നിവൃത്തിക്കാതെയും, ഇപ്പോഴും നാ
മുടെ സഭയെ കലക്കുകയും കുഴയ്ക്കുകയും അതിൽ (സഭയിൽ)
സങ്കടങ്ങളും വ്യവഹാരങ്ങളും വർദ്ധിപ്പിക്കുകയും ഓരോന്നെല്ലാം
പ്രവൃത്തിക്കുകയും ചെയ്യുന്നു എന്നു നാം ഗ്രഹിച്ചതിൽ അവനെ
ക്കുറിച്ചു നമുക്കു എത്രയും ഖേദമായി തീർന്നു. അവൻ ഇവിടെ
വന്നു പ്രയാസം കഴിച്ചു എങ്കിലും അവന്റെ വാക്കുകളെ മാത്രം
കേട്ടു അവനെ വിശ്വസിക്കുന്നതു നീതിയും ന്യായവുമല്ല. അ
തുകൊണ്ടു നമ്മുടെ അടുക്കൽ നിന്നു മലയാളത്തേക്കു ഒരാളിനെ
അയച്ചു ആ ആളുംമൂലം ശരിയായി സംഗതികളെ നടത്തുകയും
നമ്മുടെ വിശുദ്ധസഭയുടെ വിശ്വാസത്തെ നിലനിർത്തുവാനും ഉ
റപ്പിപ്പാനും വേണ്ടി പ്രയത്നിച്ചുവരായ നമ്മുടെ അനുസരണമു
ള്ള മക്കളുടെ അഭിപ്രായം അറിഞ്ഞതിനുമേൽ സമാധാനത്തി
നു ആവശ്യമുള്ളതു പ്രവൃത്തിക്കയും ഇങ്ങനെ പൂർണ്ണസമാധാന
മുണ്ടാക്കുകയും ചെയ്യുന്നതു യുക്തമെന്നും ഇവയെല്ലാറ്റിന്റെയും
ശേഷം അവന്റെ മുടക്കു തീർക്കുകയും പിന്നീടു അവന്റെ മുടക്കു
തീർക്കുന്നു കല്പന വായിച്ചു പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതു
ഉത്തമമെന്നും നമുക്കു തോന്നി. ഇതിനായിട്ടാണു നമ്മുടെ പു
ത്രനായ യൂലിയോസിനെ നിങ്ങളുടെ അടുക്കൽ നാം അയച്ച
തെന്നു നിങ്ങൾക്കറിയാമല്ലൊ. എന്നാൽ ഗീവറുഗീസു അവ
ന്റെ വാഗ്ദത്തങ്ങളെ നിവൃത്തിയ്ക്കുന്നില്ലെന്നും സമാധാനം ആ
ഗ്രഹിക്കുന്നില്ലെന്നും, നമ്മെ അനുസരിക്കുന്നില്ലെന്നും, കാണ

പ്പെട്ടതുകൊണ്ടു യൂലിയോസിന്റെ യാത്ര നിഷ്ഫലമായി. ഗീവറുഗീസു സഭയുടെ ഉടലിൽനിന്നു വേർതിരിക്കപ്പെട്ടതിനു ശേഷം അവൻ അനുതപിച്ചു തിരിച്ചുവരുമെന്നു അവനെക്കുറിച്ചു നമുക്കു ആശ ഉണ്ടായിരുന്നു. വിശുദ്ധസഭയിൽ ഇപ്പോഴും അവൻ വിശ്വാസങ്ങളെ ഉണ്ടാക്കുകയും കോടതികളിൽ വ്യവഹാരങ്ങൾ വർദ്ധിപ്പിക്കയും അനേകം വ്യാജപ്രസ്താവനകൾ ചെയ്യുയും പരമാർത്ഥമുള്ള ആളുകളെ വഞ്ചിക്കയും മറ്റും ചെയ്യുന്നതുകൊണ്ടു് അവന്റെ ദുഷ്ടവഴികളിൽനിന്നു അവൻ വിട്ടുമാറുമെന്നു ഇപ്പോൾ നമ്മുടെ ഹൃദയത്തിൽ കയറുന്നില്ല

പരേതനായ നമ്മുടെ മുൻഗാമി അവനെ നേരിട്ടു കണ്ടു നല്ലപോലെ മനസ്സിലാക്കിക്കൊണ്ടാണു അവനു മുടക്കുശിക്ഷ കൊടുത്തതു്. ആ ശിക്ഷ അനുഭവിപ്പാൻ അവൻ അർഹനുമാകുന്നു. അവൻ കലഹപ്രിയനും മത്സരക്കാരനും അനുസരണമില്ലാത്തവനും വ്യവഹാരപ്രിയനും ആണെന്നു കാണപ്പെട്ടുന്നതുകൂടാതെ വിശുദ്ധസഭയുടെ വിശ്വാസത്തെയും നടപടികളെയും അവൻ വിട്ടു നടക്കയും ചെയ്യുന്നു. അനുസരണമുള്ളവരും അനുഗ്രഹിക്കപ്പെട്ടവരുമായ നമ്മുടെ മക്കൾ ഇങ്ങനെയുള്ളവരോടുകൂടെ സംസർഗ്ഗം ചെയ്താൽ അവരും ദുഷ്ടന്മാരായിത്തീരും. ഇനിയും നിങ്ങളിൽ നിന്നു അവരെ അകറ്റി നിർത്തുവാൻ നിങ്ങൾക്കു യുക്തവും ന്യായവുമാകുന്നു. ഇതുമാത്രമല്ല മുടക്കപ്പെട്ട ഗീവറുഗീസിനെ സ്വീകരിക്കയും ശരിയായ പാത്രിയക്കീസിനെ നിഷേധിക്കയും അബ്ദുൽമിശിഹായെ പാത്രിയക്കീസായി അംഗീകരിക്കയും ഗീവറുഗീസിനോടു ചേരുകയും ചെയ്യുന്നവരെ നമ്മുടെ വിശുദ്ധസഭയുടെ അംഗങ്ങളായി ഒരു പ്രകാരവുംനിങ്ങൾ ഗണിക്കരുതു് നമ്മുടെ അനുഗ്രഹിക്കപ്പെട്ട വാത്സല്യമക്കളെ! മേൽ പ്രസ്താവിച്ച കാരണങ്ങളാൽ ഗീവറുഗീനേയും അവന്റെ കൂട്ടുകാരേയും നമ്മുടെ വിശുദ്ധസഭയിൽ നിന്നു അന്യന്മാരും ദൂരീകരിക്കപ്പെട്ടവരും ആയി നിങ്ങൾ വിചാരിച്ചുകൊള്ളണം. എന്തെന്നാൽ അവർ നമ്മുടെ സഭയാകുന്ന ഉടലിൽനിന്നു വേർപെട്ടവരും വിശ്വാസ വിപരീതികളും നമ്മളിൽനിന്നു അന്യന്മാരും ആകുന്നു. അവരെ നിങ്ങളുടെ യോഗങ്ങളിൽ നിങ്ങൾ സംബന്ധിപ്പിക്കരുതു്. നിങ്ങളോടുകൂടെ അവർക്കു ഓഹരിയും അധികാരവും (അവകാശവും) ഇല്ല. പള്ളി

സംബന്ധമായ കാര്യങ്ങളിൽ അവരോടുകൂടി നിങ്ങൾ യാതൊന്നും പ്രവർത്തിക്കരുതു. അവരോടുകൂടെ നിങ്ങൾ സംബന്ധിക്കയും അരുതു്. ഇപ്രകാരം അവരിൽനിന്നു നിങ്ങൾ സൂക്ഷിച്ചുകൊൾവീൻ. നിങ്ങൾ നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെ വഴികളിൽനിന്നു തെറ്റാതെയും നമ്മുടെ വിശുദ്ധ സഭയുടെ വിശ്വാസത്തിൽ സ്ഥിരപ്പെട്ടും ഇരുന്നുകൊണ്ടു ദൈവഭയത്തോടും അനുസരണത്തോടും കൂടെ നടന്നുകൊള്ളുണം. നിങ്ങൾ അനുഗ്രഹങ്ങൾക്കു യോഗ്യന്മാരായിത്തീരുവാൻ വേണ്ടി ഇപ്രകാരം വർത്തിപ്പാൻ നിങ്ങൾ ചുമതലക്കാരാകുന്നു. എന്തെന്നാൽ അനുസരണം ബലിയെക്കാൾ നല്ലതാകുന്നു എന്നു പറഞ്ഞിരിക്കുന്നു. നിങ്ങൾ എല്ലായ്പോഴും ഉണർന്നിരിപ്പീൻ. കഴിയുമെങ്കിൽ തെരഞ്ഞെടുക്കപ്പെട്ടവരെ കൂടെയും വഞ്ചിപ്പാനായിട്ടു സിംഹത്തെപ്പോലെ ഗർജ്ജിക്കുന്ന സാത്താന്റെ കണികളിൽ നിങ്ങൾ വീഴാതെ സൂക്ഷിച്ചുകൊൾകയും ചെയ്വീൻ. ദൈവത്തിന്റെ സഹായങ്ങൾക്കു വേണ്ടി പ്രാർത്ഥിപ്പിൻ. നിങ്ങൾ അനുസരണമുള്ള മക്കളും സത്യവിശ്വാസികളും ആയിരിപ്പാനായിട്ടു സർവ്വശക്തനായ ദൈവത്തോടു നിങ്ങൾക്കുവേണ്ടി പ്രത്യേകമായിട്ടും താല്പര്യമായിട്ടും നാമും പ്രാർത്ഥിക്കുന്നു. പരീക്ഷകളിൽ വീഴാതെയും വഴിതെറ്റിപ്പോകാതെയും നിങ്ങൾ സത്യവിശ്വാസമുള്ളവരായിരിക്കണം. സഭാസംബന്ധമായ പീഡകളും മൂലം നമ്മുടെ സഭയും നാശംവരാതെ ദീർഘകാലത്തോളം നമ്മെ കാത്തുകൊണ്ടവനായ ശക്തിയുള്ള ദൈവം നാം എല്ലാവരെയും കാത്തുകൊള്ളും. ഇപ്രകാരം നിങ്ങൾ വിശ്വസിച്ചുകൊള്ളുണം. കർത്താവിന്റെ കൃപ എല്ലായ്പോഴും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. ആമീൻ.

ആകാശങ്ങളിൽ ഇരിക്കുന്ന ഞങ്ങളുടെ ബാവാ ഇത്യാദി.

സിംഹാസനദയറായിൽനിന്നു.

ക്രിസ്താബ്ദം 1924 ചിങ്ങം 12 ാം നു-

ഈ കല്പന അന്ത്യോഖ്യായുടെ അപ്പോസ്തോലിക സിംഹാസനത്തിൽ വാഴുന്ന മൂന്നാമത്തെ ഏലിയാസ് എന്ന മോറാൻ മോർ ഇഗ്നാത്യോസു പാത്രിയർക്കീസു ബാവാതിരുമനസ്സുകൊണ്ടു അയച്ചുതന്നിട്ടുള്ള കല്പനയുടെ ശരിതർജ്ജിമയാകുന്നു.

സ്ലീബാ മാർ ഒസ്താത്യോസു മെത്രാപ്പോലീത്താ (ഒപ്പു) മദ്ര.
ഏലിയാസു മാർ യൂലിയോസു മെത്രാപ്പോലീത്താ (ഒപ്പു) മദ്ര.
പൗലോസു മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ
(ഒപ്പു) മദ്ര.
ഗീവറുഗീസു മാർ സേവേറിയോസു മെത്രാപ്പോലീത്താ
(ഒപ്പു) മദ്ര.

ഹിന്ദു പ്രസ്സ് കോട്ടയം.

സർവ്വശക്തനായി, സാരാംശ പൂർണ്ണനായിരിക്കുന്ന,
അത്യന്തമില്ലാത്ത നിത്യന്റെ തിരുനാമത്തിൽ
മൂന്നാമത്തെ ഏലിയാസു അന്ത്യോക്യയുടെ സ്ലീഹായിക്കുള്ള സിംഹാസനത്തിന്റെ
ഇഗ്നാത്തിയോസു പാത്രിയർക്കീസു.

(മദ്ര) നമ്പർ 402.

നമ്മുടെ വാത്സല്യവാന്മാരായ ബ: സ്ലീബാ ഒസ്താത്യോസു മെത്രാപ്പോലീത്തായിക്കും, ബ: പൗലോസു അത്താനാസ്യോസു മെത്രാപ്പോലീത്തായിക്കും, ബ: ഗീവറുഗീസു സേവേറിയോസു മെത്രാപ്പോലീത്തായിക്കും, ബ: ഏലിയാസു യൂലിയോസു മെത്രാപ്പോലീത്തായിക്കും ക്രൂടി എഴുതുന്നതു. ദൈവമായ കർത്താവിന്റെ വാഴ്വു അവരുടെമേലും അവരോട് ചേരുന്ന എല്ലാവരുടെമേലും വസിക്കുമാറാകട്ടെ. ആമ്മ ദൈവമാതാവായ മറിയാമ്മിന്റെ പ്രാർത്ഥനയാൽ തന്നെ.

നിങ്ങളുടെ സ്നേഹത്തിനു സമാധാനത്തെ നാം പ്രദാനം ചെയ്യുന്നു. ക്രിസ്താബ്ദം 1925 മിഥുനം 21-ാംനു- നിങ്ങളം അയച്ച എഴുത്തു നമുക്കു കിട്ടി. മെത്രാപ്പോലീത്താ അല്ലാതിരിക്കുത്ത വാകത്താനത്തുകാരൻ ഗീവറുഗീസു റമ്പാനെ മുടക്കപ്പെട്ടവരും ശപിക്കപ്പെട്ടവരുമായ അവന്റെ ഇഷ്ടന്മാർ ഇപ്പോഴും കാതോലിക്കാ എന്നു പേർ വിളിച്ചതായും പരേതനായ നമ്മുടെ മുൻഗാമിയായിരുന്ന അബ്ദ്ദേശോപാത്രിയർക്കീസിനാൽ പ്രത്യേകം ശപിക്കപ്പെട്ടിരിക്കുന്ന ഗീവറുഗീസു കശ്ശീശാ റമ്പാനെ അവന്റെ ഇഷ്ടന്മാർ എപ്പിസ്കോപ്പാ എന്നു പേർ വിളി

ച്ചതായും അതിൽ നിന്നു നമുക്കു മനസ്സിലായി മുടക്കപ്പെട്ട അ
ബ്ദൽമിശിഹാ മുഖപ്പുവേഷം ധരിപ്പിച്ചിട്ടുള്ള മൂന്നു പേരും
വ്യർത്ഥന്മാരും മുടക്കപ്പെവരും ആകുന്നു. എന്തെന്നാൽ ഒരുവ
ന് ഏതെങ്കിലും സ്ഥാനം കൊടുപ്പാൻ അബ്ദൽമിശിഹിനു
നമ്മുടെ വിശുദ്ധസഭയിൽ യാതൊരു അധികാരം അശേ
ഷമില്ല. അവന്റെ പ്രവൃത്തികളും കല്പനകളും അസാധുവാ
കുന്നു. മരിച്ചുപോയ ഒരാളിൽ നിന്നും യാതൊരു സ്ഥാനവും
കൈക്കൊള്ളുവാൻ ഒരുവനു നിവൃത്തിയില്ലാത്തതു പോലെത
ന്നെ സിംഹാസനത്തിൽ നിന്നു തള്ളപ്പെട്ടതിന്റെ ശേഷം പാ
ത്രിയർക്കാ സ്ഥാനത്തിൽനിന്നു മരിച്ചവനായി തീർന്നുപോയ അ
ബ്ദൽമിശിഹിൽനിന്നു (യാതൊരു സ്ഥാനവും പ്രാപിക്കാൻ
നിവൃത്തിയില്ല). മുടക്കപ്പെട്ട ഗീവറുഗീസിനെയും രൂഹായിക്ക
ട്ടത്ത നൽവരത്തിൽനിന്നു ഒഴിഞ്ഞിരിക്കുന്ന അബ്ദൽമിശിഹി
നെയും അംഗീകരിക്കുന്നവർ സഭയുടെ ഉടലിൽ നിന്നു വേർപെ
ട്ടുപോയിരിക്കുന്നു എന്നു നാം മുൻപു പ്രസ്താപിച്ചിട്ടുള്ളപോലെ
തന്നെ ഇപ്പോഴും പ്രസ്താപിക്കുന്നു. അവർ നമ്മുടെ വിശ്വാസ
ത്തിൽ എതിരാളികളാകുന്നു. ഈ വിവരത്തിനു ക്രിസ്താബ്ദം
1924 ചിങ്ങം 12-ാം നു നാം ഒരു പൊതുക്കല്പന നിങ്ങൾക്കു
അയച്ചിട്ടുണ്ടല്ലോ. വ്യർത്ഥസ്ഥാനം പ്രാപിച്ചവരായ മേല്പറ
ഞ്ഞ വാകത്താനത്തുകാരനും എം. എ. ക്കാരനും യാതൊരു
സ്ഥാനവും ഇല്ലാ. രൂഹായിക്കട്ടത്ത യാതൊരു വരവും അവ
ക്കില്ലാ എന്നു മാത്രമല്ല അവക്കു നമ്മുടെ സഭയിൽ ഒരവകാശ
വുമല്ല. (ഈ വിവരം) ഇപ്പോൾ നിങ്ങൾ നല്ലവണ്ണം മനസ്സി
ലാക്കി എന്നു നാം വിചാരിക്കുന്നു. അനന്തരം നിങ്ങളുടെ സ്നേ
ഹത്തോടു നാം ആജ്ഞാപിക്കുന്നതെന്തെന്നാൽ ഗീവറുഗീസും
അവന്റെ സഖാക്കളും അവരോടു ചേർന്നിരിക്കുന്നവരും പൈ
ശാചിക പ്രവൃത്തികളിൽ പെരുമാറുകയും അന്ത്യോക്യാസിംഹാ
സനത്തിനെതിരായി നിന്നു പാത്രിയർക്കാ സ്ഥാനത്തെ നിന്ദിക്ക
യും തന്നിഷ്ടപ്രകാരം നടക്കുവാനും മലയാളത്തു കാതോലിക്കാ
സ്ഥാനം സ്ഥിരപ്പെട്ടുത്തുവാനും ആഗ്രഹിക്കുകയും ചെയ്യുന്നവ
രാകുന്നു. മൂശയ്ക്കു വിപരീതമായി എഴുന്നേറ്റവരായ യോനീ
സിനെയും യൻബാറീസിനെയും ഓർത്തുകൊൾവിൻ. ശാപ

ത്തിന്റെ ഈ വക പ്രവൃത്തി ചെയ്യുന്ന ഇവരും അപ്രകാരമുള്ളവരാകുന്നു. എന്നോടും നിന്നിൽനിന്ന് ഒരുവനും ഫലം ഭക്ഷിക്കാതിരിക്കട്ടെ എന്നു നമ്മുടെ കർത്താവു ആ തീത്ത വൃക്ഷത്തോടു പറഞ്ഞപ്പോൾ അതു് ഉണങ്ങിപ്പോയി എന്നുള്ളതും ഓർത്തുകൊൾവിൻ. ദൈവത്തിന്റെ ശക്തിയാൽ അങ്ങിനെ തന്നെ അവരും ഉണങ്ങിപ്പോകുന്നതാകുന്നു. അവരിൽനിന്നു ഫലം ഉണ്ടാകയില്ല. അവർ വിശ്വാസഭയുടെ മടിയിലേക്കു വരത്തക്കവണ്ണം ദൈവം അനുതാപത്തിന്റെ ആത്മാവു അവർക്കു കൊടുത്തില്ല. അവരുടെ പാപങ്ങളിൽ നിങ്ങളും അശ്രദ്ധപ്പെടാതിരിപ്പാനായിട്ടു അവരിൽ നിന്നു അകന്നുകൊൾവിൻ. ഇപ്പോഴും അവർക്കു സമാധാനമില്ലെന്നും ദീർഘദർശി പറഞ്ഞിരിക്കുന്നതുകൊണ്ടു് നിങ്ങളും അവർക്കു സമാധാനം കൊടുക്കരുതു്. ഇസ്രയേലിന്റെ ദൈവം സകല ദോഷങ്ങളിൽനിന്നും നിങ്ങളെ കാത്തു സഹായിക്കട്ടെ. ഈ വിവരം പൊതുവിൽ അറിവിക്കണം. അനുസരണമുള്ളവരുടെമേൽ കൃപയും വാഴ്വും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

ക്രിസ്താബ്ദം 1925 ചിങ്ങം 28-ാം തീയതി
സിംഹാസന ഭയറായിൽ നിന്ന്

ഈ കല്പന അന്ത്യോഖ്യയുടെ അപ്പോസ്തോലിക സിംഹാസനത്തിൽ വാഴുന്ന മൂന്നാമത്തെ ഏലിയാസു എന്ന മോറാൻ മോർ ഇഗ്നാത്യോസ് പാത്രിയക്കീസ് ബാവാ തിരുമനസ്സുകൊണ്ടു അയച്ചുതന്നിട്ടുള്ള കല്പനയുടെ ശരിതർജ്ജമയാകുന്നു.

സ്ലീബാ മാർഒസ്താത്തെയോസ് മെത്രാപ്പോലീത്താ
(ഒപ്പു) മുദ്ര.

ഏലിയാസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ
(ഒപ്പു) മുദ്ര.

പൗലോസ് മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ
(ഒപ്പു) മുദ്ര.

ഗീവറുഗീസു മാർസേവേറിയോസു മെത്രാപ്പോലീത്താ
(ഒപ്പു) മുദ്ര.

ഡയിലിന്യൂസ് പ്രസ്സ് കോട്ടയം. 1925.

തിരുസഭാ പോഷിണി

രണ്ടാം ഭാഗം

യാക്കോബായ സഭയിലെ നവീനോപദേശങ്ങളും സംബന്ധിച്ചു
ഗ്രന്ഥകാരൻ "നസ്രാണിദീപിക"യിൽ ഖണ്ഡശ്ശഃ പ്ര
സിദ്ധപ്പെടുത്തിയിരുന്ന ലേഖനപരമ്പരകളും

യാക്കോബായ സഭയിലെ നവീനോപദേശങ്ങൾ

1106 തുലാമാസത്തിൽ അയിരൂർ എം. ഠറി. ഇംഗ്ലീഷ് സ്കൂളിൽവച്ചു യാക്കോബ്യരുടെ അഭിമുഖ്യത്തിൽ നടത്തിയ യോഗത്തിൽഫാദർ അലക്സിയോസ് അവർകളും ഒ. ഐ. സി-യും മി. എൻ. ജി. കുയ്മൻ എം. എ. ബി. ഡി. യും പ്രധാന പ്രസംഗകന്മാരായിരുന്നു. പ്രസംഗം കേൾക്കാനായി ഞാൻ സ്കൂളിന്റെ സമീപമെത്തിയപ്പോൾ രണ്ടു ഭാഗത്തായി മണിയടിച്ചുകൊണ്ടിരിക്കുന്നതുകണ്ടു. ഒന്നിടവിട്ട് ദീർഘനേരം അടിച്ചുകൊണ്ടിരുന്നതിൽ ഒരുചേകൂട്ടർ യാക്കോബായക്കാരുടേതും, മറ്റത് നവീകരണക്കാരുടേതും ആയിരുന്നു. കുറെ കഴിഞ്ഞു ദിവ്യശ്രീ ഠറി. എസ്. അബ്രാഹം കത്തനാർ ഹാളിലുള്ള പ്ലാറ്റ്ഫാറത്തിൽ പ്രവേശിക്കയും യോഗോദ്ദേശത്തെപ്പറ്റി അല്പം സംസാരിക്കയും ചെയ്തു. കഴിഞ്ഞ മഹായുദ്ധം ആരംഭിച്ചപ്പോൾ, മുമ്പേതന്നെ പരസ്പരം ശത്രുക്കളായിരുന്ന ബ്രിട്ടനും ഫ്റാൻസും ക്രൂടിയോജിക്കയും മഹാശത്രുവിനോട് എതിർക്കുന്നതിന് സർവ്വശക്തികളും പ്രയോഗിക്കയും ചെയ്തവണ്ണം ഇന്നിവിടെ സന്നിഹിതരായിരിക്കുന്ന യാക്കോബ്യരും നവീകരണക്കാരും ഏകോപിച്ച് 'റീത്തുപ്രസ്ഥാന'ത്തോട് ശക്തിയുക്തം പോരാടേണ്ടതാണെന്നും മറ്റുമായിരുന്ന ആ പ്രസംഗത്തിന്റെ സാരം.

അനന്തരം പ്രസംഗകന്മാർ ഹാളിൽ പ്രവേശിച്ചു. ശ്രോതാക്കളായി 200-ൽപരം ആളുകൾ ഉണ്ടായിരുന്നു. അധികവും നവീകരണക്കാരായിരുന്നു. പാട്ടിനായി കുറെ സമയം വ്യയംചെയ്തു. ഗായകസംഘാംഗങ്ങളും നവീകരണക്കാർ തന്നെ.

സംഗീതവും അവരുടേതുതന്നെ. വാളകം, കീഴില്ലം, മൂവാറ്റുപുഴ മുതലായ സ്ഥലങ്ങളിൽ അധിവസിക്കുന്ന സാക്ഷാൽ യാക്കോബ്യരെ നവീകരണസഭയിലേക്കാകർഷിക്കുന്നതിലേക്കായി ദീർഘനാളം 'സുവിശേഷ'പ്രസംഗജോലിചെയ്തു് ഉത്തരതിരുവിതാംകൂറിൽ പ്രസിദ്ധനായിത്തീർന്നിട്ടുള്ള ഒരു നവീകരണോപദേശിയായിരുന്ന ഗായകസഭാനേതൃത്വം വഹിച്ചതു് എന്നുള്ളതു് ശ്രദ്ധാർഹമാണു്. സംഗീതം കഴിഞ്ഞു് പ്രാർത്ഥന നടത്തി. ഒരു കൗമ്മാമുഴുവൻ ചൊല്ലിത്തികച്ചില്ല. വി. കന്യകമറിയാമ്മിനോടുള്ള പ്രാർത്ഥന പിടികളഞ്ഞു. ദൈവമാതാവിനെ ഉപേക്ഷിച്ചാൽ രണ്ടു കക്ഷികളും മൈത്രിയിൽ വർത്തിക്കുമെങ്കിൽ അതാണല്ലോ വേണ്ടതു്!

ആദ്യം പ്രസംഗിച്ചതു് മി. കുയ്പൻ ആണു്. പത്രോസ് ശ്ലീഹായിക്കു് ഇതര ശ്ലീഹന്മാരെ അപേക്ഷിച്ചുണ്ടായിരുന്ന പല വീഴ്ചതാഴ്ചകളെപ്പറ്റി ഒട്ടുവളരെ വർണ്ണിച്ചശേഷം, അദ്ദേഹം സമന്മാരായ ശ്ലീഹന്മാരിൽ മുമ്പനാണെന്നു് സമർത്ഥിച്ചു. പിന്നീടു് ഫാദർ അലക്സിയോസു് അവർകൾ 'റീത്തുപ്രസ്ഥാനം' എന്ന വിഷയം ആസ്പദമാക്കി ദീർഘനേരം പ്രസംഗിച്ചു. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ബഥനിയുടെ മാർഇവാനിയോസു് മെത്രാപ്പോലീത്താ തിരുമേനിയെപ്പറ്റി അഭിശപ്തനും അധഃപതിയും ജനിപ്പിക്കുന്നതിനു പര്യാപ്തമായ അനേക സംഗതികൾ ഉണ്ടായിരുന്നു. 'റീത്തുപ്രസ്ഥാന'ക്കാർ പറയുന്നതിലധികവും അവാസ്തവമാണെന്നും വാസ്തവമായിരുന്നാൽത്തന്നെയും ആയതു് ശാശ്വതമല്ലെന്നുംമറും വർണ്ണിക്കുന്നതിൽ പ്രദർശിപ്പിച്ച ഔത്സുക്യം ഒന്നു വേറെയായിരുന്നു. പ്രസംഗകന്മാർ തട്ടിമൂളിച്ച നവീനോപദേശങ്ങളെപ്പറ്റിയല്ല ഇപ്പോൾ നിരൂപണം ചെയ്യുന്നതു്. യാക്കോബായ സഭയുടെ അരുമസന്താനങ്ങളാണെന്നു് അഭിമാനിക്കുന്നവരിൽ ഭ്രാന്തപക്ഷവും നവീകരണക്കാരുടെക്കൂടെ ചേർന്നുകൊണ്ടു് പ്രസംഗയോഗങ്ങൾ നടത്തിവരുന്നതും അവരുടെ പ്രസംഗകന്മാരെ അംഗീകരിക്കുന്നതും അത്ഭുതപൂർവ്വമായ സംഭവങ്ങളാണെന്നും ഇതുയുമൊക്കെയായിട്ടും

യാക്കോബായസഭയുടെ ഭരണകർത്താക്കൾ മൗനം അവലംബിക്കുന്നതു് അത്യന്തം ആശ്ചര്യമാണെന്നും പറയുന്നവർ അനേകരുണ്ടു്.

സാക്ഷാൽ യാക്കോബായ സഭയുടെ ഉപദേശങ്ങൾക്കും റിക്കാർട്ടുകൾക്കും വിപരീതമായ അനേക നവീനോപദേശങ്ങൾ വിതരണം ചെയ്യുന്നതിനു സാധിച്ച പ്രസ്തുതയോഗത്തെപ്പറ്റി നവീകരണ സഭാംഗമായ ഒരു കുട്ടി ഒരു കത്തോലിക്കു പട്ടക്കാരനോടു് പറഞ്ഞതു്. 'അച്ചാ! യാക്കോബായക്കാരുടെ വായും നാക്കുമാതേ ഞങ്ങൾക്കാരുടെപ്രസംഗവുമാണു് എന്നാതു്. യോഗത്തിൽ സംബന്ധിച്ച നവീകരണക്കാരിൽ അധികഭാഗവും ഈ കുട്ടിയുടെ അഭിപ്രായത്തോടു യോജിക്കുമെന്നുള്ളതു് നിസ്തർക്കമാണു്. ഈ ഇരുകൂട്ടരും യോജിച്ചു് പല സ്ഥലങ്ങളിലും ഈവിധ യോഗങ്ങൾ നടത്തുന്നുണ്ടല്ലോ. എന്നാൽ ആ യോഗങ്ങളിൽ ഒന്നിലെങ്കിലും നവീകരണക്കാരുടേതിൽ നിന്നും വ്യത്യസ്ഥമായുള്ള യാക്കോബായ ഉപദേശങ്ങളിൽ ഒന്നെങ്കിലും നവീകരണക്കാർ സമ്മതിച്ചു കൊടുത്തിട്ടുണ്ടോയെന്നും, നേരെ മറിച്ചു് യാക്കോബ്യരുടെ ദൃഷ്ടിയിൽ പതിതോപദേശങ്ങളായി വിചാരിക്കപ്പെടേണ്ട ചില നവീകരണോപദേശങ്ങൾ കേട്ടു ശരിവെച്ചു് നവീകരണക്കാരോടുകൂടെ കയ്യും കൊട്ടി യോഗങ്ങളിൽ നിന്നും പിരിഞ്ഞുപോരികയല്ലയോ ചെയ്യുന്നതെന്നും യാക്കോബായക്കാരിൽ കണ്ണും കരളുമുള്ളവർ ഗാഢമായി ആലോചിച്ചുനോക്കേണ്ടതാണു്.

മലങ്കര യാക്കോബായ സഭയുടെ സംരക്ഷണാർത്ഥം പ്രയത്നിക്കുന്നവർക്കു് ഈ നവീകരണക്കാരെ കൂട്ടുപിടിക്കാൻ സഭാധ്യക്ഷന്മാർ അനുവാദം കൊടുത്തിട്ടുണ്ടോ? ആ സഭയുടെ ഉത്ഭവകാലം മുതലുള്ള ചരിത്രത്തിൽ മതപ്രചരണവിഷയത്തിൽ യാക്കോബ്യർ എന്നെങ്കിലും സഹകരിച്ചതായി തെളിവുണ്ടോ? നേരെ മറിച്ചു് പരസ്പരം ശപിക്കയും ആക്രമിക്കയും വ്യവഹരിക്കയും അധിക്ഷേപിക്കയുമല്ലേ ചെയ്തിട്ടുള്ളതു്? അംഗീകരണമില്ലാത്ത പാട്ടപുസ്തകങ്ങൾ സഭയിൽ ഉപയോഗിക്കുന്നതിനെ എങ്ങിനെ നീതീകരിക്കാം? നവീകരണക്കാരുടെകൂടെ പ്രാർത്ഥി

ക്കുമ്പോൾ വി. കന്യകമറിയാമ്മിനോടുള്ള പ്രാർത്ഥന തൃജിക്കുന്നത് സഭാമാതാവിനും ദൈവമാതാവിനും സുഖപ്രദമായിരിക്കുമോ? ഈ സഭയെ എന്നു മുതലാണ് സഹോദരിസഭയോയി യാക്കോബായസഭ പ്രച്ഛ്യാപനം ചെയ്തത്? കാതലായ എല്ലാ വിശ്വാസത്തിലും വിയോജിപ്പുള്ള ഒരു സഭയെ എന്തു ന്യായമനുസരിച്ചാണ് സഹോദരിസ്ഥാനത്തിൽ പ്രതിഷ്ഠിക്കുന്നത്? രണ്ടുസഭകൾക്കും മുക്കുടെടുക്കുള്ള ഏക സംഗതിയല്ലാതെ പരസ്പരസാമ്യമുള്ള മറ്റു വിഷയങ്ങൾ വല്ലതുമുണ്ടോ? കൂപാമാർഗ്ഗങ്ങളാകുന്ന ഏഴു കൂദാശകളെപ്പറ്റി യാക്കോബായസഭയുടെ വിശ്വാസോപദേശങ്ങൾക്കനുകൂലമായി നവീകരണസഭ ഒന്നും തന്നെ പഠിപ്പിക്കുന്നില്ല. പ്രത്യുത വിപരീതമായിട്ടാണ് സകലതിനെപ്പറ്റിയും അവർ പഠിപ്പിക്കുന്നത്. വിശ്വാസോപദേശങ്ങളിൽ യാക്കോബായസഭയോട് ഏറ്റം അടുത്തതു കത്തോലിക്കസഭ മാത്രമാണ്. യാക്കോബായസഭ അതിനോട് ഏറ്റം അടുത്ത കത്തോലിക്കസഭയോടെതിർക്കുന്നതിന്റെയും ഒരുപദേശങ്ങളും വേദവിപരീതങ്ങളും പഠിപ്പിക്കുന്നതും അടുത്തകാലത്തു ആവിർഭവിച്ചതുമായ നവീകരണസഭയുടെ സഖ്യത്തെ പ്രതീക്ഷിക്കുന്നതിന്റെയും അന്തരം എത്രയായിരിക്കും?

ഫാദർ അലക്സിയോസിന്റെ ഉപസംഹാരത്തിൽ ഉണ്ടായിരുന്ന ഉപദേശം ഈ അന്തരത്തെ പ്രദ്യോതിപ്പിക്കുന്നുണ്ട്. 'മാത്തോമ്മാസഭയിൽ ആട്ടിപ്പാപിജീവിച്ചിരിക്കുന്ന ഏതാനും ബ: പട്ടക്കാരുടെ കണ്ണുനീരിന്റെയും പ്രാർത്ഥനാപൂർവ്വമായ പരിശ്രമത്തിന്റെയും ഫലമായി ദൈവകൃപയാൽ ആ സഭ സ്വാതന്ത്ര്യത്തിന്റെ ആശാസ്യമായ ഒരു പതനത്തിൽ എത്തിയിരിക്കുന്ന എന്ന സന്തോഷം പറയാവുന്നതാണ്'. ഫാദർ ഈ പറഞ്ഞതിന്റെ അർത്ഥവും അന്തരവും എന്ത്? അന്ത്യോക്യാ പാത്രിയർക്കീസിന്റെ ഭരണത്തിൽനിന്നും യാക്കോബായസഭയെ ഒഴിവാക്കുന്നതു പരമഭാഗ്യമാണെന്നും, നവീകരണസഭയുടെ ആവിർഭാവം ദൈവികമായിരുന്നു എന്നും പൂർണ്ണമായി വിശ്വസിക്കുന്ന ഫാദർ അലക്സിയോസിനോടുകൂടി അനുകൂലിക്കാൻ തയ്യാറുള്ള യാക്കോബ്യർ ഈ തിരുവിതാംകൂറിലൊ

മറെറവിടെയെങ്കിലുമോ ഉണ്ടാകുമോ?. നവീകരണസഭ ദൈവത്തിന്റെ ഒരു സഭയാണെന്നും അതു് പ്രാത്ഥനാഫലമാണെന്നും, ഇത്തരം പല സഭകളും ദൈവത്തിനുണ്ടെന്നും വിശ്വാസവിഷയങ്ങളിൽ ഐകൃമില്ലാത്ത സഭകളും മണവാട്ടിസഭയിലുൾപ്പെട്ടുമെന്നും മറും പ്രസ്താവിക്കുന്നതിന് ചങ്കൂറ്റമുള്ള യാക്കോബായ വൈദികന്മാരെപ്പററി ഇതിനു മുൻപു് ഞാൻ കേട്ടിട്ടില്ലാ. വിഭിന്നമായ ആദർശങ്ങളോടും അധിപത്യങ്ങളോടുംകൂടിയിരിക്കുന്ന രണ്ടു സഭകളും മിശിഹായുടെ ഏകസഭയാണെന്ന് ഫാദർ അലക്സിയോസ് പഠിപ്പിക്കുന്നതിനെയാണോ, നേരെമറിച്ചു് പഠിപ്പിച്ചിരിക്കുന്ന വി. പൗലൂസിനെയാണോ നാം അംഗീകരിക്കേണ്ടതു്? തീത്തൂസ് 3: 10—11 'സഭയിൽ ഭിന്നത വരുത്തുന്ന മനുഷ്യനോട് ഒന്നു രണ്ടു വട്ടം ബുദ്ധിപഠഞ്ഞശേഷം അവനെ ഒഴിക്ക ഇങ്ങനെയുള്ളവൻ വക്രബുദ്ധിയായി പാപംചെയ്തു തന്നത്താൻ കുറംവിധിച്ചിരിക്കുന്നുയെന്നു് നിനക്കറിയാമല്ലോ'. 1 കോറി 1: 10—13 "സഹോദരന്മാരെ നിങ്ങളെല്ലാവരും ഒന്നുതന്നെ സംസാരിക്കയും നിങ്ങളുടെയിടയിൽ ഭിന്നത ഭവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണമെന്ന് ഞാൻ കത്താവായ യേശുവിന്റെ നാമംചൊല്ലി പ്രബോധിപ്പിക്കുന്നു".

ഒടുവിലത്തെ പ്രസംഗദിവസം ഞായറാഴ്ച വൈകിട്ടു ഫാദറിനെ കാണ്മാൻ ഞങ്ങൾ കുറെ ആളുകൾ പോയിരുന്നു. സംഭാഷണമദ്ധ്യേ പൗരസ്ത്യകാതോലിക്ക് സഭകൾ തമ്മിൽ യോജിക്കേണ്ടതിന്റെ അത്യാവശ്യത്തെപ്പററി ഹൃദയാവർജ്ജകമായി പ്രസ്താവിച്ചു. നവീകരണസഭയും കാതോലിക്ക് സഭയിൽ ഉൾപ്പെട്ടതാണോ എന്ന് ഫാദർ അലക്സിയോസ് അവർകളോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതുപോലെ രസകരമാണ്. "അതിനെപ്പററി പ്രൈവറായി പിന്നീടുപറയാം" എന്നതെ ലഭിച്ച ഉത്തരം. ഇതിനോടുകൂടി ബ: അലക്സിയോസ് അച്ചൻ അവർകളുടെ നയോപായങ്ങൾ മുഴുവൻ കരതലാമലകംപോലെ ഞങ്ങൾക്കു സുവ്യക്തമായി. സുമാർ 24 മണിക്കൂർ മുൻപു് നവീകരണക്കാരുടെ സ്റ്റേജിലുള്ള പ്ലാറ്റുഫാ

റത്തിൽ ഇരുന്നുകൊണ്ട് അവരുടെ സഭയുടെ 'ദിവ്യ' ഉത്ഭവത്തേയും അതിന്റെ തല്ക്കാല സ്വാതന്ത്ര്യത്തേയും അഭിവൃദ്ധിയേയും പ്രശംസിച്ചു പ്രസ്താവിച്ച ഫാദർ അലക്സിയോസ് ആ സഭയും കാതോലിക സഭയാണോ എന്നുള്ള ഞങ്ങളുടെ ചോദ്യത്തിനു ഉത്തരമായി പിന്നീടു പ്രൈവറ്റായി പറയാമെന്നു തീരുമാനിച്ചതിൽ പ്രദർശിപ്പിച്ച വക്രബുദ്ധിയെപ്പറ്റി വായനക്കാർ തന്നെ എന്തെങ്കിലും വിധിക്കട്ടെ. ഈ മാതിരി മനസ്ഥിതിയിലിരിക്കുന്ന ഒരു സന്യാസിപട്ടക്കാരൻ റീത്തു പ്രസ്ഥാനത്തേയും വിശിഷ്യാ മാർ ഈവാനിയോസു മെത്രാപ്പോലീത്താ തിരുമേനിയേയും കുറിച്ചു ചെയ്യുന്ന പ്രസ്താവനകൾക്കു എന്തുമാത്രം നിലയും വിലയും ഉണ്ടായിരിക്കുമെന്നു ഞാൻ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ.

മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും മറ്റും കത്തോലിക്കസഭയിൽ ചേർന്നതിന്റെ ശേഷം യാക്കോബായ സഭയിലെ പണ്ഡിതന്മാർ മുതൽ പാമരന്മാർവരെയുള്ള അനേകർക്കും സഭാസംബന്ധമായ സംഗതികളിൽ അതിയായ പരിഭ്രമം പിടിച്ചിട്ടുണ്ടെന്നുള്ളതു നിസ്തർക്കമത്രെ. സഭയുടെ കാതലായ വിശ്വാസോപദേശങ്ങളിൽ പ്രത്യക്ഷപ്പെട്ടുകാണുന്ന ചാഞ്ചല്യം ദൈനംദിനം വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. പുരാതനകാലം മുതൽ വിശ്വസിച്ചും അനുഷ്ഠിച്ചും പോരുന്ന പല സംഗതികൾപോലും വിപാടനം ചെയ്യേണ്ടതായി വന്നുകൂടിയിട്ടുണ്ട്. കാതലായ വിശ്വാസസത്യങ്ങളും തത്വങ്ങളും ഉർവ്യാഖ്യാനം ചെയ്യുന്നതിന് ബദ്ധകങ്കണന്മാരായി പുറപ്പെട്ടിരിക്കുന്നവരുടെ സംഖ്യ ഒട്ടും കുറവല്ല. ഇതിന്റെയൊക്കെ ഫലമായി സഭാംഗങ്ങളിൽ പുനരൈക്യവിഷയമായി സംജാതമായിട്ടുള്ള പ്രതിപത്തി പ്രശംസാർഹമാണ്. യാക്കോബായാ സഭയിൽ അടിയ്ക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവങ്ങളും അസമാധാനങ്ങളും നീങ്ങി ശോഭനമായ ഒരു ഭാവി അടുത്തകാലത്തു ലഭ്യമാകുമെന്നു പ്രതീക്ഷിക്കാനുള്ള യാതൊരു ലക്ഷണങ്ങളുമില്ല. പാത്രിയർക്കീസുകക്ഷിയും മെത്രാൻകക്ഷിയും ദീർഘകാലം മത്സരിച്ചതിന്റെ ശേഷം പുനരൈ

കൃത്തിനു വേണ്ട പണികളെല്ലാം പ്രയോഗിച്ചുനോക്കി. അവസാനമായി ബഹുമാനപ്പെട്ട ഇൻഡ്യാവൈസ്രോയി അവർകളുടെ മദ്ധ്യസ്ഥതയിൽ ഉഭയസഭാവിഭാഗങ്ങളും തമ്മിൽ സംയോജിക്കുന്നതിലേക്കുംകായ്മായ ചില പരിശ്രമങ്ങളും പ്രയത്നങ്ങളും നടക്കാതിരുന്നിട്ടില്ല. ഒരു വ്യാഴവട്ടക്കാലത്തിനിടയിൽ നടന്നിട്ടുള്ള സന്ധിയാലോചനകളെല്ലാം വിഫലമായിട്ടാണ് കലാശിച്ചതു്. മേലാൽ സന്ധി അസാദ്ധ്യമാണെന്നുള്ള ബോധം മൂലമായിരിക്കാം മൂവായിരത്തിൽ പരം ശ്രുപാ കോടതിച്ചെലവു മാർ അത്താനാസ്യോസ് മെത്രാപ്പൊലീത്താ അവർകളുടെ പക്കൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികളും ഉൎജ്ജിതപ്പെടുത്തിയതു്. അതിൻപ്രകാരം മുഴുവൻ സംഖ്യയും കോർട്ടിൽ കെട്ടിവയ്ക്കുകയും ചെയ്തു. എന്നിട്ടും സന്ധിപ്രിയന്മാരുടെ ഒരു ഭാഗക്കാർ ഭഗ്നമനോരഥന്മാരാകാതെ നവീകരണസഭയുമായിട്ടെങ്കിലും യോജിക്കണമെന്നാഗ്രഹിക്കയും പ്രവൃത്തിയ്ക്കയും ചെയ്യുന്നു.

യാക്കോബ്യരും നവീകരണക്കാരുംകൂടി ചേൎന്ന മദ്ധ്യതിരുവിതാംകൂറിൽ ഒരിടത്തുവച്ചു ഈ വിഷയത്തെപ്പറ്റി തലചുട്ടു് ചിന്തിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടു്. അന്ത്യോക്യാപാത്രിയക്കീസു ബാവാ അവർകും കാൻറർബറി ആൎച്ചുബിഷോപ്പുമായി പല എഴുത്തുകുത്തുകളും നടത്തിക്കഴിഞ്ഞിരിക്കുന്നു. ആംഗ്ലീയാസഭയുടെ സാവ്വത്രികസുന്നഹദോസിൽ-ലാംബത്തു് മഹായോഗത്തിൽ-ആ വക സംഗതികളും പൎയ്യാലോചനയ്ക്കെടുക്കുകയും ചെയ്തിട്ടുണ്ടു്. മേൽപ്രസ്താവിച്ചതിൽ നിന്നും യാക്കോബായ സഭയും നായകന്മാരും ഏതെങ്കിലുമൊരു സഭയോടു യോജിക്കുന്നതിനു അത്യന്തം അഭിരുചിയോടിരിക്കയാണെന്നു സുവ്യക്തമാകുന്നു. വിശ്വാസോപദേശങ്ങളിൽ സാരമായ വ്യത്യാസമില്ലെങ്കിലും മുടക്കുമുതലായി ഏതാനും വിഷയങ്ങളിൽ അഭിപ്രായവ്യത്യാസത്തോടുകൂടിയിരിക്കുന്ന യാക്കോബായ സഭാവിഭാഗങ്ങളും പരസ്പരം ഐക്യപ്പെടുന്നതു് അസാദ്ധ്യമാണെങ്കിൽ നവീകരണസഭയുമായിട്ടുള്ള പുനരൈക്യത്തെപ്പറ്റി അധികം പ്രത്യാശിക്കാനില്ല. മാർ ഇവാനിയോസ്

മെത്രാപ്പോലീത്താ മുഖാന്തിരം സാധിച്ചിട്ടുള്ള റീത്തുപ്രസ്ഥാനത്തിൽ ക്രൂടിയല്ലാതെ മലങ്കര യാക്കോബായാ സഭയ്ക്ക് ഒരുനാളും യഥാർത്ഥമായ ഒരു പുനരൈക്യം നേടാൻ കഴിയുന്നതല്ലാ. അതിനാൽ മിശിഹായുടെ തിരുസഭയുടെ ഐക്യത്തിൽനിന്നും വേർപെട്ടുപോയ സകലരെല്ലാം പുനരൈക്യപ്പെടുന്നതിനും തൻമൂലം തിരുസഭാശരീരം പരിപുഷ്ടിപ്പെടുന്നതിനും എല്ലാകാത്തോലിക്കവിശ്വാസിയും തീഷ്ണതയേറിയ പ്രാർത്ഥനകഠം കഴിക്കേണ്ടതാണെന്ന് പ്രബോധിപ്പിച്ചുകൊള്ളുന്നു.

ഏതെങ്കിലും രാഷ്ട്രമോ മതമോ സമുദായമോ ക്രമപ്രവർത്തമായഐശ്വര്യപന്ഥാവിൽ എത്തണമെങ്കിൽ അതിന്റെ അടിസ്ഥാനതത്വങ്ങളും വിശ്വാസസത്യങ്ങളും സുസ്ഥിരമായിരിക്കുന്നതുകൂടാതെഭരണഘടനയും സുരക്ഷിതമായിരിക്കണം. അല്ലാത്തരാഷ്ട്രവുംമതവും കാലാന്തരത്തിൽ ഛിന്നഭിന്നമായിത്തീരുമെന്നുള്ളതിലേക്കു ലോകചരിത്രത്തിൽ ധാരാളം ദൃഷ്ടാന്തങ്ങൾകാണ്മാനുണ്ട്. നവീകരണസഭയിലെ ഉണർവ്വുപ്രാപിച്ചനേതാക്കന്മാരായ മെസ്സേഴ്സ് കെ. എൻ ഡാനിയൽ, മൂന്താമ്പാക്കൽ കൊച്ചുഞ്ഞ് ഉപദേശിമുതലായവർ തിരുവല്ലാ, വെണ്ണിക്കുളം, അയിരൂർ, തുമ്പമൺ തുടങ്ങിയ മധ്യതിരുവിതാംകൂറിലുള്ള പലസ്ഥലങ്ങളിലും സഞ്ചരിച്ച് യാക്കോബ്യരുടെ ഇടയിൽ പ്രബോധനം നൽകിവരുന്നതും നവീകരണസഭയുമായി സഖ്യപ്പെടുന്നതിനു പ്രേരിപ്പിക്കുന്നതും സുവ്യക്തമായിത്തീർന്നിരിക്കുന്നു. ഈവക മിശ്രസമ്മേളനത്തിന് മെത്രാൻ കക്ഷികളായ പല പ്രമാണികളുടേയും അനുകൂല്യമുണ്ടെന്നുള്ള സംഗതിയും പ്രസ്താവ്യമത്രെ. ഏകദേശം രണ്ടായിരം വർഷത്തെ പഴക്കമുണ്ടെന്ന് സ്വയം അഭിമാനിക്കുന്ന യാക്കോബായ സഭയ്ക്ക് ഒരു ഭരണഘടന ഇതുപര്യന്തം ഉണ്ടായിട്ടില്ല. അടുത്തകാലത്തു ഭരണഘടന രൂപവൽക്കരിക്കാനായി ഒരു കമ്മറ്റിയെ നിയമിച്ചിട്ടുള്ളതേയുള്ളൂ. സഭയുടെ പ്രാമാണ്യമുള്ള കാനോൻ ഏതാണെന്നും വ്യാജനിർമ്മിതമായ കാനോൻ ഏവയെന്നും ഔദ്യോഗികനിലയിൽ പ്രഖ്യാപനം ചെയ്തിട്ടില്ല.

സ്വന്തം സഭയുടെ സാക്ഷാലുള്ള പേരുതന്നെ ഖണ്ഡിതമായി പ്രസ്താവിക്കാതിരിക്കുന്നതും ശ്രേയസ്കരമാണ്. സഭയുടെ പേരുപോലും നിശ്ചയിച്ചിട്ടില്ലാത്ത സ്ഥിതിക്ക് ഏതുസഭയുടെ രേഖാഘടനയാണുണ്ടാക്കേണ്ടതു്? യാക്കോബായസഭയുടെ യഥാർത്ഥമായ പേരു് എന്താണെന്നു അറിയാതെ അനേകർ ബുദ്ധിമുട്ടുന്നുണ്ടെന്നു അറിയുമ്പോൾ പലർക്കും ആശ്ചര്യമുണ്ടായേക്കാം. യാക്കോബായസഭ അഞ്ചാംശതാബ്ദത്തിൽ ആവിർഭവിച്ചതാണെന്നു പറഞ്ഞാൽ ആ സഭാംഗങ്ങളിൽ ഭൂരിപക്ഷത്തിനും രോമാഞ്ചമുണ്ടാകും. നിത്യവും ഏറുപറയുന്ന നിഖ്യാവിശ്വാസപ്രമാണത്തിലുള്ള കാതോലിക്കസഭതന്നെയാണു് യാക്കോബായസഭ എന്നു പറയുന്നതിനു് ധൈര്യവും സ്ഥൈര്യവുമുള്ളവർ തുലോം ചുരുക്കമാണു്. യാക്കോബായ പാത്രിയർക്കീസുമുതലുള്ള മെത്രാഭിഷേകവും സഭാനേതാക്കന്മാരും സ്വന്തസഭയുടെ പേരു് യാക്കോബായസഭ എന്നുതന്നെയാണെന്നു മൈകകണ്ഠ്യേന സമ്മതിച്ചിരിക്കുന്നു. സഭാഗ്രന്ഥങ്ങളും ഇതര രിക്കാർട്ടുകളും ഈ സംഗതിയുടെ പാരമാർത്ഥ്യത്തെ വിശദമാക്കുന്നുണ്ടു്. കാലക്രമേണ സഭയുടെ പേരും മാറിത്തുടങ്ങി. തിരുവനന്തപുരത്തുനിന്നും പുറപ്പെടുവിച്ചുകൊണ്ടിരുന്ന 'സുറിയാനിസഭ' 'കാതോലിക്സഭ' എന്ന രണ്ടു മാസികകൾ എന്തിനെയാണു് സൂചിപ്പിച്ചിട്ടുള്ളതു്? മ. മനോരമക്കാർ 'മലങ്കര സുറിയാനിസഭ' എന്നു് സർവ്വസാധാരണമായി പ്രയോഗിച്ചുവരുന്നു. 1103-ൽ 366-ാം നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള കല്പനയിൽ, പൗരസ്ത്യകാതോലിക്കാബാവാ അവർകൾ 'മലങ്കരസ്ഥതി ചൊവ്വാകുപ്പെട്ട സുറിയാനിസഭ' (ഓർത്തോഡക്സോ സുറിയാനിസഭ) എന്നുള്ള പേരാണു് അംഗീകരിച്ചിട്ടുള്ളതു്. മലങ്കര മെത്രാപ്പോലീത്താ അവർകളുടെ കല്പനകളിൽ മാത്രമല്ലാ നമസ്കാരക്രമങ്ങൾ, മതസംഗതികൾ, മുതലായ സഭാറിക്കാർട്ടുകളിലും യാക്കോബായസഭ എന്ന അഭിധാനമാണു് സ്വീകരിച്ചിട്ടുള്ളതു്. വി. മാത്തോമ്മാശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട സാക്ഷാൽ മാത്തോമ്മാസഭ തങ്ങളുടേതാണെന്നു് ശക്തിയുക്തം വ്യവഹരിക്കുന്ന യാക്കോബ്യരും ഇല്ലാതില്ല. സ്വ

ന്തസഭയുടെ പേരിനെപ്പറ്റി ഖണ്ഡിതമായ തീരുമാനം ചെയ്യാൻ കഴിവില്ലാത്തവരെപ്പറ്റി എന്താണ് പറയേണ്ടതു്? അബ്രാഹം, യാക്കോബു്, പത്രോസു് മുതലായവരുടെ പേരുമാറ്റം പോലെ സഭയ്ക്കും പേരു മാറിക്കൊണ്ടിരിക്കണമെന്ന് വല്ലവരും വാദിച്ചാൽ അതും നിഷേധിക്കാൻ വഴി കാണുന്നില്ല. ഏകദേശം മുപ്പതു വർഷങ്ങൾക്കു മുൻപു് ഒരു യാക്കോബായക്കാരനാൽ മുദ്രണം ചെയ്യപ്പെട്ടതും ഇപ്പോൾ അത്യന്തമില്ലാത്തതായി കാണപ്പെട്ടുന്നതുമായ ഒരു പുസ്തകം എന്റെ പക്കൽ ഇരിപ്പുണ്ടു്. ആ പുസ്തകത്തിൽ 'കാതോലിക്കാപ്പള്ളി—കാതോലിക്ക് സഭ—എന്നു പറയുന്നതു് അത്യന്തം മൂന്നു സാവ്വത്രിക സുനഹദോസുകൾക്കാണു്!!' എന്നതത്രെ കാണുന്നതും.

ഇങ്ങനെ അരശതാബ്ദത്തിനിടയിൽ അരഡസനോളം നാമധേയങ്ങൾ ലഭിക്കാനുള്ള ഭാഗധേയം മറേറതെങ്കിലുമൊരു സഭയ്ക്കു ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണു. സഭയുടെ ശരിയായ പേരു നിർണ്ണയിക്കാതെയും, സത്യമായ കാനോൻ കണ്ടുപിടിക്കാതെയും, പരാധികാരിയെപ്പറ്റിയും അധികാരത്തെപ്പറ്റിയും തിട്ടമില്ലാതെയും, സ്ഥിതിചെയ്യുന്ന മലങ്കര യാക്കോബായസഭയിൽ നവീനോപദേശങ്ങൾ പ്രചുരപ്രചാരത്തിൽ വരുന്നുണ്ടെന്നു കേൾക്കുമ്പോൾ ആശ്ചര്യപ്പെടേണ്ട ആവശ്യമില്ല. പ്രസ്തുത സഭയിൽ വർത്തമാനകാലത്തു് പ്രതിനിമിഷം നവീനോപദേശങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതു് നീതിന്യായസ്ഥാനത്തോടുള്ള വൈരംകൊണ്ടു മാത്രമാണു്. കത്തോലിക്കരോടും സർവ്വോപരി മാർ ഈവാനിയോസ് മെത്രാപ്പോലീത്താ അവർകളോടുമുള്ള മനഃപൂർവ്വവിദ്വേഷംമൂലം സ്വന്ത സഭയുടെ അസ്ഥിവാരമിളക്കുന്ന പ്രസംഗങ്ങളും പ്രസിദ്ധീകരണങ്ങളും നാടൊട്ടുക്കു് വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഏതെങ്കിലും വ്യക്തിയോടൊ സഭയോടൊ നീരസമുണ്ടാകുമ്പോൾ അവരവരുടെ സഭാതത്വങ്ങൾക്കും സത്യങ്ങൾക്കും പ്രതികൂലമായി പ്രവൃത്തിക്കുന്നതു് അതീവ ശോചനീയംതന്നെ. ഇപ്പോൾ ഫാദർ അലക്സിയോസ് പ്രസ്താവികം പ്രചരിപ്പിക്കുന്ന നവീനോപദേശങ്ങളിൽ ചിലതിനെപ്പറ്റി നിരൂപണം ചെയ്വാനാണാഗ്രഹിക്കുന്നതു്.

1. വി. പത്രോസിന്റെ റോമാഗമനം.

കത്തോലിക്കു സഭയിൽനിന്നും യാക്കോബായസഭയിലേക്കു ചേർന്ന അൽവാറീസ് മെത്രാപ്പോലീത്തായേപ്പറ്റിയും അദ്ദേഹത്തിന്റെ മതപരിവർത്തന നയത്തെപ്പറ്റിയും ഏവർക്കും അറിയാമെന്നു വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ പാർശ്വവർത്തിയായ ഒരാൾ "അന്ത്യോക്യായും റോമായും" എന്ന പേരിൽ ഒരു ചെറിയ പുസ്തകം എഴുതി അച്ചടിച്ചിട്ടുണ്ട്. അതിൽ പ്രധാനമായി പറയുന്നതു വി. പത്രോസു റോമായിൽ പോയിട്ടേയില്ല എന്നാണ്. പത്രോസിന്റെ റോമാഗമനത്തിൽ തെളിവായി സുസമ്മതമായ വേദവാക്യങ്ങളും മറ്റും അദ്ദേഹത്തിനു കിട്ടാത്തതുള്ള വിഷമം ഒട്ടും ചില്ലറയല്ലാ. പ്രസ്തുത പുസ്തകത്തിനു യാതൊരു ശ്രേഷ്ഠാനുമതിയുമില്ലാ. പത്രോസു ശ്ലീഹായുടെ സാക്ഷാൽ സിംഹാസനത്തിൽ വാണരുളുന്ന മാർപ്പാപ്പാ തിരുമേനിയോടുള്ള കേതിബഹുമാനാദരവുകളും ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടു വരുന്നതിലുള്ള അസൂയകൊണ്ടു മുൻപറഞ്ഞ പുസ്തകത്തിനു ഇപ്പോൾ പ്രചാരം ക്രൂടിക്കൊണ്ടിരിക്കുന്നു. പഠിപ്പുകൊണ്ടും പ്രാപ്തികൊണ്ടും സ്ഥലത്തെ പ്രഥമഗണനീയനായ ഒരു യാക്കോബായവൈദികൻ ഭ്രാതൃക്കണ്ണാടി, ദർപ്പണസമക്ഷം, അന്ത്യോക്യായും റോമായും മുതലായ പ്രസിദ്ധീകരണങ്ങൾ വരുത്തി സ്വന്ത ഇടവകയിലും മറ്റും പ്രചരിപ്പിക്കുന്നതിന്റെ ഉദ്ദേശ്യമെന്താണെന്നു അശേഷം മനസ്സിലാകുന്നില്ല. യാക്കോബായസഭയുടെ പുരാതന വിശ്വാസത്തിനും റിക്കാർട്ടുകൾക്കും നേരെ വിപരീതമായ ആശയാഭിപ്രായങ്ങളടങ്ങിയ ഗ്രന്ഥങ്ങളുടെ പ്രചരണത്തെ തടയുന്നതിനാരുമില്ലെന്നവരുന്നതു അത്യന്തം പരിതാപകരംതന്നെ! വി. പത്രോസു റോമായിൽ പോയിട്ടുണ്ടെന്നു സമ്മതിച്ചാൽ തിരുസിംഹാസനാദരവുണ്ടാകാതെ ഗത്യന്തരമില്ലെന്നുള്ള ബോധം കൊണ്ടായിരിക്കണമല്ലോ അതിനെ പ്രതിഷേധിക്കുന്നതു. പത്രോസു ശ്ലീഹായുടെ റോമാഗമനത്തെ പരിപൂർണ്ണമായി വിശ്വസിക്കുന്ന കത്തോലിക്കു വായനക്കാരോടു അതിലേക്കുള്ള ന്യായങ്ങൾ വിശിഷ്യാ പറയേണ്ട ആവശ്യം ശൂന്യമാണല്ലോ. എന്നാൽ ഇ

തേപ്പററി യാക്കോബായ സഭ എന്തു പഠിപ്പിക്കുന്നു എന്നാണു താഴെ പറയുന്നതു.

പത്രോസു പൗലൂസു ശ്ലീഹന്മാരുടെ പെരുന്നാൾ ദിവസം യാക്കോബ്യർ നടത്തുന്ന പ്രാർത്ഥനയിൽ, പരിശുദ്ധാ പത്രോസു റോമായിൽ പോയി എന്നും സിംഹാസദ്ദശമായിരുന്ന റോമാനഗരത്തെ കുഞ്ഞാടായി രൂപാന്തരപ്പെടുത്തിയെന്നും അവിടെവച്ചു കൊല്ലപ്പെട്ട അടക്കപ്പെട്ട എന്നും കാണുന്നുണ്ടു. ഇതുകൊണ്ടും യാക്കോബ്യന്റെ സംശയം തീരുന്നില്ലെങ്കിൽ വേറെയും തെളിവു തരാൻ ശ്രമിക്കാം. "പൂർവ്വികസഭാ പിതാക്കന്മാരും പൊതുസൂനഹദോസുകളും" എന്ന പേരിൽ പി. പി. യൗസേഫ് ശെമ്മാശ്ശൻ അവർകൾ ഒരു പുസ്തകം അച്ചടിപ്പിച്ചിട്ടുണ്ടു് അതിനു ശ്രേഷ്ഠാനുമതിയുമുണ്ടു. ആ പുസ്തകം 1905-ാമാണ്ടു മുതൽ സൺഡേസ്കൂൾ അദ്ധ്യാപകാഭ്യർത്ഥികൾക്കു പാഠ്യപുസ്തകമായി ഉപയോഗിച്ചുവരുന്നു. ഈ ഗ്രന്ഥത്തിലെ മിക്കഭാഗങ്ങളും ബർഎബ്രായ, ഏവുസേബിയോസു, യോസിപ്പോസു ആദിയായ പിതാക്കന്മാരുടെ സർവ്വസമ്മതം സിദ്ധിച്ചിട്ടുള്ള കൃതികളിൽനിന്നും മറ്റും എടുത്തിട്ടുള്ളവയാണു. ഇതിൽനിന്നും ഏതാനും ഭാഗമാണടിയിൽ ഉദ്ധരിക്കുന്നതു്. "വി. പത്രോസു അന്തോക്യായിൽ സിംഹാസനം ഉറപ്പിച്ചശേഷം ഏവോദ്യോസിനെ മേലദ്ധ്യക്ഷനായി നിയമിച്ചുകൊണ്ടു റോമയിൽ പോയതായും തന്റെ വേല അവിടെയും ഫലസിദ്ധിപ്രാപിച്ചതായും ക്ലീമ്മീസിനെ അവിടത്തെ മേലദ്ധ്യക്ഷനായി നിയമിച്ചതായും പറച്ചിലുണ്ടു. ഈ സമയം വി. പൌലൂസും റോമായിൽ ഉണ്ടായിരുന്നു." പുറം. 9.

"മാമർട്ടീൻ എന്നു പേരുള്ളതായി വളരെ തണുപ്പും നികൃഷ്ടവുമായ ഒരു കാരാഗൃഹത്തിലാണു പത്രോസിനെ ഇട്ടിരുന്നതു്.....വി. പത്രോസിന്റെ ശ്മശാനസ്ഥലം വത്തിക്കാനെന്നതെ പറഞ്ഞുവരുന്നതു. ഈ സ്ഥലത്തു (വത്തിക്കാനിൽ) കൂസ്തന്തീനോസുരാജാവു് അതിരമണീയമായ ഒരു പള്ളി പണികഴിപ്പിച്ചു" പുറം 10.

ഞാനും എന്നെപ്പോലെയുള്ള അനേകംപേരും ഏകദേശം ഇരുപതിൽപ്പരം കൊല്ലങ്ങൾക്കു മുമ്പു് സൺഡേസ്കൂളിൽ പഠിച്ച പുസ്തകത്തിലെ ഉപദേശം മേൽപ്പറഞ്ഞതാണു്. അന്നത്തെ ബാലന്മാർ ഇന്നത്തെ പൗരന്മാരും സഭയിൽ പ്രാമാണ്യമുള്ളവരുമായിരിക്കണമല്ലൊ. അങ്ങിനെയുള്ളവരോടു പുരാതനപാരമ്പര്യങ്ങൾക്കെതിരായി നവീന ഉപദേശങ്ങൾ പ്രസംഗിക്കുന്നതിൽ സങ്കോചമില്ലാത്തതല്ല ആശ്ചര്യം! സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം എഴുതിയിട്ടുള്ള ഇട്ടപ്പു് അവർക്കും തന്റെ ചരിത്രപുസ്തകത്തിൽ എന്തുപറയുന്നു എന്നുകൂടി അന്വേഷിക്കുന്നതു നന്നായിരിക്കുമെന്നു വിശ്വസിക്കുന്നു. റോയൽകോർട്ടവിധിയിലും മറ്റും ഈ ചരിത്രത്തെ വളരെ വിലയുള്ളതായിട്ടാണു് രേഖപ്പെടുത്തിയിരിക്കുന്നതു്. "റോമായിലുള്ള ക്രിസ്ത്യാനികളെ ചില എടുത്തുടുകൾ പഠിപ്പിക്കുന്നു എന്ന വർത്തമാനംകേട്ട് അവിടെയെത്തി..... അവിടെ തല്ക്കാലമുണ്ടായ എടുത്തുടിനെ നീക്കി യോലീനോസു എപ്പിസ്കോപ്പായെ സഭാകാര്യങ്ങളെ വിചാരിപ്പാൻ നിശ്ചയിച്ചു. അവിടെവച്ചു പൗലൂസുശ്ലീഹായെപ്പോലെതന്നെ ക്രിസ്താബ്ദം 64-ൽ മരണത്തിന്റെ കിരീടത്തെ പത്രോസുശ്ലീഹായും ഏറ്റു". പുറം 21. യാക്കോബായക്കാരുടെ റിക്കാർട്ടുകളിൽനിന്നും ഇതുപോലെ ധാരാളം തെളിവുകൾ ഇനിയും ഉദ്ധരിക്കുവാനുണ്ടെങ്കിലും തൽക്കാലം ഇത്രയും മതിയാകുമെന്നു കരുതുന്നു. കൈസ്തവലോകത്തിൽ വിശിഷ്യ യാക്കോബായസഭയിൽ പരിപൂർണ്ണമായി വിശ്വസിക്കപ്പെടാവുന്ന ചരിത്രസംഭവങ്ങൾ വല്ലതുമുണ്ടെങ്കിൽ അതിന്റെ ഏറ്റവും ഉന്നതസ്ഥാനത്തെ അർഹിക്കുന്ന ഒരു വിഷയമാണ് പത്രോസിന്റെ റോമായാത്ര എന്നുള്ളതു്.

2. വിശുദ്ധ ശ്ലീഹന്മാരുടെ തലവൻ ആർ?

യാക്കോബായക്കാരെന്നു പറഞ്ഞുവരുന്ന ഫാദർ അലക്സിയോസ് പ്രഭൃതികളുടെ നവീനോപദേശങ്ങളിൽ സമന്മാരായ ശ്ലീഹന്മാരിൽ വി. പത്രോസ് മുമ്പനാണെന്നുള്ള വാദമാണിപ്പോൾ ശക്തിപ്പെട്ടു കാണുന്നതു് ഇവരുടെ മതമനുസരിച്ചു

തൽസംബന്ധമായുള്ള യാക്കോബായസഭയുടെ റിക്കാർട്ടുകൾ ഒന്നു പരിശോധിക്കുന്നതു് വായനക്കാർക്കു രസകരമായിരിക്കുമെന്നു് വിശ്വസിക്കുന്നു.

എ. മേല്പട്ട സ്ഥാനാഭിഷേകക്രമത്തിൽനിന്നും.

ശ്ലീഹന്മാരുടെ തലവനായ ശിമഓനോടു് ഇടയന്മാരുടെ തലവൻ അരുളിച്ചെയ്തതു് ന്യായവിധിയിങ്കൽ ആടുകളുടെ കണക്കു നീ ബോധിപ്പിക്കേണ്ടിവരും. പുറം 19.

വിശ്വാസമുള്ള വിശ്വാസഭയുമായി സ്വർഗ്ഗീയമണവാളൻ വിവാഹപ്രതിജ്ഞചെയ്തപ്പോൾ ശെമഓനേ വിളിച്ചു. യൂഹാനോനേയും വിളിച്ചു. ശെമഓനെ ഭവനാധികാരിയായി നിയമിച്ചു. യൂഹാനോനെ പ്രാസംഗികനായും നിയമിച്ചു. പുറം 20.

യേശുമിശിഹാ മുഖാന്തരം പൂർണ്ണസത്യത്തേയും പൂർണ്ണതയുള്ളതും തികഞ്ഞതുമായ പ്രകാശത്തേയും അപ്പോസ്തോലിക ശിരസ്സാകുന്ന ശെമഓനും തിരഞ്ഞെടുക്കപ്പെട്ട ശ്ലീഹന്മാർക്കും അവർ മുഖാന്തരം ലോകാവസാനംവരെയും വിശ്വാസഭക്കു മുഴുവനും നീ ഭരമേല്പിച്ചു. പുറം 23.

മോശയുടെ പിന്നിൽ യോശുവാ എപ്രകാരം നിന്നിരുന്നുവോ അപ്രകാരം ഇവിടെയും പിതാവേ! ശെമഓന്റെ സ്ഥാനത്തു് സ്വന്തം ആടുകളെ പ്രശോഭിതമാംവണ്ണം മേയ്പാൻ കർത്താവു് അങ്ങേ നിയമിച്ചിരിക്കുന്നു. പുറം 4.

"യൗനായുടെ പുത്രനായ ശിമഓൻ ഉയരത്തിന്റെയും ആഴത്തിന്റെയും താക്കോലുകളെ പ്രാപിച്ചപ്പോൾ ഇടയന്മാരുടെ തലവൻ അവനോടു അരുളിച്ചെയ്തതു—ശിമഓനെ നീ എന്തുചെയ്യുന്നു എന്നു് കരുതിക്കൊള്ളുണം. ആടുകൾക്കുള്ള നിനക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. എന്റെ കുഞ്ഞാടുകളെയും പെണ്ണാടുകളെയും എനിക്കായി നീ മേയിച്ചുകൊള്ളുക. മുഖപക്ഷംനോക്കാത്തതായ ദൈവത്വത്തിൻ സിംഹാസനത്തിൻ മുൻപാകെ നീ കണക്കു ബോധിപ്പിക്കേണ്ടിവരും". പുറം 21.

ബി. 'അബ്ദൽമിശിഹാ ആർ' എന്ന പുസ്തകത്തിൽനിന്നും.

"എപ്പിസ്കോപ്പാസ്ഥാനത്തിൽ വിളിക്കപ്പെട്ടന്നവന്റെ മേൽ ശ്ലീഹന്മാരുടെ തലവനായ ശെമഓന്റെ വായന വായിക്കപ്പെട്ടന്നു. ശ്ലീഹന്മാരുടെ തലവനായി ശെമഓനു ഭരമേല്പിക്കപ്പെട്ട ശുശ്രൂഷ ഇവനു ഭരമേല്പിക്കപ്പെട്ടന്നു. അവനെപ്പോലെ സഭ അതിന്മേൽ പണിയപ്പെട്ടിരിക്കുന്ന കല്ലാകുവാൻ ഇവൻ യോഗ്യനായിത്തീരുന്നു". (പുറം 42)

സി. മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്താ അവർകളുടെ ഒരു പ്രസംഗത്തിൽ, പത്രോസിന്റെ ആചാര്യസ്ഥാനത്തെപ്പറ്റി വി. പിതാക്കന്മാർ പറയുന്നതു് ഉദ്ധരിക്കുന്നതു് ഇങ്ങനെയാണു് "ശ്ലീഹന്മാരുടെ തലവനായ ശെമഓനോടു കർത്താവു് ആചാര്യസ്ഥാനത്തെപ്പറ്റി കല്പിച്ചതു് എത്രയോ ആഗ്രഹിക്കത്തക്കതും കൗതുകകരമായിട്ടുള്ളതുമാകുന്നു. ഞാൻ നിന്നെ പ്രധാന കലവറക്കാരനാക്കിത്തീർത്തിരിക്കുന്നു. സ്വർഗ്ഗത്തിന്റെയും ആഴത്തിന്റെയും താക്കോലുകളെ ഞാൻ നിനക്കു തരുന്നു. നീ കെട്ടുന്നതിനെ ഞാനും കെട്ടിക്കൊള്ളാം. നീ എന്തെങ്കിലും അഴിച്ചാൽ അതു് അഴിച്ചതുതന്നെ ആയിരിക്കും." (1095 — ലെ വേദോദ്യാപകൻ മാസിക. ലക്കം 7)

ഡി. പാത്രിയക്കീസിനെ വാഴിക്കുമ്പോഴത്തെ അദ്ദേഹം എഴുതിവയ്ക്കുന്ന ശൽമൂസായിലെ ചില ഭാഗങ്ങൾ:- "വാഗ്ദത്തത്തെ ഞാൻ ഭേദപ്പെടുത്തി അനുസരണക്കേടു കാണിക്കുന്നതായ ആ ദിവസത്തിൽ ശ്ലീഹന്മാരുടെ തലവനായ ശുദ്ധമാർ പത്രോസിന്റെ വായാലും അവന്റെ സഹോദരന്മാരായ 11 പേരുടെ വായാലും പരിശുദ്ധനായ തീയ്യൂട്ടത്തമാർ ഇഗ്നാത്തിയോസിന്റെ വായാലും ഞാൻ ശാപമേറ്റവനായിത്തീരുമാറാകട്ടെ. (സുറിയാനി സഭാസംരക്ഷകൻ പുറം 196)

ഇ. 'സുറിയാനി നമസ്കാരക്രമ' ത്തിലെ ചില ഭാഗങ്ങൾ

"ശ്ലീഹന്മാരുടെ തലവനായ ശെമഓനും അവന്റെ സഹോദരനായ അന്ത്രയോസും"

"പഴയനിയമത്തിന്റെ തലവൻ മൂശയും പുതിയനിയമത്തിന്റെ തലവൻ ശെമഓനും ആകുന്നു. ശെമഓൻ സ്വർഗ്ഗ

രാജ്യത്തിന്റെ താക്കോലുകളെ കൈക്കൊണ്ടു. മൂശ സഭയിൻ ക്രൂശാരത്തെ പണിതു. എന്നാൽ ശെമഓൻ തിരുസഭയെ പണിതു".

"സഭയുടെ അടിസ്ഥാനം പത്രോസ് എന്ന പാറയിന്മേലാകുന്നു"

"ശെമഓൻ പാറയിന്മേൽ ഞാൻ പണിയപ്പെട്ടിരിക്കുന്നു. എഴുപത്തിരണ്ടു അറിയിപ്പുകാർ എന്റെ തൂണുകളാകുന്നു"

('അൽശെമഓൻ ബനിയോനാ' എന്ന സുറിയാനി ഗീതം)

എഫ്. വേദാദ്ധ്യാപകൻ മാസിക 1086-ാമാണ്ടത്തെ യു പുറം 230-ൽ നിന്നു ചിലഭാഗങ്ങൾ.

1. പന്ത്രണ്ടു ശ്ലീഹന്മാരുടെ പൊതുവായ കൃത്യത്തിലും പ്രാമാണ്യം വിശുദ്ധ പത്രോസിനായിരുന്നു.

2. വാത്സല്യഭാജനങ്ങളായ മൂന്നു ശ്ലീഹന്മാരിൽപോലും പ്രധാനി വി. പത്രോസാണെന്നു കർത്താവിന്റെ കല്പനയിൽ നിന്നതന്നെ കാണുന്നു.

3. സ്വർഗ്ഗാരോഹണ ശേഷം പത്രോസിനു പ്രത്യേകമൊരു പ്രാധാന്യം ഉള്ളതായി കാണുന്നു.

4. സമന്മാരിൽ പ്രാധാന്യം പത്രോസിനുണ്ടായിരിക്കണമെന്നു കർത്താവു തന്നെ നിശ്ചയിച്ചു.

5. ശ്ലീഹന്മാർ തങ്ങളുടെ സ്വന്തനായകനെ തിരഞ്ഞെടുക്കാതെ കർത്താവുതന്നെ അവർക്കു നായകനെ നിശ്ചയിച്ചു.

ജി. 'പൂർവ്വികസഭാപിതാക്കന്മാരും പൊതുസൂനഹദോസുകളും എന്ന പുസ്തകത്തിൽനിന്നും ചില ഭാഗങ്ങൾ.

"വിശുദ്ധ പത്രോസിനേയും പൗലൂസിനേയും ശ്ലീഹന്മാരുടെ തലവന്മാരായിട്ടത്രെ എണ്ണിയിരിക്കുന്നതു്." പുറം 8.

"പരിശുദ്ധ ശ്ലീഹന്മാരേവരും സമാധികാരികളാണെങ്കിലും ചില പ്രത്യേക സന്ദർഭങ്ങളിൽ വി പത്രോസിനു ഏതോ ചില പ്രത്യേകതയുണ്ടെന്നു് കാണുന്നു." പുറം 9.

"ശ്ലീഹന്മാരിൽ പ്രവരന്മാരായ വിശുദ്ധ പത്രോസിനേയും പൗലൂസിനേയും". പുറം 51.

"കത്താവിന്റെ വചനങ്ങളെ അപ്പോസ്തോലന്മാരിൽ പ്രധാനിയായ പത്രോസിനുപോലും അതിന്റെ വാസ്തവമായ വ്യാപ്തിയിൽ മനസ്സിലാക്കുന്നതിനു കഴിഞ്ഞിരുന്നില്ല".

കാതോലിക് സഭാമാസിക പുറം 390.

ഏയിച്ച്. സാക്ഷാൽ യാക്കോബായക്കാരിൽ ഒരാൾ ഈയിടെ പ്രസിദ്ധപ്പെടുത്തീട്ടുള്ള "പന്ത്രണ്ടു ശ്ലീഹന്മാർ" എന്ന പുസ്തകത്തിൽ പറയുന്നതിപ്രകാരമാണ്. "പന്ത്രണ്ടു ശ്ലീഹന്മാരിൽ വി. പത്രോസു ശ്ലീഹാ ഒഴിച്ചു ശേഷമുള്ള വരെല്ലാവരും പട്ടതപത്തിനടുത്ത സമനൽവരക്കാരും സമാധികാരികളുമാണ്. എന്നാൽ പത്രോസുശ്ലീഹാക്ക് ക്രൂടുതൽ നൽവരവും അധികാരവും കൊടുത്തിരുന്നതിനാൽ മറുള്ളവരെക്കാൾ പ്രാധാന്യത യുണ്ടായിരുന്നു. താൻ ശ്ലീഹന്മാരിൽ തലവനും പല അവസരങ്ങളിലും എല്ലാ ശ്ലീഹന്മാരുടെയും പ്രതിനിധിസ്ഥാനം വഹിച്ചുനിന്നവനും ആയിരുന്നു. ശ്ലീഹന്മാരുടെ പ്രതിനിധിയെന്ന നിലയിൽ കത്താവു പത്രോസു ശ്ലീഹായോടും പത്രോസു ശ്ലീഹാ കത്താവിനോടും അനേകസന്ദർഭങ്ങളിൽ സംസാരിച്ചതായി വി. വേദങ്ങളിൽ കാണുന്നുണ്ട്". പുറം 35—37.

പത്രോസിന്റെ പരമാധികാരത്തെ തെളിയിക്കുന്നതിനു ധാരാളം രേഖകൾ ഇനിയും യാക്കോബ്യരുടെ മതഗ്രന്ഥങ്ങളിൽ നിന്നും ഉദ്ധരിക്കാനുണ്ടെങ്കിലും വിസ്താരഭയത്താൽ ആയതിലേക്കു ഉദ്യമിക്കുന്നില്ല. ശ്ലീഹന്മാരുടെ തലവൻ വി. പത്രോസാണെന്നു സകല രേഖകളാലും സംപൂർണ്ണമായി തെളിഞ്ഞിരിക്കുമ്പോൾ സമന്മാരിൽ മുൻപൻ മാത്രമാണെന്നു പ്രഘോഷിക്കുന്നതിന്റെ ആന്തരം എന്താണെന്നു വായനക്കാർ തന്നെ വിധിക്കട്ടെ. ക്രുദ്ധശക്രമത്തിൽ കാണുന്നതല്ല പ്രസംഗിക്കുന്നതു്. സൺഡേസ്കൂളിൽ പഠിച്ചതും പഠിപ്പിച്ചതുമല്ല ലഘുലേഖകളിൽ ചേർത്തു പ്രസിദ്ധപ്പെടുത്തുന്നതു. ഹോറേബു സന്യാസി മിഷ്യന്റെ ആശയമല്ല ആലക്സിയോസു പ്രൂട്ടതികളുടേതു്. വി. പത്രോസിന്റെ സിംഹാസനമായി പാത്രിയക്കീസു കക്ഷികാണുന്നതല്ല മെത്രാൻ കക്ഷികൾ പ്രിയപ്പെടുന്നതു്. ഇങ്ങനെ വിഭിന്നങ്ങളായ ആശയങ്ങളോടും ആദർശങ്ങളോടുംക്രൂടി എത്രകാലം ഏകയോഗക്ഷേമമായി ഇവർ കഴിച്ചുക്രൂട്ടുമെന്നു ഈശ്വരൻ മാത്രമറിയുന്നു.

യാക്കോബായ സഭയിൽ പണ്ഡിതന്മാരും ഭക്തന്മാരുമായ അനേകം വൈദികന്മാരുണ്ട്. ഇപ്പോഴത്തെ സഞ്ചാര പ്രാസംഗികന്മാരിൽ പലരും പ്രസംഗിക്കുന്നതു് കേവലം നവീനോപദേശങ്ങളും മാത്രമാണ്. മതാദ്ധ്യക്ഷന്മാരുടെ അറിവോടും അനുമതിയോടും കൂടിയാണോ ഇവരുടെ പ്രോഷകവൃത്തിയെന്നറിഞ്ഞുകൂടാ—ഇത്തരം പ്രാസംഗികന്മാർ മുഖാന്തരം യാഥാസ്ഥിതികന്മാരിൽ പലരും കത്തോലിക്കസഭയിൽ ചേർന്നുകൊണ്ടിരിക്കുന്നു. ഇവരുടെ അഭിപ്രായങ്ങളും-പ്രസംഗങ്ങളും-പരസ്പരം യോജിക്കാത്തതു ശ്രോതാക്കളെ കത്തോലിക്കസഭയിലേക്കു ആകർഷിക്കുന്നതിനു സഹായിക്കുന്നുണ്ട്. ഔപദേശികവൃത്തിയിൽ പഴക്കവും തഴക്കവുമുള്ളവരും ഒരു പക്ഷേ പരമാത്മികളുമായ ഇക്കൂട്ടരുടെ തൽക്കാലഗതി സഭോപോഷണത്തിനുപകരിക്കുന്നില്ലെന്നു മാത്രമല്ല, സഭോശോഷണത്തിനു സഹായിക്കുന്നുമുണ്ട്. ദീർഘകാലംതൊണ്ണൂറുശതമെങ്കിലുമുണ്ടായിരുന്നയാക്കോബായ സഭ ഉപദേശവിഷയത്തിൽ ഒരു ബാബേലായിത്തീർന്നേക്കുമോയെന്നു സംശയിക്കുന്നവരും ധാരാളം ഉണ്ട്. ഒരൊറ്റ കത്തോലിക്കൻ പോലും ഇല്ലാതിരുന്ന അയിരൂർ ദേശത്തു നൂറിചില്വാനം പേർ കത്തോലിക്കരായി അല്പകാലത്തിനകം സംഘടിപ്പിക്കപ്പെട്ടിരിക്കുന്നു എന്നുള്ള സുവിശേഷം അകത്തോലികൾക്കു മർമ്മഭേദകമായിരുന്നേക്കാം. നവീകരണക്കാരും യാക്കോബ്യരും ഒന്നിച്ചും വെവ്വേറെയും കത്തോലിക്കസഭയ്ക്കെതിരായി വിതരണംചെയ്യുന്ന നവീനോപദേശങ്ങളും നിലനില്ക്കുന്നിടത്തോളംകാലം കത്തോലിക്കസഭ സ്വയം അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കുന്നതാണ്. കഴിഞ്ഞ 6-ാം തീയതി ഞായറാഴ്ച ഒരു പ്രസിദ്ധവാഗ്മിയായ ദിവ്യശ്രീ സി. എം. തോമസ് ശെമ്മാശ്ശൻ സ്ഥലത്തു വച്ചു അമലോത്ഭവത്തെ ആസ്പദമാക്കി കെങ്കേമമായ ഒരുപ്രസംഗം ചെയ്തു. യാക്കോബായ സഭ ദൈവമാതാവിനെപ്പറ്റി വിരചിക്കുന്നതിനു വിപരീതമായി അനേക സംഗതികൾ അടക്കം ചെയ്തിരുന്ന ആ പ്രസംഗം ശ്രോതാക്കളെ ഭയവിഹ്വലന്മാരാക്കി എന്നു പറയുന്നതിൽ അബദ്ധമില്ല. ദൈവമാതാവായ കന്യമറിയാമ്മിനെ അവഹേളിച്ചും അവലേപിച്ചും ചെയ്ത പ്രസ്തുത പ്രസംഗം കേട്ടവരിൽ പലരും ഇനിയും യാക്കോബായ സഭയിൽ നിന്നാൽ ഗുണം വരുന്നതല്ലെന്നു പറഞ്ഞുകൊണ്ട് കത്തോലിക്കസഭയിൽ ചേരുന്നതിന് വേണ്ട പഠനങ്ങളും സജ്ജീകരണങ്ങളും ചെയ്തുവരുന്നതായിട്ടറിയാം.

3 പാപ്പായുടെ പരമാധികാരം

അടുത്തകാലത്തു യാക്കോബായ മെത്രാൻകക്ഷികളിൽ ചിലർ പ്രസംഗിക്കുന്നതു് "മാർപ്പാപ്പാ അന്തിക്രിസ്തു" ആണന്നത്രേ. ഉൽകൃഷ്ട പരീക്ഷാവിജയികളായ വൈദികന്മാരിൽ ചിലർ ഈ അഭിപ്രായത്തെ പിൻതാങ്ങുന്നതായിട്ടും അറിയുന്നു. കത്തോലിക്കാ സഭയെപ്പറ്റിയും അതിന്റെ പരമാധികാരിയായ മാർപാപ്പാതിരുമേനിയെപ്പറ്റിയും യാക്കോബായ സഭാറിക്കാർട്ടുകളിൽ എന്താണു് രേഖപ്പെടുത്തിയിരിക്കുന്നതെന്നു് അന്വേഷിക്കുന്നതിനാണു് തുടങ്ങുന്നതു്. യാക്കോബായ സഭയുടെ റിക്കാർട്ടുകൾക്കു പ്രതികൂലമായി പ്രസംഗിക്കുന്നവരെ ആ സഭ അഭിനന്ദിക്കുമോ എന്നാലോചിക്കുന്നവരും കണ്ടേക്കാം. യാക്കോബായസഭയും കത്തോലിക്കാ സഭയും തമ്മിലുള്ള സംബന്ധത്തെ മിക്കവാറും ദൃഢതരമായി പ്രതിപാദിക്കുന്ന റിക്കാർട്ടുകൾ ധാരാളമുണ്ടു്. അവയിൽ ചിലവമാത്രം അടിയിൽ ഉദ്ധരിച്ചുകൊള്ളുന്നു. യാക്കോബായസഭയിൽ നിന്നും എപ്പിസ്കോപ്പൽ ഭരണം നീക്കി ജനാധിപത്യഭരണം പുനഃസ്ഥാപിക്കുന്നതിനായിട്ടും മറ്റും 'സുറിയാനിസഭ' യെന്നുള്ള പേരിൽ തിരുവനന്തപുരത്തുനിന്നും ഒരു മാസിക പുറപ്പെട്ടപ്പോൾ അതിനെ പ്രതിഷേധിക്കാനായി വേറൊരു മാസിക അതേസ്ഥലത്തുനിന്നും പുറപ്പെട്ടു. അങ്ങിനെ ആരംഭിച്ച "കാതോലിക്കാസഭാ"മാസികയുടെ പത്രാധിപക്കമ്മറ്റിയിൽ ദിവ്യശ്രീ പി. റ്റി. അബ്രാഹം കത്തനാർ, എൻ. ജി. കുറിയാക്കോസ് കത്തനാർ ബി. ഡി., റ്റി. ജി കോശി ശെമ്മാശ്ശൻ എം. എ. റ്റി. വി. ജോൺ ശെമ്മാശ്ശൻ എം. എ. എന്നിവർ ഉൾപ്പെട്ടിരുന്നു. ഇതിന്റെ നടത്തിപ്പിലേക്ക് ശ്രേഷ്ഠാനുമതിയും ലഭിച്ചിരുന്നു. ആ മാസികയിലെ പ്രൗഢങ്ങളായ പല ലേഖനങ്ങളിൽ നിന്നും തെളിവാകുന്നതു് ഒരു സംഗതിമാത്രമാണു്. മാർപാപ്പാതിരുമേനിയുടെ പരമാധികാരം എന്ന ഒരേ ഒരു സംഗതി കത്തോലിക്കാ സഭ ഉപേക്ഷിക്കുമെങ്കിൽ ആ സഭയോടു് യാക്കോബായസഭ തുടങ്ങിയുള്ള അകത്തോലിക്കാ പൗരസ്ത്യസഭകളെല്ലാം യോജിക്കുമെന്നും അങ്ങിനെ

ക്രൈസ്തവ സഭകളെല്ലാം ഒന്നായി ഏക ഇടയനും ഒരാട്ടിൻക്കൂട്ടവുമായി മിശിഹായുടെ പുനരാഗമനത്തിൽ തിരുമേനിക്ക സ്വാഗതം പറയുന്നതിനിടയാകുമെന്നും മറുമാണ് പ്രസ്തുത മാസികയിൽ പറയുന്നതിന്റെ രത്നച്ചുരുക്കം. യാക്കോബായ സഭയിലും രക്ഷയുണ്ടെന്നും അതിനാൽ കത്തോലിക്ക സഭയിൽ പോയേ കഴിയൂ എന്നില്ലെന്നുമാണ്. കത്തോലിക്ക സഭയിൽ രക്ഷയുള്ള തടസ്സമില്ലെങ്കിൽ റീത്തു പ്രസ്ഥാനത്തെ ശക്കാരിക്കുന്നതും പ്രതിഷേധിക്കുന്നതും എന്തിന്?

കാതോലിക്ക സഭാമാസികയുടെ 1097 മീനം മേടം ലക്കങ്ങളിൽ 42-ാം പുറത്ത് ഇപ്രകാരം കാണുന്നു. "എങ്കിലും കാതോലിക്കായ്ക്കുള്ളതായ സഭയുടെ ലക്ഷണങ്ങളിൽ പലതും അപൂർണ്ണമായ നിലയിലെങ്കിലും അതിൽ കാണുന്നതുകൊണ്ട് അതിനു രക്ഷയില്ലെന്ന് സുറിയാനിസഭ വിശ്വസിക്കുന്നതായി വിചാരിക്കുന്നില്ല"

"ലോകം മുഴുവനുമുള്ള പൊതുസുനഹദോസുകൾക്ക് ആകമാന സഭയുടെ പൊതുവിലുള്ള ഭരണ നിയന്ത്രണാവകാശം സഭാനാഥൻ കൊടുത്തിട്ടുണ്ട് എന്നുള്ളതു വാസ്തവമാണ്. അപ്രകാരം ആദിമ നൂറ്റാണ്ടുകളിൽ നടന്നിട്ടുണ്ട്. എന്നാൽ മറുള്ള സഭകൾക്ക് എന്നപോലെ പ്രസ്തുത നിയന്ത്രണാവകാശത്തിൽ ഒരു പ്രധാനപങ്ക് പടിഞ്ഞാറെസഭയ്ക്കും ഉണ്ടെന്നുള്ളതല്ലാതെ റോമായിലെ പാപ്പായിക്ക് ഈവിധം ഒരവകാശം കൊടുത്തിട്ടുണ്ടെന്നുള്ള വാദം അടിസ്ഥാനശൂന്യമാണ്." പുറം. 39.

"സുറിയാനിസഭമാത്രമാണ് സാക്ഷാൽ കാതോലിക്ക് സഭയെന്നും മറുള്ള പുരാതന സഭകളും ഒന്നും കാതോലിക് സഭയുടെ ഭാഗങ്ങളല്ലെന്നും ആരും വാദിക്കുന്നില്ല" പുറം. 39

"കാതോലികത്വം എന്നു പറയുമ്പോൾ റോമൻ കാതോലികത്വം മാത്രമാണെന്ന് പലരും ധരിക്കുന്നുണ്ട്. ഇതു സാധാരണ ചരിത്രത്തിന് എതിരാണ്. റോമൻ കാതോലികത്വവും സാക്ഷാൽ കാതോലികത്വവും രണ്ടാണ്..... എന്നാൽ ഈ മാതൃകകൾ തമ്മിൽ പരസ്പരവിരുദ്ധമുണ്ടെങ്കിലും

ഇവരണ്ടും കാതോലിക്ക സഭകളല്ലെന്ന് തെറ്ററിധരിക്കരുത്. രണ്ടും തമ്മിൽ സാരാംശമായ ഒരു യോജിപ്പുണ്ട്. രണ്ടും, ഒരു പോലെ അധികാരനിയുക്തമാണ്. പുറം 403.

"റോമാസഭയും സുറിയാനിസഭയും കാതലായ പല വിശ്വാസങ്ങളിലും യോജിക്കുന്നതുകൊണ്ട് വലിയ സമുദായമായ റോമാസഭയുമായി ഒരൈക്യം ഉണ്ടാകുന്നത് ക്രൂരതൽ പ്രയോജനകരമല്ലയോ എന്നുള്ള ചോദ്യം ആദരണീയവും ന്യായാനുസൃതവുമാകുന്നു. അപ്പോസ്തോലസഭയുടേയും അതിന്റെ പിന്നാലെ വളരെക്കാലം നിലനിന്നിരുന്ന അഭിന്നക്രിസ്തീയസഭയുടേയും ഐക്യത്തിന്റെ പ്രമാണമനുസരിച്ച് റോമാസഭയുമായി നമുക്ക് ഒരു യോജിപ്പുണ്ടാകുന്നത് ആശാസ്യവും ദൈവികവുമായ ഒരു സംഗതിയാണെന്നാകുന്നു ഈ ചോദ്യത്തിനുള്ള മറുപടി!! പുറം. 299.

"എന്നാൽ മാർപാപ്പായിക്ക് ക്രിസ്തീയസഭയുടെ ഒരു എപ്പിസ്കോപ്പായേക്കാൾ വിശേഷവിധിയായ ഒരു നിലയും ഇല്ലയോ എന്ന് ചിലർ ചോദിച്ചേക്കാം. പടിഞ്ഞാറൻ സഭയുടെ പാത്രിയക്കീസ് എന്നനില സഭയുടെ ക്രമീകരണത്തിൽ അദ്ദേഹത്തിനു അനുവദിക്കപ്പെട്ടിട്ടുള്ളതായി ആദിമ അഭിന്നക്രിസ്തീയസഭയും അതിന്റെ സൂനഹദോസുകളും സാക്ഷിക്കുന്നുണ്ട്. .....അവിടത്തെ പാത്രിയക്കീസിനു (റോമിലെ) സുന്നഹദോസുകളിലും മറ്റും ആദ്യത്തെ പദവി നൽകിയിരുന്നു എന്നുള്ളത് പ്രസ്താവയോഗ്യമാണ്". പുറം 301.

"റോമാസഭയും സുറിയാനിസഭയും അപ്പോസ്തോലികവും പുരാതനവുമായ സഭകളാണെന്നു എല്ലാവരും സമ്മതിക്കുന്നതാണു. രണ്ടു സഭകളും അപ്പോസ്തോലപിന്തുടർച്ചയെ സൂക്ഷ്മമായി പാലിച്ചുകൊണ്ടുവരുന്നു. അപ്പോസ്തോലികസഭകളുടെ രക്ഷാകരമായ ഏഴു ക്രമാശകളും രണ്ടു സഭകളും സ്വീകരിക്കുന്നു. പുറം 253.

"റോമാസഭ ഒരു അപ്പോസ്തോല സ്ഥാപിതമായ സഭയാണ്. മറ്റുള്ള അപ്പോസ്തോലസഭകളിൽ ക്രിസ്തീയ പാരമ്പര്യം പാലിക്കപ്പെട്ടുന്നതുപോലെ അവിടെയും പാലിച്ചുപോരുന്നതാ

യി ആദ്യസഭ വിചാരിച്ചിരുന്നു. അതിനെ പടിഞ്ഞാറെ സഭയുടെ ഒരു കേന്ദ്രസ്ഥാനമായി ഗണിക്കുന്നുണ്ട്. ഈ അർത്ഥത്തിൽ വിശുദ്ധ അഗസ്തീനോസു അദ്ദേഹത്തിന്റെ ചില ലേഖനങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. പുറം 425.

ഫാദർ അലക്സിയോസ് എഴുതിയ "ബഥനിക്കായ്ങ്ങം" എന്ന പുസ്തകത്തിന്റെ 32-ാം വശത്തു ഇപ്രകാരം കാണുന്നു. "കാതോലികവിശ്വാസം പരിപാലിച്ചുപോരുന്നവരും മാപ്പാപ്പായുടെ പരമാധികാരത്തിന് കീഴ്പെടാത്തവരുമായ സഭകളുടെ പുനരൈക്യം സാധ്യമായാൽ കാലാന്തരത്തിൽ റോമാസഭ പരമാധികാരമുപേക്ഷിച്ചു് ആദിമകാലങ്ങളിൽ മാപ്പാപ്പായിക്കുണ്ടായിരുന്ന പ്രാഥമ്യംകൊണ്ടു് തൃപ്തിപ്പെട്ടുമെന്നും അപ്പോൾ ചുരുങ്ങിയപക്ഷം പുരാതനമായ കാതോലികവിശ്വാസത്തെ പാലിച്ചുകൊണ്ടുപോരുന്ന സഭകളെല്ലാം ഒന്നായി തീരുമെന്നും, സഭകളുടെ പുനരൈക്യത്തിനുവേണ്ടി അത്യധികം പ്രവർത്തിക്കയും പ്രാർത്ഥിക്കയും ചെയ്യുന്ന അനേകായിരങ്ങൾ പ്രതീക്ഷിക്കുന്നു."

പുതിയ വട്ടിപ്പണക്കേസിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അവർകളുടെ മൊഴിയിൽനിന്നും ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു. "പാത്രിയക്കീസന്മാർ ഉണ്ടായ കാലം മുതൽ ഇതേവരെ റോമാ പാത്രിയക്കീസന്മാരെക്കാൾ ശ്രേഷ്ഠന്മാരായ പാത്രിയക്കീസന്മാർ ഉണ്ടായിട്ടില്ലാത്തതിനാൽ..."

1104 കന്നി 7-ാംനു- മ. മനോരമ.

1105 കുംഭം 9-ാം തീയതിയിലെ മ. മനോരമയുടെ മുഖപ്രസംഗത്തിൽ ഒരു ഭാഗം ഇങ്ങനെയാണു്. "ഇറ്റാലിയൻ ഗവൺമെൻറും റോമാസിംഹാസനവും തമ്മിൽ കഴിഞ്ഞ 60 വർഷക്കാലം നിലനിന്നിരുന്ന തർക്കങ്ങൾ എല്ലാം അവസാനിപ്പിക്കയും ചില ഉടമ്പടികൾ ശുപവൽക്കരിക്കയും ചെയ്തിരിക്കുന്നു എന്നുള്ള സംഗതി മാപ്പാപ്പാതിരുമനസ്സിലെ അധികാരത്തിൻ കീഴിലുള്ള റോമൻകത്തോലിക്കസഭാംഗങ്ങൾക്കു മാത്രമല്ല ലോകത്തിൽ സമാധാനത്തെ ആഗ്രഹിക്കുന്ന സർവ്വർക്കും ഏറ്റവും സന്തോഷപ്രദമായിരിക്കുമെന്നുള്ളതിനു സംശയമില്ല."

"വത്തിക്കാനെപ്പോലെ സമാധാനലബ്ധിക്കു പറ്റുംപടിമായ ഒരു രാഷ്ട്രീയകേന്ദ്രം ഇന്നു ലോകത്തിൽ വേറെയില്ല" എന്നു 1915-ലെ ഡച്ചുപാർലമെൻറുമന്ത്രി അഭിപ്രായപ്പെട്ടിട്ടുണ്ട്.

"ഭൂലോകത്തിലെ ഏറ്റവും വലിയ സമാധാന കർത്താവു മാപ്പാപ്പാ തിരുമനസ്സുകൊണ്ടാണ്" എന്നതെ ഇംഗ്ലണ്ടിലെ പ്രധാന മന്ത്രിയായിരുന്ന മി: ലോയിഡ്ജോർജ്ജ് അഭിപ്രായപ്പെട്ടതു്.

യാക്കോബായസഭയുടെ കാനോൻ ചരിത്രങ്ങൾ, മാസികകൾ, ലഘുലേഖകൾ, സഭാധ്യക്ഷന്മാരുടെ മൊഴികൾ മുതലായവയിൽനിന്നെല്ലാം റോമാപാത്രിയക്കീസ് റീശ്ലൂപാത്രിയക്കീസാണെന്നും, പടിഞ്ഞാറൻസഭയുടെ പരമാധികാരിയാണെന്നും വ്യക്തമാകുന്നുണ്ട്. കത്തോലിക്കസഭയിൽ രക്ഷയ്ക്ക് യാതൊരു തടസ്സവും ഇല്ലെന്നും അതിലെ പട്ടതപ്പ, ക്രമാശകർമ്മം എന്നിവയെല്ലാം സാധുവായിട്ടുള്ളതാണെന്നും യാക്കോബ്യരിൽ വിദ്വാന്മാരായിട്ടുള്ളവർ സശിരസ്കമ്പം സമ്മതിച്ചിരിക്കുന്നു. അതിനാൽ കത്തോലിക്കസഭയിൽ ചേരുന്നതിന് ഭയമുള്ളവരെല്ലാം ധൈര്യപ്പെട്ടു മുമ്പോട്ടുവരട്ടെ. അബ്ദുള്ളാ പാത്രിയക്കീസു ഒരു കാലത്തു് കത്തോലിക്കസഭയിൽ ചേർന്നതായി പലരും അറിഞ്ഞിരിക്കാനിടയുണ്ടെല്ലാ. മുൻപു് ശീമയിൽ ഇടയന്മാരും ആടുകളും ഒരുമിച്ചു കത്തോലിക്കസഭയിൽ ഐക്യപ്പെട്ട വണ്ണം ഇൻഡ്യയിലും സംഭവിച്ചു തുടങ്ങിയിരിക്കുന്നു. സുറിയാനിസഭാസംരക്ഷകൻ എന്ന ലഘുലേഖയിൽ വായിച്ചിട്ടുള്ള ഒരു ഭാഗം സ്മരണയിൽ വരുന്നുണ്ട്. "ഏഷ്യാറാറിക്ക ടർക്കിയിലെ ഡയാർബിക്കാർ എന്ന ദിക്കിലെ മെത്രാപ്പോലീത്തായും യാക്കോബായസുറിയാനി പാത്രിയക്കീസിൻെറ വികാരി ജനറാളും മുൻപു് 1050-ാമാണ്ടു് മലങ്കരെ വന്നിരുന്ന മോറാൻ മാർ ഇഗ്നാത്യോസു് പാത്രിയക്കീസ് ബാവായുടെ ദേഹവിയോഗാനന്തരം വേറൊരു പാത്രിയക്കീസു് തിരഞ്ഞെടുക്കപ്പെടുന്നതുവരെ പാത്രിയക്കാസ്ഥാനത്തെ സർവ്വാധികാരങ്ങളും നടത്തിയിരുന്ന ദേഹവുമായ നി. വ. ദി. ശ്രീ. ഗ്രേഗറി അബ്ദുള്ളാ എന്ന വൈദികശ്രേഷ്ഠൻ ഈയിടെ കാത്തോലിക്കാവിശ്വാസത്തേയും റോമാ

തലസ്ഥാനത്തെയും മാപ്പാപ്പായുടെ സർവ്വാധിപത്യത്തെയും പരമസ്വമായി അംഗീകരിക്കയും മാപ്പാപ്പായുടെ കീഴ്വരുതിയിൽ ഇരിക്കുന്ന വന്ദ്യപിതാവായ അന്ത്യോക്യായിലെ (റോമൻ) കത്തോലിക്കാസുറിയാനി പാത്രിയക്കീസായ നി. വ. ദി. ശ്രീ. ഇഗ്നാത്തിയോസ് ബഹനാൽബന്നി എന്ന ദേഹത്തിന്റെ ന്യായമായ സഭാപൈതൃകാധികാരത്തെയും അനുസരിച്ച് കീഴ്വഴങ്ങുകയും ചെയ്തിരിക്കുന്നു. ഇദ്ദേഹം മനസ്സു തിരിഞ്ഞു് റോമാസഭയോടു ചേർന്നപ്പോൾ ബാഗ്ദാദിലെ മെത്രാപ്പോലീത്തായ്ക്കു അയച്ച ഒരു ലേഖനത്തിന്റെ ചില ഭാഗങ്ങൾ താഴെച്ചേർക്കുന്നു."

"സകലത്തിന്റേയും മൂലകാരണമായിരിക്കുന്നവനും അതിരുന്നവനും അതുകവാനിരിക്കുന്നവനുമായ നമ്മുടെ കർത്താവീശോമിശിഹായുടെ പിതാവായിരിക്കുന്ന ദൈവം തന്റെ മഹത്തായ കരുണയിൽ വി. കാതോലിക്കാസഭയുടെ മടിയിലേക്കു എന്നെ ആകർഷിച്ചു് ചേർത്തിരിക്കുന്നതിനാൽ തനിക്കു ഞാൻ സ്തോത്രം ചെയ്യുന്നു. ഇനിയും ശേഷിച്ചിരിക്കുന്നവരായ നമ്മുടെ യാക്കോബായ സഹോദരന്മാരെ കത്തോലിക്കു് സഭയിലേക്കാകർഷിക്കുന്നതിനു നമുക്കു കഴിയുന്നതും ശ്രമിക്കാം.....അവരിൽ നിന്നു പലരെ തിരുസഭയിലേക്കു് ചേർത്തു് പാലിപ്പാൻ ആരംഭിച്ചിരിക്കുന്നതു് കർത്താവായ താൻ തന്നെയാകുന്നു." പുറം 68.

കാതോലികവും ശ്ലൈഹികവും ഏകവുമായ വിശ്വാസസഭയുടെ ഐക്യത്തിൽ നിന്നു വേർപെട്ടവരിൽ പലരും പൂർവ്വകാലം മുതൽ പലകാലങ്ങളിലായി പുനരൈക്യപ്പെട്ടുകൊണ്ടാണിരുന്നിട്ടുള്ളതു്. അടുത്തകാലത്തുണ്ടായ ബഥനിയുടെ പുനരൈക്യം മുഖാന്തരം മലങ്കര വലിയ പരിവർത്തനങ്ങൾ നടക്കുമെന്നുള്ളതിൽ തർക്കമില്ല. ഭ്രാതൃക്കണ്ണാടി മുതലായ അനേകം ക്ഷുദ്രകൃതികളുടേയും ആവിർഭാവകാരണവും ഇതു തന്നെ. ഈ ഘട്ടത്തിൽ യാക്കോബായ ഇടവകകളിൽ നിന്നും കിട്ടുന്ന ആദായംകൊണ്ടു് ഉപജീവനം ക്ഷേമമായി കഴിച്ചുകൂട്ടുന്നവർ പ്രദർശിപ്പിക്കുന്ന അസ്വാസ്ഥ്യം പരിഭ്രമജനകംതന്നെയാണു്. ഇ

ടവകയിലുള്ള ആളുകൾ കുറയുമ്പോൾ അത്മവും കുറയും. അതോടുകൂടി വൈദികരിൽ പലരുടെയും വരുമാനങ്ങളും കുറഞ്ഞുതുടങ്ങും. വരുമാനം ക്ഷയിക്കുമ്പോൾ മുമ്പു ഞാൻ പ്രസ്താവിച്ചതുപോലുള്ള വൈദികർ റീബപാത്രിയക്കീസിനെ ശപിച്ചുപോകുന്നതിൽ എന്താണാശ്ചര്യം?.

ലക്ഷോപലക്ഷം കത്തോലിക്കരുടെ സ്നേഹബഹുമാനാദരങ്ങൾക്കു പാത്രീഭൂതനും അനേകം ക്രൈസ്തവചക്രവർത്തിമാരുടെ സന്ദർശനാദികർമ്മർഹനും ലോകത്തിലെ സമാധാനപ്രിയന്മാരിൽ പ്രഥമഗണനീയനുമാണെന്ന് അക്രൈസ്തവർ പോലും കീർത്തിക്കുന്നവനുമായ മാർപാപ്പാതിരുമേനിയെ അപലപിക്കുന്നതിനു എന്റെ ഒരു പിതൃവ്യന്റെ പുത്രനായ ഒരു വൈദികൻ ആളായിത്തീർന്നതിൽ അത്യന്തം ദുഃഖിക്കാതെ നിവൃത്തിയില്ല. പാത്രിയക്കീസന്മാരുടെ റീശായി യാക്കോബ്യർ കാനോൻപ്രകാരം സ്വീകരിക്കേണ്ടുന്ന മാർപാപ്പാതിരുമേനിയോട് ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ഐക്യപ്പെട്ടതാണോ ഭയങ്കരമായ അപരാധം?. മുൻപ്രസ്താവിച്ച കാതോലിക്ക മാസികയിൽ പറയുംപ്രകാരം റോമാസഭയോട് യോജിക്കുന്നതു ആശാസ്യവും ദൈവികവുമാണെങ്കിൽ ആ മാസികയുടെ പത്രാധിപക്കമ്മറ്റിയിലുൾപ്പെട്ടചില വൈദികന്മാർ ബഥനിത്തിരുമേനിമാരെ അധിക്ഷേപിക്കാൻ പുറപ്പെട്ടതിന്റെ രഹസ്യമെന്താണെന്നു വായനക്കാർതന്നെ വിധിപ്പിൻ. മാർപാപ്പാതിരുമേനിയുടെ പരമാധികാരത്തിലുൾപ്പെട്ട കാതോലിക്കസഭയിൽ ചേർന്നിട്ടുള്ള വക്ക രക്ഷയില്ലന്നോ ആ സഭ മിശിഹായുടെ ഏകസഭയല്ലന്നോ തെളിയിക്കുന്നതിനായി യാക്കോബായ സഭയുടെ റിക്കാർട്ടുകളിൽ നിന്നും വല്ല ഭാഗങ്ങളും പ്രസിദ്ധപ്പെടുത്തുവാൻ കഴിവുള്ളവർ അങ്ങിനെചെയ്യുന്നതു് എല്ലാംകൊണ്ടും ഉത്തമമായിരിക്കുമെന്നാണെന്റെ വിനീതാഭിപ്രായം. നേരെമറിച്ചു ബഥനി റീത്തു പ്രസ്ഥാനത്തെ അധിക്ഷേപിക്കയും ശകാരിക്കയും ചെയ്താൽ യാതൊരു പുണ്യവും ലഭിക്കുന്നതല്ല. നിർലമ്മമനസ്സാക്ഷിയോടുകൂടി സഭാചരിത്രം പാരായണം ചെയ്യുന്നവർ സത്യം പ്രകാശിപ്പിക്കട്ടെ "സത്യത്തോടു മറുത്തുനില്ക്കുന്നവർ അധികം മുഴക്കുകയില്ല" (2 തീമോ. 3. 8-9)

വർത്തമാനകാലത്ത് യാക്കോബ്യായ സഭയിൽ പ്രമാടങ്ങളായ നവീനോപദേശങ്ങൾ പ്രവേശിക്കാൻ പ്രഥമവും പ്രധാനവുമായ കാരണം സഭാസമുദായത്തിലെ പ്രോട്ടസ്റ്റൻറു 'ബി. ഡി.' ക്കാരുടെ പ്രസംഗമാണെന്നു പ്രസ്താവിക്കുന്നതിൽ ഭിന്നാഭിപ്രായത്തിനവകാശമില്ല. ഇക്കൂട്ടരുടെ പ്രബോധനം മൂലം യാക്കോബ്യരിൽ നിന്നും പല പുരാതന വിശ്വാസങ്ങളും തിരോധാനം ചെയ്കഴിഞ്ഞിരിക്കുന്നു. അനേഷണബുദ്ധിയുള്ള അനേകം യാക്കോബ്യരും വിശ്വാസോപദേശങ്ങളിൽ സംഭവിക്കുന്ന വ്യത്യാസങ്ങളെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതുകൊണ്ടു കത്തോലിക്ക സഭയെപ്പറ്റി ശരിയായി അറിഞ്ഞറിയുന്നതിനു അഭിരുചിയോടിരിക്കയാണ്. ആ സഭയിലെ സിംഹഭാഗമാളുകൾക്കും, കത്തോലിക്കസഭയുടെ ഐക്യത്തിൽ നിന്നും വേർപെട്ടതിനെപ്പറ്റി പരമാർത്ഥമായ കണ്ടിതം ഉണ്ട്. ഈ പൊയ്യുജനബോധത്തെ ശിഥിലീഭവിപ്പിക്കുന്നതിലേക്കായിട്ടാണ് നവീനോപദേശങ്ങൾ എല്ലാസ്ഥലത്തും വിതരണം ചെയ്യുന്നതു്.

അതിപാവനങ്ങളും പുരാതനങ്ങളുമായ പല വിശ്വാസോപദേശങ്ങളും മുറുകെപിടിച്ചുകൊണ്ടിരിക്കുന്ന യാക്കോബ്യായസഭയിൽ നവീനോപദേശങ്ങൾക്ക് സ്ഥാനം സിദ്ധിച്ചപ്പോൾ നവീകരണ സഭയിൽ പുരാതനമായ യാക്കോബ്യായ വിശ്വാസങ്ങളിൽ ചിലതിന് പ്രവേശനം ലഭിച്ചുതുടങ്ങി. തൽഫലമായി നവീകരണ സഭയിലെ ഒരുപദേശിയായ മി. കെ. എൻ. ദാനിയേൽ മുതലായവരെ യാക്കോബ്യരും മാർ പീലക്സീനോസ് മെത്രാപ്പോലീത്താ മുതലായവരെ നവീകരണക്കാരും പരസ്പരം സ്വീകരിക്കയും സൽക്കരിക്കയും ചെയ്തുവരുന്നു. ഉഭയസഭകളിലേയും പ്രസംഗകന്മാർ ഏകോപിച്ച് ഏകപ്രസംഗപീഠത്തിൽ നിന്നു പ്രബോധനം നടത്താൻ അത്യന്തം അഭിവാഞ്ഛയോടിരിക്കയുമാണ്.

തത്വങ്ങളേയോ സത്യങ്ങളേയോ പരിത്യജിച്ചാലും താന്താങ്ങളുടെ സഭയെ പോഷിപ്പിക്കുന്നതിനും ഐക്യപ്പെട്ടുന്നതിനും വേണ്ടി അകത്തോലിക്കർ അക്ഷീണപ്രയത്നം ചെയ്യുന്നുവെന്നും അവരുടെ അബദ്ധപഠനത്തെപരാമർശിച്ചു കത്തോലിക്കു മാസികാപത്രങ്ങളിൽ ശക്തിയുക്തം പ്രതിവാദിച്ചുകൊ

ണ്ടിരിക്കുന്നതു് പ്രയോജനകരംതന്നെ. നസ്രാണിദീപിക സ
ത്യദീപം തുടങ്ങിയ പത്രങ്ങളിൽ കാണുന്ന ലേഖനങ്ങൾക്കും
പ്രശ്നങ്ങൾക്കും യഥാകാലം മറുപടിനൽകി സ്വസമുദായാംഗ
ങ്ങളുടെ ജ്ഞാനതൃഷ്ണയെ തൃപ്തിപ്പെടുത്തേണ്ട മഹാഭാരം അ
കത്തോലിക്ക വൈദികന്മാർക്കും ഉപദേശിമാർക്കും ഉത്തരോത്ത
രം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നിരാക്ഷേപമായ സമാധാനം
പറയുന്നതിനുണ്ടായ വിംബിഷ്ടത്താൽ ഒരു യുവവൈദികൻ ത
ന്റെ ഇടവകയിലെ ഒരംഗത്തോടു പറഞ്ഞതുമറുപടി രസകര
മാണു്. "ഞാൻ നരകത്തിൽ പോകുന്നെങ്കിൽ നിനക്കുംവര
രുതോ. ഞങ്ങളെയെല്ലാം ഉപേക്ഷിച്ചു നീ മാത്രം സ്വർഗ്ഗ
ത്തിൽ പോകാനാണോ ധൃതിക്കൂട്ടുന്നതു്" ബഥനി പ്രസ്ഥാ
നത്തോടു യോജിക്കാൻ തീരുമാനിച്ച ഒരാളിനോടു പറഞ്ഞ
തിപ്രകാരമാണു്. ഈ സാധു എങ്ങുമെല്ലാത്ത ചിന്തനത്തിൽ
അദ്ദ്യാപി നിൽക്കുന്നതേയുള്ളു.

അയിത്തൂർ കത്തോലിക്ക സഭയോടു് പുനരൈക്യപ്പെടുന്ന
തിനാഗ്രഹിക്കുന്നവർ ഗണനീയമായി വർദ്ധിച്ചുതുടങ്ങിയപ്പോൾ
പലരെക്കൊണ്ടും പ്രസംഗിപ്പിച്ച ക്രമത്തിൽ കഴിഞ്ഞമാസം
6-ാം തീയതി കുണ്ടറ ദിവ്യശ്രീ സി. എം. തോമസ്സ് ശെമ്മാ
ച്ചനും സചാതുര്യം ഭംഗിയായി നിർവഹിച്ചു. ഞായറാഴ്ച രാത്രി
ശെമ്മാച്ചൻ പ്രസംഗിക്കുന്നതിനു മുൻപായി ഈവക വികാരി
നസ്രാണിദീപികയിലുണ്ടായിരുന്ന എന്റെ ലേഖനപരമ്പരയു
ടെ പ്രാരംഭഭാഗത്തിന് ഒരു വിമർശനപ്രസംഗം ചെയ്തു. വികാ
രിയുടെ വിമർശനത്തിൽ സത്യവും യുക്തിയും ഉൾക്കൊണ്ടിരു
ന്നു എന്നമാത്രമല്ല ഉൾവ്യാച്ചുനടപ്പും ഉണ്ടായിരുന്നു. എ
തിരാളിയില്ലാത്ത ചോക്കളത്തിൽ പ്രതിയോഗിക്കുണ്ടായ വിജ
യത്തെപ്പറ്റി എന്തു പറയട്ടെ!

വിദ്വാനും വാഗ്മിയുമായ ശെമ്മാച്ചന്റെ പ്രസംഗം ശ്ര
വിക്കുന്നതിലേക്ക് നവീകരണക്കാരും ധാരാളം വന്നിരുന്നു. അ
ക്കൂട്ടത്തിൽ ഒരു സുവിശേഷപ്രസംഗിയും നല്ല വാഗ്മിയുമായ മ
ക്കുപ്പള്ളി ചിലപ്പോൾ മണ്ണയിക്കുളത്തും അവർകളും മട്ടുപ്പാ
യിൽ സന്നിഹിതനായിരുന്നു എന്നുള്ളതും ചുരുക്കത്തിൽ. മ

താപ്പാറ യാക്കോബായപ്പള്ളിയിൽവച്ച് ആ രാത്രി അമലോ ത്ഭവത്തെപ്പററി ഉജ്വലത്തായ ഒരു പ്രസംഗമാണ് ശെമ്മാ ശ്ലൻ നിർവഹിച്ചത്. പ്രസംഗസംക്ഷേപം അപ്പോൾതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. കത്തോലിക്കർക്ക് കണ്ണാരുന്തുടവും നവീകരണക്കാർക്ക് മമ്മദീസേകേവും യാക്കോബായ മെത്രാൻകക്ഷി കർക്ക് കണ്ണുപീയൂഷവുമായ പല സംഗതികൾ അടക്കം ചെയ്തിരുന്നതും രണ്ടുമണിക്കൂർ നീണ്ടുനിന്നതുമായ പ്രസ്തുത പ്രസംഗത്തിലെ ഏതാനും ഭാഗങ്ങളെപ്പററി മാത്രമേ തല്ക്കാലം നിരൂപണം ചെയ്യുന്നുള്ളൂ. യാക്കോബായസഭയുടെ റിക്കാർട്ടുകൾക്കും വിശ്വാസത്തിനും വിപരീതമായി നവീനോപദേശങ്ങൾ എത്രത്തോളം കടത്തിവിടാമോ അത്രത്തോളം അദ്ദേഹം സാധിച്ചിട്ടുണ്ട്. "മിശിഹായല്ലാതെ പാപംക്രൂടാതെ ആരെങ്കിലും ജനിച്ചിട്ടുണ്ടോ? കന്യകമറിയാം സാധാരണ നിലയിൽ മാത്രം ജനിച്ചു. മറിയാമ്മിന്റെ ജനനം പാപമില്ലാത്തതാണെന്നു പറയുന്നതു് ശരിയാണെങ്കിൽ അവളുടെ മാതാവും മാതാമഹിയുംമറ്റും അങ്ങിനെതന്നെ ജനിക്കേണ്ടിയിരുന്നു... മാലാഖാ സന്ദർശിക്കുന്നതുവരെ അവർക്കു മാലിന്യമുണ്ടായിരുന്നു... ഇതുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നുപറയും ഇതുമുതൽ എന്നു പറയുന്നതുകൊണ്ടു അതിനുമുമ്പു് അവർ പാപിയായിരുന്നു എന്നു സ്വയം സമ്മതിക്കുന്നില്ലെ?.....ക്രൂശുമരണത്താൽ യേശുവിന്റെ മാതാവിനും പാപപരിഹാരം ലഭിച്ചില്ലെങ്കിൽ സ്വപുത്രന്റെ മരണത്താൽ അവർക്കെന്താണു് പ്രയോജനം? പുത്രന്റെ മരണത്താൽഅവർക്കു പാപശാന്തി സിദ്ധിച്ചില്ലെന്നു പറയുന്നതു് അവർക്കു പരമസങ്കടമാണ്.....19-ാം നൂറാണ്ടുവരെ അമലോത്ഭവം എന്നൊരുപമേ കേൾക്കാനില്ലായിരുന്നു."

മേൽ ചേർത്തിട്ടുള്ളവ ശെമ്മാശ്ലന്റെ പ്രസംഗത്തിലെ ഏതാനും ഭാഗങ്ങൾ മാത്രമാണ്. ഗബ്രിയേൽ മാലാഖയുടെ വചനിപ്പു സമയംവരെകന്യകമറിയാം മാലിന്യമുള്ള വളായിരുന്നു എന്നുള്ളതും സന്ദേശം ശ്രവിച്ചുകഴിഞ്ഞയുടൻ നിർമ്മലയായിത്തീർന്നു എന്നുള്ളതും നവീനോപദേശങ്ങളല്ലേ?. അതിലേക്ക് യാക്കോബായ റിക്കാർട്ടുകൾ പരിശോധിക്കാതെ കരണീ

യന്തരമില്ല. എന്റെ യുക്തികളോ വ്യാഖ്യാനങ്ങളോ കത്തോലിക്കരിക്കാർട്ടുകളോയാക്കോബ്യക്കു സ്പീകായ്മമല്ലാത്തതിനാൽ അവയെല്ലാം തൽക്കാലം മാറ്റിവച്ചിരിക്കുന്നു.

ക്രിസ്താബ്ദം 101-ൽ ഭനഹോ എന്നഭിധാനമുള്ള ഒരു ശീ മഗ്രന്ഥകാരൻ കന്യകമറിയാമ്മിന്റെ ജീവചരിത്രം സുറിയാനി ഭാഷയിൽ എഴുതിയിരുന്നു. ഏ. ആർ. പി. പ്രസ്സിൽ നിന്നും 1928-ൽ ആയതിന്റെ മലയാളവിവർത്തനം അച്ചടിച്ചിറക്കി. ആ പുസ്തകപ്രസിദ്ധീകരണത്തിനു മലങ്കര ക്നാനായ ഇടവകയുടെ സേവേറിയോസ് മെത്രാപ്പോലീത്താ അവർകൾ 257-ാം നമ്പർ കല്പനമൂലം ത്രേഷ്യാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത ജീവചരിത്രഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ അടിയിൽ ചേർക്കുന്നു.

"ദൈവപുത്രൻ വസിച്ചു ജനിപ്പാനായിട്ടു ലോകാരാഭത്തിനു മുമ്പെ തിരഞ്ഞെടുക്കപ്പെട്ട സ്ത്രീ ഇവളാകുന്നു' പു. 124.

കന്യക മറിയാമ്മിന്റെ മാതാപിതാക്കൾക്കു വാർദ്ധക്യം വരെയും സന്താനങ്ങൾ ജനിക്കാതിരുന്നതിനാൽ പലപ്പോഴും ദേവാലയത്തിൽ പോകയും അതിനുവേണ്ടി പ്രാർത്ഥിക്കയും ചെയ്തുപതിവായിരുന്നു. ഒരിക്കൽ മാതാവു പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു മാലാഖാ പ്രത്യക്ഷപ്പെടുകയും നിനക്കു ഒരു പുത്രി ജനിക്കുമെന്നു അറിയിക്കയും ചെയ്തു. മാലാഖാ തിരോധാനം ചെയ്തശേഷം സ്വഭർത്താവിനെ വിവരം അറിയിച്ചു. ഭർത്താവു വയലിൽ നിന്നു ഭവനത്തിൽ വന്നപ്പോൾ അവൾ ഇപ്രകാരം പറഞ്ഞു. "ഇപ്പോൾ എന്റെ ദൈവം എന്നെ എത്രയും അനുഗ്രഹിച്ചിരിക്കുന്നു എന്നു ഞാൻ അറിയുന്നു. എന്തെന്നാൽ ഞാൻ മച്ചിയും മക്കളില്ലാത്തവളും ആയിരുന്നു. ഇനിയും ഞാൻ പ്രസവിക്കും" പുറം 4.

കന്യകമറിയാമ്മിന്റെ മാതാപിതാക്കളെ ശ്രുതീകരിച്ചതായും അവരുടെ പ്രാർത്ഥന നേർച്ചവ്രതം മുതലായവയുടെ ഫലമായി പുത്രിയെ ലഭിച്ചതായും ജീവചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പല ഭാഗങ്ങളും പ്രത്യോതിപ്പിക്കുന്നുണ്ട്. "മറിയാം സന്തോഷത്തിന്റെ മുന്തിരിവള്ളിയും ദൈവത്താൽ

തെരഞ്ഞെടുക്കപ്പെട്ടവളുമാകുന്നു. ഏശയ്യായുടെ ദീർഘദർശനപ്രകാരം കന്യക പുരുഷസംബന്ധംകൂടാതെ ദൈവപുത്രനെ പ്രസവിച്ചു. അവൾ മാതാവിന്റെ ഗർഭത്തിങ്കലേ വിശുദ്ധിയും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവളും ആകുന്നു" പു. 63.

കന്യകമറിയാമ്മിനെ ലോകാരംഭത്തിനു മുമ്പേ ദൈവം തിരഞ്ഞെടുത്തു എന്നും മാതാപിതാക്കന്മാരെക്കൂടി ശുദ്ധീകരിച്ചു എന്നും മാതൃഗർഭത്തിൽ വച്ചു പരിശുദ്ധാത്മാവു ശുദ്ധീകരിച്ചു എന്നുംമറ്റും ശീമക്കാരൻ ദനഹോപ്രസ്താവിച്ചിട്ടുള്ളതിനെ മാർ സേവേറിയോസ് മെത്രാപ്പോലീത്താ അവർകളും അംഗീകരിച്ചു ദശവർഷം കഴിയുന്നതിനു മുൻപ് മാതാപ്പാറ യാക്കോബായപള്ളിയുടെ മദ്ധ്യേനിന്നുകൊണ്ടു ശെമ്മാശ്ശൻ അവർകളും മറിയാമ്മിന്റെ 12-ാം വയസ്സ് വരെ അവൾ പാപിയായിരുന്നു എന്നു പ്രസംഗിക്കാനിടയായതല്ലേ വിസ്മയം! മെത്രാപ്പോലീത്തായുടെ ശ്രേഷ്ഠാനുമതിയുള്ള ഗ്രന്ഥത്തിൽ പറയുന്നതോ ശെമ്മാശ്ശന്റെ പ്രസംഗമോ ഏതാണ്ട് യാക്കോബായ സഭാംഗങ്ങൾ വിശ്വസിക്കേണ്ടതു്? മെത്രാപ്പോലീത്താ അവർകൾ ഇക്കാര്യത്തിൽ തെറ്റിപ്പോയതായി പറയാമോ? ഏതെങ്കിലും ഒരഭിപ്രായം അബദ്ധമാണെന്നു നിശ്ചയമാകയാൽ സുബദ്ധമേതാണെന്നു വായനക്കാർ തന്നെ വിധിപ്പിൻ!.

പരേതനായ മലങ്കരമല്പാൻ കോനാട്ട് മാത്തൻകത്തനാർ അവർകളും കന്യകമറിയാമ്മിന്റെ ജീവചരിത്രം അച്ചടിപ്പിച്ചിട്ടുണ്ട്. ഇങ്ങനെ യാക്കോബ്യർക്ക് രണ്ടു ഗ്രന്ഥങ്ങളും ഈ വിഷയം പ്രതിപാദിക്കുന്നവയായിട്ടുണ്ട്. രണ്ടുപുസ്തകങ്ങളും സുറിയാനിയിൽ തർജ്ജിമ ചെയ്തതാണ്. അതുകൊണ്ട് ജീവചരിത്രത്തിൽ പ്രസ്താവിച്ചിട്ടുള്ളപ്രകാരം മല്പാനച്ചന്റെ കൃതിയിലും കാണുന്നുണ്ട്. സാക്ഷാൽ യാക്കോബായസഭയുടെ പ്രധാന മല്പാനും സുറിയാനിഭാഷാചരിത്രനിപുണനുമായ കോനാട്ടച്ചനും, മാർ സേവേറിയോസ് മെത്രാപ്പോലീത്താ അവർകളും ഈ രണ്ടു വസ്തുതകളെയും കൂടാതെ വിശ്വസിച്ച് അംഗീകരിക്കുന്ന യാക്കോബ്യരും ശെമ്മാശ്ശന്റെ അബദ്ധോപദേശത്തെ ശക്തിപൂർവ്വം എതിർക്കുമെന്ന് ചൂണ്ടുനിശ്ചയമുണ്ട്. ശെമ്മാശ്ശനെ അനുകൂ

ക്കുന്നവരായി ഒരു ചെറിയ കൂട്ടമെങ്കിലും ശേഷിക്കുന്നതു് പരിതാപകരംതന്നെ.

മിശിഹായുടെ മാതാവിനെ മാത്രമല്ല മാതാമഹിയെക്കൂടി ശ്ലൈഹീകരിച്ചതായി ജീവചരിത്രഗ്രന്ഥങ്ങളിലും മറ്റും രേഖപ്പെടുത്തിയിരിക്കുന്നതു നല്ലവണ്ണം ഗ്രഹിച്ചിട്ടുള്ള സ്ഥിതിക്കു് മാലാഖായുടെ വചനിപ്പുകാലംവരെ കന്യകമറിയാം ചിശാചിന്റെ അടിമയിൽ ജീവിച്ചിരുന്ന — മാലിന്യമുള്ളവളായിരുന്ന — എന്ന പ്രസംഗിക്കത്തക്കവണ്ണം ശെമ്മാശ്ശനെ ധൈര്യപ്പെടുത്തിയതു് ബഥനിയുടെ പുതിയ പ്രസ്ഥാനം — പുനരൈക്യം — അല്ലാതെ മറെറന്തുശക്തിയാണു്? ദൈവത്തിന്റെ സന്ദേശവാഹകനായ യറമിയാദീർഘദർശിയെ മാതൃഗർഭത്തിൽ വച്ചുതന്നെ ശ്ലൈഹീകരിച്ചവനും മിശിഹായുടെ മുന്നോടിയായ യോഹന്നാന്റെ മാതാവിന്റെ ഉദരത്തിൽവച്ചു നിർമ്മലീകരിച്ചവനുമായ സർവ്വശക്തൻ മനുഷ്യാവതാര ശരീരമെടുക്കുന്നതിനും പത്തുമാസത്തോളം ഉദരത്തിൽ വസിക്കുന്നതിനും തിരഞ്ഞെടുത്ത ദൈവമാതാവായ മറിയാം ഉദ്ദേശം പതിനഞ്ചു വയസ്സുവരെ സാത്താന്റെ അടിമയിൽ ജീവിച്ചിരുന്നു എന്നു പറയുന്നതു് യുക്തിക്കും ന്യായത്തിനും ചേരുന്നതല്ല. ഓശാനഞായറിനെ അത്യാഘോഷമായ എഴുന്നള്ളത്തിനായി അതേവരെ അണുവും കയറീട്ടില്ലാത്ത കഴുതയെ വേർതിരിച്ചവനും കുരിശുമരണാനന്തരം തന്റെ ശരീരം സംസ്കരിപ്പാനായി യാതൊരുത്തനേയും വച്ചിട്ടില്ലാത്ത പുതിയ കല്ലറയെ മുൻകൂട്ടി കരുതിയവനുമായ മിശിഹായുടെ അവതാരത്തിനു മുൻപുള്ള അധിവാസത്തിനു പാത്രമായ മാതാവിനെ അമലോത്ഭവയല്ലെന്നു പ്രഘോഷിപ്പാൻ സാക്ഷാൽ യാക്കോബ്യൻ ബദ്ധപ്പെട്ടുന്നതല്ലേ അത്ഭുതം!!!

ദിവ്യശ്രീ പനയ്ക്കൽ യാക്കോബു് കത്തനാർ 1081-ൽ അച്ചടിപ്പിച്ചിട്ടുള്ളതായ "ക്രിസ്തീയ കീർത്തനങ്ങൾ" എന്ന കൃതിയിൽനിന്നും രണ്ടുവരി താഴെച്ചേർക്കുന്നു.

"നിർമ്മലകന്യകതന്റെ പുത്രനാകുന്നോവേ
പൊന്മണിസ്വാമിയേ നിന്നെ സ്തോത്രംചെയ്യുന്നു."

മലങ്കര മല്പാന്റെ അധിപത്യത്തിൽ നടത്തിയിരുന്ന 1909-ലെ ജീവനിക്ഷേപം മാസികയിൽ ഇപ്രകാരം കാണുന്നു. "ദൈവം മനുഷ്യാവതാരം ചെയ്തപ്പോൾ ഒരു വെടിപ്പുള്ള കന്യകയിൽനിന്നു പരിശുദ്ധാത്മാവിനാൽ ആണ് ഗർഭം ഉല്പാദിപ്പിക്കപ്പെട്ടതു" പുറം 49. ദൈവമാതാവിനെ "ദ്ലോമൂമ്മോ" എന്നു സുറിയാനിയിൽ വിളിച്ചിട്ടുണ്ട്. ദ്ലോമൂമ്മോ എന്ന സുറിയാനിപദത്തിന്റെ അർത്ഥം കറയില്ലാത്ത എന്നാണ്. മുൻപറഞ്ഞ ജീവനിക്ഷേപം മാസികയിൽ പല ഭാഗങ്ങളിലും ജന്മപാപത്തിനു "കറ" എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. "നാം സാധാരണയായിട്ടു ജന്മപാപത്തെ ഒരു കറയായി വിചാരിക്കുന്നു." പുറം 49.

ആ മാസികയിൽതന്നെ വേറൊരു ഭാഗത്തിപ്രകാരം കാണുന്നു. "മാമ്മോദീസായിൽ ആദ്യാംമൂലമുള്ള കടച്ചീട്ടിനെ മായിക്കുകയും പാപക്കറകളെ കഴുകിക്കളകയും ചെയ്യുന്നു". പുറം 82. ശിശുസ്നാനത്തിങ്കൽ ജന്മപാപമല്ലാതെ കർമ്മപാപമില്ലാത്തതിനാൽ അപ്പോൾ കഴുകിക്കളയപ്പെടുന്ന പാപക്കറ ജന്മപാപംതന്നെയാകുന്നു. ദൈവമാതാവിനെപ്പറ്റി "കറയില്ലാത്തവൾ" എന്നു പറയുന്നതിനു ജീവനിക്ഷേപം മാസികാധിപരും സുറിയാനിഭാഷാഭിജ്ഞനുമായ മല്പാനച്ചൻ കൊടുത്ത അർത്ഥം എന്താണെന്ന് മേൽപ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ ഈയിടെ പുറപ്പെട്ട ബഥനി മാസികയുടെ 13-ാം പുറത്തു് ദ്ലോമൂമ്മോയിക്കു സുറിയാനി നിഘണ്ടുക്കളിൽ ഈ അർത്ഥം കാണുന്നില്ലെന്നു പറഞ്ഞിരിക്കുന്നു. ബഥനിയുടെ പുനരൈക്യമാകുന്ന മറയാണിവരെ അന്ധന്മാരാക്കിയിരിക്കുന്നതു്.

നാം റോമാസഭക്കാരാകുണമൊ? എന്ന പേരോടുകൂടിസുറിയാനിസഭയുടെ കാലോചിത ലഘുലേഖയുടെ ഒന്നാംനമ്പരായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ഡാക്ടർ സി. റ്റി. ഈപ്പൻ എം. എ നിർമ്മിച്ചതായി പറയപ്പെടുന്നതുമായ ഒരു പുസ്തകത്തിൽ ഇപ്രകാരം കാണുന്നു. "ഏകദേശം മദ്ധ്യന്തരറാണ്ടായപ്പോൾ, അവൾ അവളുടെ ജനനസമയത്തു ജന്മപാപങ്ങളോ കർമ്മപാപങ്ങളോ ഇല്ലാത്തവളായിരുന്നു എന്നു് സഭ പൊതുവേ

വിശ്വസിച്ചു. ശ്ലൈഹ ആൻസ്ലം മാത്രം അവർ ഉല്പാദിക്കപ്പെട്ടപ്പോഴും ജനിച്ചപ്പോഴും അവർക്ക് ജന്മപാപമുണ്ടായിരുന്നു എന്ന് ഉപദേശിച്ചു" പുറം. 31.

ഇതുയും എഴുതികഴിഞ്ഞപ്പോൾ മാക്കാങ്കുന്ന് കൺവൻഷ്യനിൽ സംബന്ധിച്ച ഒരു മാന്യസ്നേഹിതൻ വന്നുചേർന്നു. കൺവൻഷ്യൻ പ്രസംഗകന്മാരിൽ ഒരാൾ ഫാദർ അലക്സിയോസായിരുന്നു.

അദ്ദേഹത്തിന്റെ പ്രസംഗത്തിൽ "ദ് ലോമുമ്മോ" എന്ന പദത്തിന് "സ്ത്രീത്വം പ്രാപിക്കാത്തവൾ" എന്നാണർത്ഥവിവക്ഷ ചെയ്തിരുന്നതു്. അതിലേക്ക് അദ്ദേഹം ചൂണ്ടിക്കാണിച്ച ആധാരം സുറിയാനി നിഘണ്ടുക്കളാണ്. നൂതന ബഥനിമാസികയിൽ പല അർത്ഥങ്ങളും ഈ പദത്തിന് കൊടുത്തകൂട്ടത്തിൽ മേൽ ചേർത്ത അർത്ഥം വിട്ടുപോയിരിക്കാം. പ്രസംഗംകേട്ട ഒരു സ്നേഹിതനിൽ നിന്നാണു ഇതറിഞ്ഞതു്. ശ്രോതാവു് വിശ്വസ്തനായ ഒരു യാക്കോബ്യനുമാണ്. കാനായിലെ കല്യാണദിനത്തിൽ യേശുക്രിസ്തു മാതാവിനെപ്പറ്റി "സ്ത്രീയേ എനിക്കും നിനക്കും എന്തു്" എന്നു പറയാനിടയായതു സുറിയാനി നിഘണ്ടു വായിക്കാതെയിരുന്നതിനാൽ പറ്റിയ പ്രമാദമായിരിക്കുമോ? ഫാദർ അലക്സിയോസു യേശുക്രിസ്തു എന്നിവരിൽ സുറിയാനി പാണ്ഡിത്യത്തിൽ പ്രാഥമ്യം ആർക്കാണെന്നു അറിവുള്ളവർ വിധിക്കട്ടെ. സുറിയാനി ഭാഷാപണ്ഡിതരായി ഫാദർ അലക്സിയോസു അവർകളെ സഭ്വകലാശാലക്കാർ നിയമിക്കാഞ്ഞതു ഭാഗ്യമോ നിർഭാഗ്യമോ എന്നു ആരറിഞ്ഞു? സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തലയെ ചതയ്ക്കുമെന്നും; സ്ത്രീക്കും സർപ്പത്തിനും ശത്രുതവുണ്ടാക്കുമെന്നും ആദ്യ പുസ്തകത്തിൽ പറയുന്ന "സ്ത്രീ" ആരു! സ്ത്രീത്വം പ്രാപിച്ചവളോ പ്രാപിക്കാത്തവളോ? സുറിയാനി ഭാഷാഭിജ്ഞന്മാർ പ്രസ്തുത പദത്തിന്റെ വിവിധ അർത്ഥങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നതു് എല്ലാംകൊണ്ടും പ്രയോജനകരമായിരിക്കും.

അമലോത്ഭവത്തെപ്പറ്റിയുള്ള ദിവ്യശ്രീ. സി. എം. തോമസ്സ് ശെമ്മാശന്റെ ഒരു ദൃഷണപ്രസ്താവനക്രുടെ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. "റോമാസഭയിൽ പണം ഉണ്ടാക്കാൻ പാപ്പായിക്ക് ഒരു നൂതനസൂത്രം തോന്നി. ദൈവമാതാവിന്റെ ബിംബം ഉണ്ടാക്കിവച്ചാൽ പണം കിട്ടുമെന്ന് ഉറച്ച് കല്ല്, മണ്ണ്, മരം, ലോഹം മുതലായവയിൽ ഏതെങ്കിലും ഉപയോഗിച്ച മാതാവിന്റെ പ്രതിമ നിർമ്മിച്ച് യൂറോപ്പിന്റെ നാനാഭാഗങ്ങളിൽ സ്ഥാപിച്ചു. പല രൂപങ്ങളുടേയും തലയിൽ പക്ഷികൾ വന്നിരുന്ന കാഷ്ഠിച്ചും തുടങ്ങി. ആ പ്രതിമയുടെ മുൻപിൽ ക്രൂടി കടന്നുപോകുന്നവർ അതിന്റെ ഭണ്ഡാരക്കുറ്റിയിൽ വഴിപാടിട്ടാൽ പത്തും പന്ത്രണ്ടും കൊല്ലത്തെ മോചനം കിട്ടുമെന്നുപദേശിച്ചു. ഭണ്ഡാരക്കുറ്റി നിറച്ച് പണം കിട്ടാൻ മാതാവിനെ മണ്ണും കല്ലുമാക്കണം! അവളെ ഭദ്രകാളിയാക്കി പണം സമ്പാദിച്ചുവന്നു. ഇവയെല്ലാം വഞ്ചനയും ചതിവുമാണ്. പീയൂസ് ഒൻപതാമൻ നിർമ്മിച്ച ഈ വഞ്ചന അനുകരിക്കാത്തവർക്ക് മഹറോൻ ഉണ്ട്. മോക്ഷം പാപ്പായുടെ പോക്കറ്റിൽ കിടക്കുന്നു!! പ്രതിമയുടെ മുൻപിൽ ഭണ്ഡാരക്കുറ്റി വച്ചില്ലെങ്കിൽ മാനുഷസ്ത്രീ; വച്ചിരുന്നാൽ ദേവി ആകും."

1. കത്തോലിക്കാസഭയുടെമേൽ ചെയ്യുന്ന ഈ ദോഷാരോപണങ്ങളിൽ പ്രധാനപ്പെട്ട രണ്ടു സംഗതികൾ താഴെപ്പറയുന്നതാണ്. ദൈവമാതാവിന്റെ പ്രതിമ ഉണ്ടാക്കുകയും അതിന്റെ മുൻപിൽ ഭണ്ഡാരക്കുറ്റി വയ്ക്കുകയും ചെയ്യുന്നതു് മഹാപാപവും വഞ്ചനയുമാണെന്നുള്ളതുതന്നെ. വിശുദ്ധ പ്രതിമകൾക്കു ചെയ്യുന്ന വണക്കവും ദോഷമാണ്. യാക്കോബായസഭയിൽ വിശുദ്ധ പ്രതിമകൾക്കുള്ള സ്ഥാനമെന്താണെന്ന് അന്വേഷിക്കുന്നതു് സന്ദർഭോചിതമാണല്ലൊ. ആ സഭയുടെ ആവിർഭാവം, ആസ്ഥാനം മുതലായവകൊണ്ടു് പ്രകീർത്തിതമായ ശീമയിൽ നിന്നും കിട്ടുന്ന തെളിവിനു മാറ്റു കൂടുമല്ലൊ. പരേതനായ മലങ്കര മല്പാൻ കോനാട്ട മാത്തൻ കത്തനാർ അവകളുടെ ആധിപത്യത്തിൽ നടത്തിവന്ന 'ജീവനിക്ഷേപം' മാ

സികയുടെ 1909-ലെ ഒരു ലക്കത്തിൽ 66-ാം പുറത്തു ഇപ്രകാരം കാണുന്നു.

(മൂശേബർകീപ്പാ പുസ്തകത്തിൽ നിന്ന്)

മൂശേബർകീപ്പാ.

ഇദ്ദേഹം മാർസേവേറിയോസ് എന്ന സ്ഥാനപ്പേരിൽ ഒരു മെത്രാപ്പോലീത്തായും ഒരു പ്രധാന വ്യാഖ്യാനക്കാരനും ആയിരുന്നു. ക്രിസ്താബ്ദം 831-ൽ ജനിക്കയും 903-ൽ മരിക്കയുംചെയ്തു. ഇദ്ദേഹത്തിന്റെ പിതാവു് ക്രൂഹിൽപട്ടണക്കാരനും മാതാവു് ബലാദ്പട്ടണക്കാരിയും പിതാവിന്റെ പേരു് ശെമഓൻകീപ്പാ എന്നും മാതാവിന്റെ പേരു് മറിയം എന്നും ആയിരുന്നു. പിതാവിന്റെ പേരിൻപ്രകാരം കീപ്പായുടെ പുത്രൻ മൂശ എന്നർത്ഥമുള്ള മൂശേബർകീപ്പാ എന്ന പേർവിളിക്കപ്പെട്ടതാണു്. ഇദ്ദേഹത്തിനു ഏകദേശം പത്തുമാസം പ്രായമുള്ളപ്പോൾ മാതാവു് മരിച്ചുപോകയാൽ പിതാവായ ശെമഓൻകീപ്പാ തന്നെ ബലാദുപട്ടണത്തിലുള്ള ദൈവമാതാവിന്റെ പള്ളിയിൽ കൊണ്ടുപോയി ആക്കി. ആ പള്ളിയിൽ ആദാമൂസ്സ് എന്ന കല്ലുകൊണ്ടു് ഉണ്ടാക്കപ്പെട്ടതായ ദൈവമാതാവിന്റെ ഒരു രൂപം ഉണ്ടായിരുന്നു. ഈ കുട്ടി ആ രൂപത്തിന്റെ അടുക്കൽ ഇഴഞ്ഞു നീന്തിച്ചെന്നു് അതിൽനിന്നു മുലകുടിക്കയും പാൽ കിട്ടുകയും ചെയ്തു. അവിടെ ദൈവനോട്ടത്തിൻകീഴ് കുട്ടി വളർന്നുവന്നു.

ശീമദേശത്തുള്ള യാക്കോബ്യർ വി. മാതാവിന്റെ നാമത്തിൽ പള്ളികൾ സ്ഥാപിക്കയും മാതാവിന്റെ പ്രതിമദേവാലയങ്ങളിൽ സ്ഥാപിക്കയും ചെയ്തിരുന്നു. എന്നുള്ളതിലേക്കു ഇതിൽ കൂടുതൽ തെളിവിനാവശ്യമുണ്ടോ?

2. മലങ്കര യാക്കോബ്യരുടെ ഒരു ശ്രേഷ്ഠ ദേവാലയമായ നിരണത്തുപള്ളിയിൽ ദൈവമാതാവിന്റെ ഒരു പ്രതിമ ഉ

ണ്ട്. അടുത്ത കാലംവരെ പള്ളിസ്റ്റേിയായിരുന്ന ദേഹം കത്തോലിക്കസഭയോട് പുനരൈക്യപ്പെട്ട. പുതിയ സ്റ്റേിയോടോ ബ. വികാരിയോടോ ആവശ്യപ്പെട്ടാൽ ആ പ്രതിമ കാണിച്ചേക്കും. കനകനിർമ്മിതമായ മാതൃഹസ്തത്താൽ ഉണ്ണിമിശിഹായെ മാറോടണച്ചു പിടിച്ചിരിക്കുന്നതു് കാണികളെ ഹഠാലാകർഷിക്കുന്നതത്രേ. ഉണ്ണിമിശിഹായുടെ കരതലത്തിൽ ഒരു ഗോളം ഉണ്ടുപോൽ. ഈ രണ്ടു പ്രതിമകൾ ഉണ്ടാക്കാൻ ആരെയുവദിച്ചു? ഉണ്ടാക്കിയതെന്തിന്? പ്രതിമകാണാൻ ചെല്ലുന്ന കത്തോലിക്കരെ കാണിക്കാത്തതും എന്തു്? പള്ളിയിൽ പ്രതിമവച്ചാദരിക്കുന്നതു പുണ്യമാണോ? പരുമലപ്പെരുനാൾ ദിവസമായ തുലാം 17-ാം തീയതിക്കു ഒരു വാരം മുൻപു മുതൽ നിരണത്തുപള്ളി മദ്ധ്യത്തിൽ മാതാവിന്റെ പ്രതിമ വയ്ക്കുയും മുൻപിൽ ഒരു ഭണ്ഡാരക്കാരി സ്ഥാപിക്കയും ചെയ്യുപതിവാണ്. പട്ടത്തുവാലകളാൽ പ്രതിമ അലങ്കരിച്ചിരിക്കും. പണം ഇട്ടുന്നവർ പ്രതിമയിലുള്ള പട്ടത്തുവാല പിടിച്ചു ചുംബിക്കയും മറും ചെയ്യുസാധാരണമത്രെ. ശീമയിൽ കല്ലുകൊണ്ടും മലങ്കരയിൽ സ്വർണ്ണംകൊണ്ടും മാതാവിന്റെ പ്രതിമകൾ ഉണ്ടാക്കി ദേവാലയത്തിൽ വച്ചിട്ടുണ്ടെന്നുള്ള സംഗതി ശെമ്മാശ്ശൻ വിസ്മരിച്ചുപോയതാണോ?

3. സുപ്രസിദ്ധമായ പരുമലപ്പള്ളിയിൽ വല്ലപ്രതിമകളും ഉണ്ടായിരുന്നോ? തൊണോസിൽ ക്രൂശിക്കപ്പെട്ട മിശിഹായുടെ ഒരു പ്രതിമ മുൻപുണ്ടായിരുന്നു. ഇപ്പോഴും അതവിടെ ഉണ്ടോ എന്നു നിശ്ചയമില്ല. ആ പള്ളിയുടെ മദ്ബഹായിൽ വിചിത്രങ്ങളായ പലരുടെ രൂപങ്ങളും കാണ്മാനുണ്ടു. പള്ളിയുടെ വടക്കുവശത്തുള്ള കബറുകൾ കാണുന്ന ചിത്രം സജീവമാണന്നോ പ്രഥമവീക്ഷണത്തിനു തോന്നുകയുള്ളൂ. കൊച്ചുതിരുമേനിയുടെ പ്രസ്തുത ചിത്രത്തിനു മുൻപിൽ വച്ചിരിക്കുന്ന ഭണ്ഡാരക്കാരിയിൽ പണം ഇട്ടുകയും ആശീർവ്വാദം ലഭിക്കുകയും ചെയ്തിട്ടുള്ളവരുടെ കൂട്ടത്തിൽ ശെമ്മാശ്ശൻ ഉൾപ്പെടാതെ വരുമോ?

പരുമലമല്പാൻ തോമസുകത്തനാരവർകൾ എഴുതി അ
ച്ചടിപ്പിച്ചിട്ടുള്ള "പരുമലപ്പെരുനാൾ" എന്ന പുസ്തകത്തിൽ
നിന്നും ഒരു പാട്ടും താഴെച്ചേർക്കുന്നു. 5-ാം പാട്ടു.

"നേർച്ചയായിഹകാഴ്ചുംപണങ്ങളും
വാച്ചുകേയ്യാപവനും പൊൻരാശിയും
കാച്ചിമുക്കിയ സ്വർണ്ണപ്രതിമയും
കാഴ്ചവയ്ക്കുന്ന വെള്ളിരൂപങ്ങളും"

4. നെടുമ്പ്രം സൂറിയാനിപ്പള്ളിയിൽ മാർ ഗീവറുഗീസു
സഹദായുടെ ഒരു വലിയ ഛായാപടം സാഘോഷം അനാഛാ
ദനം ചെയ്തിരിക്കുന്നു. ഇതുസംബന്ധിച്ചു ഡോക്ടർ പെണ്ടർ
ഗീവറുഗീസു കത്തനാരുടെ അദ്ധ്യക്ഷതയിൽ ഒരു യോഗവും ഉ
ണ്ടായിരുന്നു."

106 ധനു 28-ാം തീയതിയിലെ മലയാളമനോരമ.)

5. ഇപ്പോഴത്തെ മാർ ബസേലിയേസ്സ് കാതോലിക്കാ
അവർകളുടെ സ്ഥാനാരോഹണാവശ്യത്തിലേയ്ക്കു മാർ ഏലിയാ
ചാപ്പലിന്റെ മുൻപിൽ സജ്ജീകരിച്ചിരുന്ന മണ്ഡപത്തിലുള്ള
ഒരു തോരണസ്തംഭത്തിന്മേൽ രണ്ടു ഛെറുബികളുടെ വിചിത്രരൂപങ്ങൾ
പ്രതിഷ്ഠിച്ചിരുന്നതിന്റെ ആവശ്യമെന്തു്?

6. ആലപ്പുഴ യാക്കോബായപള്ളിയിൽ ദൈവമാതാവി
ന്റെ ഒരു പ്രതിമ സ്ഥാപിച്ചിരുന്നതു് ഒരാൾ അപഹരിച്ചതി
യും അതേപ്പറ്റി വ്യവഹാരം നടന്നതായും സ്ഥലവാസികൾ
പറഞ്ഞുവരുന്നു.

7. മണർകാട്ട പള്ളിയിലും തുമ്പമൺപള്ളിയിലും ദൈ
വമാതാവിന്റെ പ്രതിമയും പത്തുപ്പള്ളിപള്ളിയിലും പത്തൻ
കാവുപള്ളിയിലും ഗീവറുഗീസു് പുണ്യവാളന്റെയും കതിരയ
ടേയും പ്രതിമകളും ഉണ്ടായിരുന്നതായി ദൃക്സാക്ഷികൾ പറ
യുന്നു. അവിടത്തെ പെരുനാളുകൾക്കു് ആ പ്രതിമകളെ ഉ

പയോഗിച്ചിരുന്നതായും ചിലവയുടെ ശ്രുന്യശിഷ്ടങ്ങൾ അദ്യാപികാണ്മാനുള്ളതായും പറയപ്പെട്ടുന്നു. കോഴഞ്ചേരി നവീകരണപ്പള്ളി യാക്കോബ്യരുടെ കൈവശമിരുന്ന കാലത്തുപയോഗത്തിലിരുന്ന രൂപങ്ങളും രൂപക്രൂട്ടുകളും അതിന്റെ മേൽപൂട്ടിൽ കിടപ്പുണ്ട്.

8. ചന്ദനപ്പള്ളി യാക്കോബായ പള്ളിയിലും പന്തളം അത്തിയാക്കോബായ പള്ളിയിലും ഓരോ കുതിരയുടെ പ്രതിമ സൂക്ഷിച്ചിട്ടുണ്ട്. ക്രൂടാതെ കുരങ്ങ്, കടുവാ, പ്രാവ്, മാലാഖാ, മത്തങ്ങാ, ആന മുതലായവയുടെ ചിത്രങ്ങളും പള്ളികളിൽ ഒട്ടും കുറവല്ല.

9. യാക്കോബായ സഭാദ്ധ്യക്ഷന്മാർ ഉപയോഗിക്കുന്ന കർബാനക്കുപ്പായങ്ങളിലും തലമൂടിയിലും റൂഹായുടെ ലക്ഷ്യമായ പ്രാവിന്റെ പ്രതിമ സപ്പൻതുക്കളാൽ തച്ചുണ്ടാക്കിയിരിക്കുന്നത് മനോമോഹനംതന്നെയാണ്. അവർ ഉപയോഗിക്കുന്ന വടിയുടെ മുകളിലെ അഗ്രത്തു നാഗപ്പത്തി ഘടിപ്പിച്ചിരിക്കുന്നതും ലക്ഷോപിലക്ഷം കത്തോലിക്കു ചിത്രങ്ങളാൽ യാക്കോബായ ദേവാലയങ്ങളും ആലയങ്ങളും അലങ്കരിച്ചിരിക്കുന്നതും കണ്ടിട്ടുള്ളവർ കത്തോലിക്കുസഭയെപ്പറ്റി ഇക്കാര്യത്തിൽ അപവാദം ചെയ്യുന്നതു സാഹസമല്ലേ?

10. സഭയിൽ സന്ധിയുണ്ടായിരിക്കുന്ന വിവരത്തിൻ കിട്ടിയ കമ്പിപിടിച്ചുകൊണ്ട് കായംകുളം പള്ളിക്കാർ മാർഡയനീഷ്യസിന്റെയും പാത്രിയക്കീസിന്റെയും ചിത്രങ്ങൾ ആനപ്പുറത്തുവച്ച് ആഘോഷമായി എഴുന്നള്ളിച്ചതിൽ പ്രദർശിപ്പിച്ച മനസ്ഥിതി എന്ത്?. ദൈവമാതാവിന്റെ ചിത്രത്താൽ കമനീയമായിരിക്കുന്ന "കന്യകമാതാവിന്റെ ജീവചരിത്ര" പുസ്തവും മിശിഹായുടെ ക്രൂശിതരൂപത്താൽ ആകർഷണീയമായ മുഖചിത്രത്തോട്ടുകൂടിയ പഴയ 'ബഥനിമാസിക'യും സൈരസഞ്ചാരം ചെയ്യുപ്പോൾ പ്രതിമാഭംഗകാരികൾ നിദ്രാധീനരായിരുന്നുവോ?. പീഡാനുഭവാഴ്ചയിലെ സ്ലീബാ

വന്ദനയുടെ അവസരത്തിൽ "ഞങ്ങളുടെ ആത്മത്തിനു അതിനാലെ രക്ഷയുണ്ടായി എന്ന സ്ലീബായെ ഞങ്ങൾ വന്ദിക്കുന്നു-കുമ്പിടുന്നു" എന്നു് പ്രാർത്ഥിക്കാത്ത യാക്കോബ്യർ ഉണ്ടായിരിക്കുമെന്നു വിചാരിച്ചുകൂടാ. പ്രസ്തുതപ്രാർത്ഥനയോടുകൂടി കുന്തുരുക്കത്തിന്റെ സുഗന്ധധൂമപടലങ്ങളുടെ മദ്ധ്യേയുള്ള മരക്കുരിശിനെ കുമ്പിടുന്ന പതിവു് എത്രയും പുരാതനവുമാണു്. "മീതെസപർശത്തിൽ എങ്കിലും താഴെഭ്രമിയിലെങ്കിയും ഭ്രമിക്കു കീഴെവെള്ളത്തിലുള്ള വസ്തുക്കളുടെ പ്രതിമയെ എങ്കിലും ഉണ്ടാക്കരുതെന്നു" കർശനമായ കല്പനയുള്ളപ്പോൾ യാക്കോബ്യരുടെ പ്രവൃത്തിയെ എങ്ങിനെ സാധൂകരിക്കാം?. പരുമലെ മാർഗ്രീഗോരിയൂസു് മൊത്രാപ്പോലീത്തായെപ്പോലെ മലങ്കര യാക്കോബായ സഭയിൽ അനേകം 'വിശുദ്ധന്മാർ' ഉണ്ടായിരുന്നെങ്കിൽ രൂപങ്ങളും രൂപക്കൂടുകളും ഭണ്ഡാരക്കുറികളുംകൊണ്ടു് ദേശമെല്ലാം നിറയുമായിരുന്നു എന്നു വിചാരിക്കുന്നതിൽ വല്ല അപാകവുമുണ്ടോ?.

11. മാർ ദീവന്നാസ്യോസു് മെത്രാപ്പോലീത്താ അവർകൾ ഉപയോഗിക്കുന്ന വൃത്താകൃതിയിലുള്ള മുദ്രയിൽ നാലു പ്രാവിന്റെ ചിത്രങ്ങളും അവയുടെ നടുവിൽ ഒരു സ്ലീബായും കൊത്തപ്പെട്ടിരിക്കുന്നതു് പ്രത്യേകം വക്തവ്യമത്രെ.

ശീമയിൽ നിന്നും കേരളത്തിൽ നിന്നും അനേക ദൃഷ്ടാന്തങ്ങൾ ലഭിക്കുന്നതിനു ഇനിയും സാധിക്കുമെന്നുള്ളതിൽ പക്ഷാന്തരമുണ്ടാവുകയില്ലെന്നു വിശ്വസിക്കയും സത്യാന്വേഷികളുടെ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുന്നതിലേക്കിതുകയും മതിയാകുമെന്നു കരുതുകയും ചെയ്യുന്നു.

തിരുവല്ലായിൽ നിന്നും പുറപ്പെടുന്ന 'നവഭാരതിയുടെ' പത്രലേഖകന്മാർ നസ്രാണിദീപികയിൽ ചേർക്കുന്ന ചില ലേഖനങ്ങളെപ്പറ്റി വിമർശനം ചെയ്യുവരുന്നതിനാൽ അവരുടെ ശ്രദ്ധയെ ഈ ലേഖനപരമ്പരയിലേക്കു് സാദരം ക്ഷണിച്ചുകൊള്ളുന്നു. അതിലേക്കു ആരുടേയും ദയാദാക്ഷിണ്യം പതിയാത്ത

ക്ഷം യാക്കോബ്യരിൽ ആരെങ്കിലുമോ ഭിവൃശ്രീ സി. എം. തോമസ് ശെമ്മാശ്ശൻ അവർകൾതന്നെയോ താഴ്ക്കാണ്ണന്ന ചോദ്യങ്ങൾക്ക മറുപടി ഏതെങ്കിലും പത്രപ്പാരാ പ്രസിദ്ധപ്പെടുത്തിക്കാണ്മാൻ ആഗ്രഹിക്കുന്നു.

എ. യാക്കോബ്യരുടെ ഭവനങ്ങളിലും ദേവാലയങ്ങളിലും ചിത്രങ്ങളും പ്രതിമകളും വയ്ക്കുന്നുണ്ടോ?.

ബി. ചിത്രങ്ങളും പ്രതിമകളും നിർമ്മിക്കുന്നതിനേയോ അവയെ ബഹുമാനിക്കുന്നതിനേയോ യാക്കോബായ സഭ എന്നെങ്കിലും വിരോധിച്ചിട്ടുണ്ടോ?

സി. ചിത്രങ്ങൾ പ്രതിമകൾ എന്നിവയുടെ കാര്യത്തിൽ യാക്കോബായ സഭ ആരംഭം മുതൽ ആചരിച്ചും അനുവദിച്ചും വരുന്നതിൽ കൂടുതലായി കത്തോലിക്ക സഭ എന്തു പഠിപ്പിക്കുന്നു?.

ഡി. സത്യമനസ്സാക്ഷിയുള്ള ഒരു യാക്കോബ്യൻ, കത്തോലിക്കരുടെ പേരിൽ വിഗ്രാരാധനക്കുറ്റം ആരോപിക്കുന്നതിന് ഉദ്യമിക്കുമോ?.

